# പോര്

പോയോർക്കും വന്നോർക്കും നിന്നോർക്കും വേണ്ടി
വീഴാതിരിക്കാൻ വേണ്ടി



**ടി കെ എം കോളേജ് ഓഫ് ആർട്സ് & സയൻസ്**
**കലാലയ യൂണിയൻ മാഗസിൻ 2022**



വർഷങ്ങളെ,
ഒന്ന് മാറി നിൽക്കൂ...
ഓർമ്മകളുടെ അസ്ഥിമാടം
ഒന്ന് കണ്ടുകൊള്ളട്ടെ !

-എം ടി




College Union Magazine 2020-21

**T K M College Of Arts & Science**

*Place Of Publication* : *Karicode*
*Period Of Publication* : *Annual*
*Staff Editor* : *prof: Niyas S M*
*Student Editor* : *Nadiya Nazar*
*Editoriyal Board* : *Dr. Boby T Edwin (Staff Advisor)*
: *Dr. Shafana Shafi, Dr. E Najeem,*
: *Aneesha S E, Muahammed Iqbal, Adarsh Dilshith K Ratheesh, Vishnunarayan B, Ashiq*

*Name Of Press* : *Sunil Printers*
*Cover, Layout Design* : *Ahammed U*



"As crimes pile up, they become invisible."

-Bertolt Brecht



വരാനുള്ള യുദ്ധം ആദ്യത്തേതല്ല.
അതിനു മുമ്പ് വേറെയും
യുദ്ധങ്ങളുണ്ടായിരുന്നു.
അവസാനത്തേതിനവസാനമായപ്പോൾ
തോറ്റവരും തോൽപിച്ചവരുമുണ്ടായി.
തോറ്റവർക്കിടയിൽ സാധാരണക്കാർ
പട്ടിണി കിടന്നു.
തോൽപിച്ചവർക്കിടയിലും
സാധാരണക്കാർ പട്ടിണി കിടന്നു.

-നെരൂദ

## FOUNDER OF TKM COLLEGE TRUST



**JANAB A. THANGAL KUNJU MUSALIAR**
**1897 - 1966**

# TKM COLLEGE TRUST



T. K SHAHAL HASSAN MUSALIAR
PRESIDENT, TKM COLLEGE TRUST



T.K. KAMALUDDIN MUSALIAR



T.K. JALALUDDIN MUSALIAR



T.K. USMAN MUSALIAR



T.K. ABDUL KARIM MUSALIAR



AKBAR HYDER MUSALIAR



T.K. JAMALUDDIN MUSALIAR



T.K. BADARUDDIN MUSALIAR



SADIQ. S. THAHA



M.A. MAHABOOB



KHALID MUSALIAR



TARIQ S. MUSALIAR



MOHAMED HAROON



AFZAL MUSALIAR .J



MOHAMMED ANWAR MUSALIAR

# PRINCIPAL'S NOTE



TKM College of Arts and Science has, for the past more than five decades, played a vital role in furthering the causeof higher education and research, especially among the socially and economically disadvantaged sections of society. When our dream is to reach the acme of supreme success in the academic and non- academic sphere, we at TKM aim to do so by focusing on the holistic development of the students. Our goal is to help students reach their maximum potential in the domains they are passionate about and equip them with the skills needed to meet future challenges.

We hold close to the heart the teachings of our beloved founder who envisioned the institution to be rooted in the soil of the society from which it has sprung. We, therefore, think global but act locally. Now, as we finished the third cycle of accreditation, the college achieved the highest grade of A++ with aCGPA of 3.67. And I am happy to state that TKM College of Arts and Science continues to strive on the path of success with exemplary dedication and commitment

**Dr Chithra S Gopinath**
*Principal*
*TKM College Of Arts & Science*



**പ്ര**കൃതിയിൽ നിന്നും തുടങ്ങി പ്രകൃതിയിലൊടുങ്ങുന്ന 'പോര്'. മേഘത്തടവറയിൽ നിന്നും മോചനത്തിനായി മഴത്തുള്ളിയുടെ 'പോര്'. മണ്ണിന്റെ ആഴങ്ങളിൽ നിന്നും സ്വാതന്ത്ര്യത്തിന്റെ ആകാശം തേടി ജീവന്റെ വിത്തുകളുടെ 'പോര്'. പോരിന് വിവിധ മുഖങ്ങൾ. പൊക്കിൾ കൊടിയിൽ നിന്നും വിടുതൽ വാങ്ങുമ്പോൾ തുടങ്ങുന്നു 'പോര്'.

'പോര്'- വീടുമായ്, നാടുമായ്; ചൂണ്ടുവിരലിനെ ചങ്ങലക്കിടുന്ന ശാസനകളുമായ്, സാംസ്കാരിക സങ്കേതങ്ങളുമായ്; ജീവിതത്തിന്റെ അരികുകളിൽ ആരും കൂടെ പോരാനില്ലാത്തവരുടെ 'പോര്'; അവരുടെ അനാഥ ശവങ്ങളിൽ നിറമണിഞ്ഞ നിണമണിഞ്ഞ കൊടി കുത്തുവാൻ സിംഹാസനങ്ങളിൽ നിന്നുമിറങ്ങി വന്ന കഴുതപ്പുലികളുടെ 'പോര്'. രാജാവ് നഗ്നനാണെന്ന് വിളിച്ച് പറയാൻ കഴിയാത്ത, പോര് മറന്നു മയങ്ങുന്ന സമൂഹത്തിന്, പോരിന്റെ പുതിയ പോർമുഖം തുറക്കാൻ കഴിയും എന്ന പ്രതീക്ഷയോടെ, വായനകളുടേയും വിമർശനങ്ങളുടേയും പുതിയ പോരിനായ് ഈ മാഗസിൻ സ്നേഹപൂർവ്വം സമർപ്പിക്കുന്നു.

**നിയാസ്. എസ്. എം**
*സ്റ്റാഫ് എഡിറ്റർ*



**അ**രികുവത്കരിക്കപ്പെടുന്ന സമൂഹത്തിൽ നിന്നുമാണ് ഈ വാക്കുകൾ ഉയരുന്നത്. ഉള്ളുപൊള്ളിക്കുന്ന അധീശത്വ വ്യവഹാരങ്ങളെ തുറന്നു കാട്ടേണ്ടതുണ്ട്. വർഗീയതയുടെ പൊരി വെയിലിൽ ചുട്ടുപൊള്ളുന്ന ജനത ഇന്ന് വർത്തമാന ഇന്ത്യയുടെ ബാക്കിപത്രമാണ്. വായ് മൂടികെട്ടിയും നിശബ്ദമായ അന്തരീക്ഷം സൃഷ്ടിച്ചും മുന്നോട്ടുപോകാൻ വർഗീയ ശക്തികൾ ശ്രമിച്ചുകൊണ്ടേയിരിക്കുന്നു.

നവീന ആശയങ്ങളെ സ്വാഭാവികമായി തമസ്കരിക്കുന്ന ബൗദ്ധിക കൗശലം സത്യാനന്തരകാല വ്യവസ്ഥയുടെ അടിയൊഴുക്കായി മാറുന്നു. ഇതിനിടയിൽ ഉള്ളു തുറന്നു കാണൂ, നമുക്കിടയിൽ നിന്ന് നമുക്കുവേണ്ടി പ്രതികരിച്ചവരുടെ അവസ്ഥ. ഇവിടെ ഭയമല്ല ഉള്ളിൽ നിറയേണ്ടത്. ഇനിയും ഇത്തരം തെറ്റുകൾക്ക് നേരെ കരങ്ങളുയരണം; ചുണ്ടുകൾ ചലിക്കണം. അരാഷ്ട്രീയമായ ഒരു സമൂഹത്തിന് ഇത് സാധ്യമല്ല. മൂർച്ചയേറിയ വാക്കുകളും ആശയങ്ങളുമാണ് ഉരുത്തിരിഞ്ഞ് വരേണ്ടത്. ഈ കലാലയത്തിലെ വിദ്യാർത്ഥികളുടെ കാഴ്ച്ചപ്പാടുകളിലൂടെ ഇത്തരം വിഷയങ്ങൾക്കുവേണ്ടി ഞങ്ങളിവിടെ ഒരു പോർമുഖം തുറക്കുകയാണ്.

*'പോരിന്റെ പുതിയ പാതയിലേക്ക് സ്വാഗതം...'*

**നാദിയ നാസർ**
*മാഗസിൻ എഡിറ്റർ*

# ദൈവം മുതൽ മനുഷ്യൻ വരെ നീളുന്ന ആൺ അഹന്തകൾ

HUMRAZ HASHIF
S2 BCOM FINANCE

മനുഷ്യസമൂഹത്തിന് ബുദ്ധി ഉറച്ച നാൾമുതൽ പുരുഷൻ സ്ത്രീക്കുമേൽ അധികാരം സ്ഥാപിച്ചിരുന്നു.സ്ത്രീയുടെ മേൽ ഉടമസ്ഥാവകാശം ചുമത്തി അവരെ നൂറ്റാണ്ടുകളായി പുരുഷൻ അടക്കി വാഴുന്നു. അന്ന് തൊട്ട് ഇന്ന് വരെ അത് പിൻതുടരുന്നു. ഈ അധികാര കാലഘട്ടത്തിൽ പുരുഷൻ ഇന്ന് പല രീതിയിൽ അഹങ്കാരിയായി മാറിയിട്ടുണ്ട്. ഈ അഹന്തയ്ക്ക് ആക്കം കൂട്ടുന്നത് പുരുഷ നിർമ്മിത മതങ്ങളാണ്. പുരുഷന്റെ ആഗ്രഹങ്ങൾ സഫലീകരിക്കാൻ വേണ്ടിയുള്ളൊരു ഉപഭോഗ വസ്തുവായി സ്ത്രീയെ മാറ്റി. പുരുഷന് എന്തും ചെയ്യാൻ അവകാശമുള്ള തോട്ടമായും ആസ്വദിക്കാനുള്ള ഫലമായും സ്ത്രീയെ ചിത്രീകരിച്ച ദൈവം. സ്വന്തം ഭാര്യയുടെ ചാരിത്ര്യത്തിൽ സംശയിച്ച് തീയിലൂടെ നടത്തിയ, ചൂതാട്ടത്തിൽ ഭാര്യയെ വിറ്റ ദൈവം. ഭാര്യാ ഭർത്താവിന് വിധേയപ്പെടണം, ഭർത്താവിന്റെ ഇച്ഛകൾ സഫലീകരികണമെന്ന്പറഞ്ഞ ദൈവം.

ഇവിടെ നിന്ന് തന്നെ ആണ് പുരുഷന് അഹങ്കാരം ഉണ്ടാകുന്നതും. സ്വന്തം കഴിച്ച പാത്രം കഴുകാൻ മടിയുള്ള , സ്വന്തം വസ്ത്രം അലക്കാൻ അറപ്പുള്ള, ചൂൽ കൈ കൊണ്ട് തൊടാൻ വെറുപ്പുള്ള പുരുഷ സമൂഹത്തെ ഇന്ന് ഇവിടെ നിർമിക്കുവാൻ കാരണം ഈ മതങ്ങൾ തന്നെയാണ്. മതങ്ങൾ മുന്നോട്ട് വെച്ച കാഴ്ചപ്പാടുകളാണ്.

സ്ത്രീയെ പുരുഷന്റെ വാരിയെല്ലിൽ നിന്നു രൂപം നൽകിയതാണെന്നു പഠിപ്പിക്കുന്ന , രാത്രിയിൽ പുറത്തിറങ്ങുന്ന സ്ത്രീകൾ വേശ്യകളാണെന്നു പഠിപ്പിക്കുന്ന, അമ്പലങ്ങളിലും ആരാധന സ്ഥലത്തും ആർത്തവമുള്ള സ്ത്രീകൾക്ക് അയിത്തം കൽപ്പിക്കുന്ന ഈ മതങ്ങൾ എന്താണ് പറഞ്ഞു വയ്ക്കുന്നത്? ആണഹന്തയുടെ മാറാപ്പ് ചുമക്കണ്ടവരാണ് സ്ത്രീകളെന്നും സ്വതന്ത്രമായ കാഴ്ചപ്പാടില്ലാത്ത കളിപ്പാവകളാണ് അവരെന്നുമുള്ള പുരുഷാധിപത്യത്തെ വീണ്ടും വീണ്ടും ഊട്ടി ഉറപ്പിക്കുന്നതിൽ മതങ്ങൾക്ക് വലിയ ഒരു പങ്കുണ്ട്.

ഇപ്പോൾ ചോദിക്കും ഏത് മതമാണ് ഇവയെല്ലാം പറഞ്ഞിട്ടുള്ളത് എന്ന്. എല്ലാ മതവും നേരിട്ട് സ്ത്രീവിരുദ്ധത പറയുന്നില്ലെങ്കിലും ഒളിച്ചും തെളിച്ചും അവ മുന്നോട്ടുവെക്കുന്ന ആശയങ്ങൾ തീർത്തും കാലഹരണപ്പെട്ട സ്ത്രീ വിരുദ്ധ നിലപാടുകളാണ്. മതങ്ങൾ ആണിന് കൊടുത്തിട്ടുള്ള സ്ഥാനം ബഹുമതി പ്രാധാന്യം അവനിൽ അഹങ്കാരം ഉളവാക്കിയിട്ടുണ്ട്. സ്ത്രീ വിരുദ്ധതയും ദളിത് വിരുദ്ധതയുമൊക്കെ വച്ചുപുലർത്തുന്ന മതാചാരങ്ങളെ നിരോധിക്കണം . മതങ്ങൾ സ്വയം നവീകരിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. നൂറ്റാണ്ടുകൾക്കു മുന്നേ എഴുതപ്പെട്ട മത ഗ്രന്ഥങ്ങൾ ഒരു നവീകരണവും കൂടാതെ അതുപോലെ വിശ്വസിച്ച് ആചരിച്ച് പോകുന്നത് സങ്കടകരവും ബുദ്ധിശൂന്യവുമാണ്. തിരുത്തലുകൾ അനിവാര്യമാണ്. മാറേണ്ടത് മാറുക തന്നെ വേണം.

# മൗനം

FATHIMA S
S4 BA ECO-MATHS



**എ**ന്തിനാണ് ഈ മൗനം....
ഒരുപാട് തവണ ഞാൻ നിന്നോട് ചോദിച്ചതല്ലേ...
ഞാൻ നിനക്ക് ആര്, എന്ന് ചോദിച്ചപ്പോൾ അന്നും
നീ മൗനത്തിൽ നിറഞ്ഞ
ഒരു പുഞ്ചിരി എനിക്ക് സമ്മാനിച്ചു.
നിന്റെ മൗനം എന്നിൽ ആഴത്തിൽ
തുളച്ച് കയറുമ്പോഴും
നിന്റെ മൗനത്തിന്
സ്നേഹത്തിന്റെ ഗന്ധമായിരുന്നു
ഇത്തിരി മൗനത്തിനപ്പുറം എത്രയേറെ
മധുരമുള്ള ഓർമ്മകളാണ്
നാം തൊട്ടുകൂട്ടുന്നത്
അരികിൽ ഉണ്ടെങ്കിലും
മൗനം തീർത്ത മതിൽ കെട്ടിനുള്ളിൽ നീയും
ഞാനും നിൽക്കുമ്പോൾ...
ബാക്കിയായ സ്വപ്നങ്ങൾ...
അവയ്ക്ക് ഇന്നും നമ്മളിൽ ജീവനുണ്ട് മൗനത്തിനപ്പുറം
അവ എന്തോ കേൾക്കുന്നുണ്ട്
കാണാതെ കടന്നുപോയദിനങ്ങളും മൗനം ഇരുട്ടിൽലാക്കിയ നിമിഷങ്ങളും
ഓർമ്മകളാൽ മറയുമ്പോൾ തമ്മിൽ എന്തോ പറയുവാൻ ഉണ്ടായിരുന്നില്ല?
അന്നും മിണ്ടാതെ നീ എന്നിൽ നിന്നും അകന്നപ്പോഴും അന്ന് ഉണ്ടായ മൗനം സാഹചര്യങ്ങളാൽ മൂടപ്പെട്ടതാണോ?
അതോ, മിണ്ടിയാൽ അടുത്ത് പോകുമോ എന്ന ഭയമോ?
ഏകാന്ത രാത്രികളിൽ നിന്റെ ഓർമ്മകൾ എന്നിൽ അലയടിക്കുമ്പോൾ
ഞാനറിഞ്ഞിരുന്നില്ല നിന്നിലെ മൗനം എന്നെ ഭ്രാന്തം ആക്കി മാറ്റും എന്ന്
ഇന്ന് നാം പിരിയുമോ
കാണുന്നു ഞാൻ നമ്മളിലെ ഒരു തുള്ളി കണ്ണുനീർ മൗനം...

# സിന്ധഗി

AAMEERA ANZARY
S4 BSC BOTONY

**സ്വ**പ്നങ്ങളെയും ആഗ്രഹങ്ങളെയും ചിറകിലേന്തി ഓരോ പകലുകളും
ഓരോരുത്തരും പറന്നുകൊണ്ടിരിക്കുകയാണ്.
അതിനിടയിൽസ്വന്തത്തിനെ പോലും മറന്നുപോകുകയാണ്.
എപ്പോൾ വേണമെങ്കിലും തീരാവുന്ന ഒരു യാത്ര.
ഞാനില്ല നീ ഇല്ല നിന്റെയും എൻറെയും പ്രണയമില്ല.
എല്ലാം ഭൂമിയിലേക്ക് എല്ലാം ഭൂമിയിലേക്ക് ആഴ്ന്ന ഇറങ്ങി പോകും.
നമ്മൾ മനോഹരമായി കാത്തുസൂക്ഷിച്ച ഓർമ്മകൾ മാത്രം.
അതുമാത്രം പ്രകാശിക്കും

|

കൊലപാതകങ്ങൾ തുടർന്നുകൊണ്ടേയിരിക്കുന്നു..
ചാനൽ ചർച്ചകൾ കൊഴുപ്പേറുന്നു...
വർഗ്ഗീയതയുടെ, വെറുപ്പിന്റെ, മതഭീകരതയുടെ കൊഴുപ്പ് വന്നിരുന്നു ലക്ഷക്കണക്കിന് കാണികൾക്കു മുന്നിൽ കൊന്നുതള്ളിയ മനുഷ്യരുടെ കണക്കു പറഞ്ഞു തർക്കിക്കുമ്പോൾ, എണ്ണം കൂടിയോ കുറഞ്ഞോ നോക്കി സമപെടുത്താൻ
വെപ്രാളം കൂട്ടുമ്പോൾ ചങ്കില് വല്ലാത്തൊരു നീറ്റലാണ്.
വിഷമയമായ ജനാധിപത്യവിരുദ്ധ സംഘടനകൾ വളരുന്നത് കാണുമ്പോൾ, കൊന്നു കൊന്നു കൊതി തീരാത്ത വാൾ മുനകൾ കാണുമ്പോൾ തകരുന്ന ഭരണഘടന മൂല്യങ്ങൾ കാണുമ്പോൾ
ചരിത്രത്തിൽ പഠിച്ച വർഗീയലഹളകൾ നമ്മുടെ കണ്മുന്നിലും നടക്കുമോ എന്ന ഭയം വല്ലാതെ കത്തുന്നു . നശിക്കപ്പെടുന്ന ജനാധിപത്യം തകർക്കപ്പെടുന്ന മാനുഷിക മൂല്യങ്ങൾ തെരുവിലേക്ക് വലിച്ചെറിയപ്പെടുന്ന മത-വർണ്ണ-വർഗ്ഗ-ലിംഗ ന്യൂനപക്ഷങ്ങൾ
നശിക്കുന്നത് എന്റെ ഇന്ത്യയാണ്, നിന്റെ ഇന്ത്യയാണ്, നമ്മുടെ ഇന്ത്യയാണ്.
പ്രതിരോധിക്കേണ്ടത് നമ്മളാണ് നമ്മൾക്ക് വേണ്ടി ഇനി വരുന്നവർക്ക് വേണ്ടി
യഥാർത്ഥ ഇന്ത്യ അവശേഷിക്കണം.




# ആനവണ്ടി

## സംരക്ഷിക്കപ്പെടേണ്ട

VEENA V S
S4 BSC CHEMISTRY

മലയാളിയുടെ മനസ്സിൽ നൂറ് ഓർമ്മകളുള്ള കഥാപാത്രമാണ് Kerala State Road Transport Corporation (KSRTC) നമ്മുടെ ആന വണ്ടി.

1938ൽ തിരുവിതാംകൂറിൽ രാജ്യത്തെ ആദ്യ പൊതു മേഖല ബസ് സർവീസായിട്ടാണ് KSRTCയുടെ ജനനം.

അന്നുതൊട്ട് ഇന്നുവരെ 84 കൊല്ലവും ആ ബൽ ശബ്ദം മുഴങ്ങി കേൾക്കുന്നു. 1938 ഫെബ്രുവരി 20 കുംഭമാസത്തിലെ പ്രകാശപൂരിതമായ പകൽ. തിരുവിതാംകൂർ രാജപാതയിൽ ഇ ജി സാൾട്ടർ ഡ്രൈവിംഗ് സീറ്റിൽ, പിന്നിൽ പ്രധാന യാത്രകാരനായി ശ്രീചിത്തിര തിരുനാൾ ബാലരാമവർമ്മ മഹാരാജാവിനെ കൊണ്ട് ശംഖും ആനയും പതിച്ച രാജമുദ്രയുള്ള ബസ്, ഹോൺ മുഴക്കി ഗിയർ മാറ്റി ബെല്ലടിച്ചു യാത്ര തുടങ്ങി.

തുടക്കകാലത്ത് വളരെ ലാഭം കൊയ്ത് ബസ് കുതിച്ചുകൊണ്ടിരുന്നു. ഒന്നിൽ നിന്ന് രണ്ടായി രണ്ടിൽ നിന്നും മൂന്നായി എണ്ണം കൂടി കൂടി വന്നു. കേരള ജനതയുടെ യാത്രാ തടസ്സങ്ങൾ നീക്കി സുഖകരമായ യാത്രയ്ക്ക്, കേരളത്തിന്റെ ഇന്നുകാണുന്ന വികസനങ്ങൾക്ക്, സംസ്കാരത്തിന്, പൈതൃകത്തിന് KSRTC ക്ക് വലിയ പങ്കുണ്ട്. പിന്നീട് എവിടെയെല്ലാമോ ഭരണകൂടതിന്റെയും ഉദ്യോഗസ്ഥരുടെ പിഴവുകളിൽ കെഎസ് ആർടിസി നഷ്ടങ്ങളിലേക്ക് കൂപ്പുകുത്തി.

എവിടെയാണ് തെറ്റ് പറ്റിയത്?! കാലം മാറിയതിനനുസരിച്ച് മാറ്റം വരാതെ, കാര്യക്ഷമമല്ലാത്ത പ്രവർത്തനങ്ങളിലൂടെ കോടികളുടെ കടം കെഎസ്ആർടിസിക്ക് ഇന്നുണ്ട്. ഇതിൽ നിന്ന് കരകയറുക എന്നത് ശ്രമകരമായ ദൗത്യമാണ്. നേർദിശക്കുള്ള ചൂടേറിയ മാറ്റങ്ങൾ അനിവാര്യമാണ്.

1. സ്വയംഭരണാവകാശം: സ്വയം ഭരണാധികാരമുള്ള പൊതുമേഖലാ സ്ഥാപനമായി കെഎസ്ആർടിസിയെ ഉയർത്തേണ്ടതുണ്ട്. ഗവൺമെന്റി ൽ നിന്നുള്ള അനാവശ്യ ഇടപെടലുകൾ ഒഴിവാക്കുക.

2. കാര്യക്ഷമതയുള്ള ജീവനക്കാർ: കെ എസ് ആർടി സി യുടെ പുതുജീവന് ഉപഭോക്ത സൗഹൃദമായ ഇടപെടലുകളുള്ള പ്രൊഫഷണൽ സ്റ്റാഫുകളെ ആവശ്യമാണ്.

3. ദീർഘവീക്ഷണമുള്ള മാനേജ്മെന്റ്: തൊഴിലാളികളുടെയും യാത്രക്കാരുടെയും ആവശ്യങ്ങൾ ഒരുപോലെ പരിഗണിച്ച് ട്രേഡ് യൂണിയനുകളെ അനുനയിച്ച കൊണ്ടുപോകണം

4. ഡിജിറ്റൽ ആവണം: പൂർണമായ ഡിജിറ്റൽ വൽക്കരണം നടപ്പിലാക്കണം മനുഷ്യവിഭവശേഷി ഉപയോഗം മുതൽ ഷെഡ്യൂളിങ്ങ് വരെ ഡിജിറ്റൽ ആകണം.

5. രാത്രി സർവീസുകളുടെ എണ്ണം കൂട്ടണം.

6. വരുമാന വർദ്ധന ലക്ഷ്യമാക്കി ലാഭകരമായ ദീർഘദൂര സർവീസുകൾ നടത്തണം.

7. വരുമാനം കുറഞ്ഞ സർവീസുകൾ നിർത്തലാക്കണം. പുതുവഴികൾ തേടണം

8. വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് പ്രത്യേക ബസ് സർവ്വീസ് നടത്തണം. കേരള ടൂറിസവുമായി ബന്ധപ്പെടുത്തി വിനോദസഞ്ചാരികൾക്ക് അനുയോജ്യമാംവിധം ബസുകളെ രൂപമാറ്റം വരുത്തി ഉപയോഗിക്കുക.

9. യാത്രാസൗകര്യമില്ലാത്ത ബസ്സുകൾ ത്രിവേണി നീതി സപ്ലൈകോ തുടങ്ങിയവയുടെ ചരക്ക് മാറ്റത്തിന് ഉപയോഗിക്കുക.

10. കൂടുതൽ പ്രകൃതി സൗഹാർദ്ദ ചെലവു കുറഞ്ഞ ഇലക്ട്രിക് ബസ്സുകൾ വാങ്ങുക.

11. ഉപയോഗശൂന്യമായ ബസ്സുകൾ വിറ്റഴിക്കുക.

12. സ്വകാര്യസ്ഥാപനങ്ങൾ സംഘങ്ങൾ വ്യക്തികൾ തുടങ്ങിയവർക്ക് വാടകയ്ക്ക് ബസ്സുകൾ വിട്ടു നൽകുക.

13. ലാഭമുള്ള ബസ് റൂട്ടുകൾ കൈവിടരുത്.

14. ലാഭകരമായി വണ്ടിയോടിക്കുന്ന റൂട്ടിനെ ജീവനക്കാർക്ക് സ്പെഷ്യൽ ബത്ത അനുവദിക്കുക. ഇത് മറ്റ് ജീവനക്കാർക്ക് പ്രോത്സാഹനമാകും.

15. യാത്രക്കാർ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ വണ്ടി നിർത്തി കൊടുക്കുക എല്ലാ സ്ഥലങ്ങളിൽ നിന്നും യാത്രക്കാരെ കേറ്റുക.

16. സ്വകാര്യ ബസ്സുകളിൽ എന്നപോലെ ടിവി പാട്ട് തുടങ്ങിയവ കെഎസ്ആർടിസിയിൽ ഉൾപ്പെടുത്തുക.

17. നിശ്ചയിച്ച സമയത്ത് കൃത്യമായി വണ്ടിയോടിക്കുക സമയക്രമം ശക്തമായി പാലിക്കുക.

18. പ്രൈവറ്റ് ബസ്സുകളിൽ കാണുന്ന വിധം ഒത്തൊരുമയും റോഡ് നിയമങ്ങൾ പാലിച്ചുകൊണ്ടുള്ള മത്സരബുദ്ധിയും കാഴ്ച വെക്കുക

**യാത്രകാരോട്:-**

1. കെഎസ്ആർടിസി ഉപയോഗം വർദ്ധിപ്പിക്കുക. കെഎസ്ആർടിസി സംരക്ഷിക്കേണ്ടത് നമ്മുടെ കൂടി ഉത്തരവാദിത്വമാണ്.

2. സമരങ്ങളിലും ഹർത്താലുകളും പ്രതിഷേധങ്ങളിലും അടിച്ചു തകർക്കുന്ന കണ്ണാടിച്ചില്ലുകൾ തന്റെ മാത്രം നികുതിപ്പണം കൊണ്ട് അല്ല നിർമ്മിച്ചത് എന്ന ബോധ്യത്തോടെ കുറച്ചുകൂടി സാമൂഹ്യപ്രതിബദ്ധതയോടെ ജീവിക്കുക.

3. ടിക്കറ്റ് എടുക്കാതെ യാത്ര ചെയ്യാതിരിക്കുക.

4. കെഎസ്ആർടിസി പെട്രോൾ പമ്പുകൾ, കടമുറികൾ തുടങ്ങിയവ ഉപയോഗിക്കുക. പരസ്യങ്ങൾ നൽകുക.

# വർത്തമാന ഇന്ത്യയും മതനിരപേക്ഷ മൂല്യങ്ങളും

SHIHASUDHEEN
S4 BA ISLAMIC HISTORY




ഇന്ത്യയുടെ പാരമ്പര്യത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് മതേതരത്വം. എല്ലാ മതവിഭാഗങ്ങളിൽ പെട്ടവർക്കും അതനുസരിച്ച് പ്രവർത്തിക്കാൻ സാധിക്കും എന്നുള്ളത് പ്രധാനപ്പെട്ടതാണ്.

അതു തന്നെയാണ് ഇന്ത്യ എന്ന ജനാധിപത്യ രാജ്യത്തിന്റെ പ്രധാനപ്പെട്ട കാര്യം. മതേതരത്വം എന്ന ആശയം തന്നെയാണ് ഇന്ത്യ എന്ന രാജ്യത്തിന്റെ മുഖമുദ്ര. ഒരിക്കലും അതിന് ഭംഗം വരുന്ന തരത്തിലുള്ള പ്രവർത്തികൾ നമുക്കിടയിൽ നിന്നും ഉണ്ടാവരുത് എന്നുള്ളത് പ്രധാനപ്പെട്ട ഒരു കാര്യം തന്നെയാണ്. എന്നാൽ സമകാലിമായി പല സംഭവവികാസങ്ങളും പരിശോധിച്ചു നോക്കിയാൽ അത്തരം നമ്മുടെ മൂല്യങ്ങൾക്ക് കോട്ടം തട്ടുന്ന പ്രവർത്തികൾ ഉണ്ടാവാറുണ്ട് എന്നുള്ളത് വസ്തുതയാണ്. എന്നാൽ ഇത്തരം പ്രവർത്തികൾ എങ്ങനെ രൂപപ്പെടുന്നു എന്നുള്ളത് നോക്കി കാണുക ഏതെങ്കിലും മത വിഭാഗത്തിന് വേണ്ടി പ്രവർത്തിക്കുകയോ അല്ലെങ്കിൽ അതിനുവേണ്ടി ലാഭം ഉണ്ടാക്കാൻ വേണ്ടി മറ്റുള്ള കാര്യങ്ങൾ കൊണ്ടുപോവുകയും ചെയ്യുക എന്നു



ള്ളത് ഒരിക്കലും നല്ല കാര്യമല്ല. എല്ലാവരെയും പരിഗണിച്ചു കൊണ്ടായിരിക്കണം നമ്മുടെ പ്രവർത്തനങ്ങൾ. മറ്റുള്ളവർക്ക് ദോഷം തട്ടുക അല്ലെങ്കിൽ മറ്റുള്ളവരുടെ നിലപാടുകളെ പരിഗണിക്കാതെയുള്ള മതേതര മൂല്യത്തിന് കളങ്കം തട്ടുന്ന പ്രവണതകൾ ഉണ്ടാവാൻ പാടില്ല. എല്ലാവർക്കും എല്ലാതരത്തിലും അവരുടെ മതമനുസരിച്ച് പ്രവർത്തിക്കാനുള്ള നിയമ സംവിധാനങ്ങൾ ഇന്ത്യയിൽ ഉണ്ടായിരിക്കുക എന്നുള്ളതോടൊപ്പം മറ്റുള്ളവരുടെ കാര്യങ്ങളിലേക്ക് നാം അടിസ്ഥാനപരമായി നിൽക്കേണ്ട നിലപാടുകൾ അല്ലെങ്കിൽ എടുക്കേണ്ട നിലപാടുകൾ പ്രധാനപ്പെട്ടതാണ്. എന്തെങ്കിലും ഒരു സംഭവം ഏതെങ്കിലും ഒരു മതവിഭാഗത്തിന് വേണ്ടി മാത്രമാവരുത്. അവിടെയാണ് മതനിരപേക്ഷ മൂല്യങ്ങൾക്ക് പ്രാധാന്യമുള്ളത്.

ഇന്ത്യയുടെ അടിത്തറ ഭാഗങ്ങൾ തന്നെ മതനിരപേക്ഷ മൂല്യങ്ങളാണ്. പണ്ടുകാലങ്ങൾ മുതൽ തന്നെ നാം കണ്ടുവരുന്ന പ്രവണതകൾ ഉണ്ട്. ഒരിക്കലും ജാതിയുടെയോ മതത്തിന്റെയും മറ്റു കാര്യങ്ങളുടെ പേരിൽ കലാപങ്ങൾ ഉണ്ടാകരുത്. അത്തരത്തിലുള്ള പ്രവർത്തികൾ ഉണ്ടാവുമ്പോൾ അതിനെതിരെ വളരെ ശക്തമായ രീതിയിൽ നിലപാട് എടുക്കാൻ നമുക്ക് സാധിക്കണം. അത്തരത്തിലുള്ള മതനിരപേക്ഷ മൂല്യങ്ങളാണ് എപ്പോഴും നാം ഉയർത്തിപ്പിടിക്കേണ്ടത്. എല്ലാവരെയും സഹോദരങ്ങളായി കാണാനും അതുപോലെ സ്നേഹിക്കാനും നമുക്ക് സാധിക്കണം. ഏതെങ്കിലും ഒരു മതവിഭാഗത്തിൽ പെട്ടു എന്നതിന്റെ പേരിൽ അവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ഒരിക്കലും തടസ്സപ്പെടാനും സമ്മതിക്കരുത്.

ഇന്ത്യയിൽ ജാതിയുടെയും മതത്തിന്റെയും പേരിൽ നടന്ന വർഗീയ കലാപങ്ങൾ എല്ലാം ഒരിക്കലും സമൂഹത്തിന് അംഗീകരിക്കാൻ സാധിക്കുന്ന ഒന്നല്ല. അവയെല്ലാം പരാജയപ്പെടുത്തി മതനിരപേക്ഷ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ നമുക്ക് സാധിക്കണം. അത്തരത്തിലാണ് നാം നമ്മുടെ പ്രവർത്തികൾ മുന്നോട്ടു കൊണ്ടുപോകേണ്ടത്. എവിടെയാണോ നമുക്ക് പരാജയം സംഭവിക്കുന്നത് അവിടെ നിന്ന് തിരുത്തി മുന്നോട്ടു പോണം. അതിന്റെ പേരിൽ പരസ്പരം പോരടിക്കുകയും തമ്മിൽ തല്ലുകയും ചെയ്യുന്ന അപകടകരമായ പ്രവണത ഇല്ലാതായിരിക്കാൻ നാം എപ്പോഴും ജാഗ്രത പാലിക്കണം. മതനിരപേക്ഷ മൂല്യങ്ങൾക്ക് ഇന്നിന്റെ ഇന്ത്യകളിൽ വളരെയേറെ പ്രാധാന്യമുണ്ട്.



# വർത്തമാനം

ATHUL KRISHNAN
S2 BA ISLAMIC HISTORY




**ഇ**ന്ന് ചർച്ച ചെയ്യേണ്ട വർത്തമാന വിഷയങ്ങളെ അതിശക്തമായി സമൂഹത്തിന് മുന്നോട്ടുവെക്കുന്ന നാളെയുടെ സിനിമയാണ് 'വർത്തമാനം'...

സിനിമയിൽ പറയുന്ന രാഷ്ട്രീയ സന്ദർഭങ്ങൾക്ക് തീർത്തും നേരിട്ട് ഇന്നത്തെ സാമൂഹ്യ സ്ഥിതിയുമായി ബന്ധമുണ്ട്. അടിച്ചമർത്തപ്പെടുന്ന പിന്നോക്ക ദളിത് സമുദായങ്ങളുടെയും മറ്റ് സാംസ്കാരിക സാമൂഹ്യ രാഷ്ട്രീയ മാത ന്യൂനപക്ഷങ്ങളെയും വേട്ടയാടുന്നു ഫാസിസ്റ്റ് ഭരണകൂടത്തിന്റെയും ഫാസിസ്റ്റ് അനുകൂലികളുടെയും യഥാർത്ഥ മുഖം സിനിമയിൽ വ്യക്തമാക്കുന്നു.

അതിശക്തമായ രാഷ്ട്രീയ കാഴ്ചപ്പാടുകളെ വ്യക്തമായി അവതരിപ്പിക്കുന്നതിൽ സംവിധായകനും അഭിനേതാക്കളും ഒരുപോലെ മികവു പുലർത്തി. വളച്ചൊടിക്കപ്പെട്ട ചരിത്രവും ഇല്ലാതാകുന്ന മതനിരപേക്ഷതയും അതിന്റെ കാഠിന്യം ഒട്ടും കുറയാതെ സിനിമയിൽ പറഞ്ഞു വെക്കുന്നു.

വർത്തമാന സാമൂഹ്യ വ്യവസ്ഥയും ഫാസിസ്റ്റ് ഭരണകൂടത്തിന്റെ കൊമ്പും കുളമ്പുമുള്ള മനുഷ്യതീനികളായ മനുഷ്യരുടെയും കഥയാണ് വർത്തമാനം. നഷ്ടപ്പെടുന്ന സാമൂഹ്യബോധവും കാഴ്ചപ്പാടുകൾ വീണ്ടെടുക്കാൻ നമ്മെ കരുത്തുപകരുന്ന ശക്തമായ കഥാപാത്രങ്ങളിലൂടെ വർത്തമാനത്തിന് സാധിക്കുന്നുവെന്നത് അഭിനന്ദനാർഹമാണ്.

ഇത് ഇന്ത്യയാണെന്നും എന്റെയും നിന്റെയും നമ്മുടെതും , അടിയന്റെയും ദളിതരുടെയും ബ്രാഹ്മണരുടെതും, സ്ത്രീയുടെയും പുരുഷന്റെയും മറ്റ് ലിംഗ ഭേധങ്ങളുടെയും ആണ് എന്ന ഉറപ്പും സിനിമ നൽകുന്നു...

Gouri : You can kill me, but you can't defeat me, defeat my status. I will expose the disgusting truths to the world through my writings... I will continue doing this.
But every one of you sitting in front of me ,
Your silence make me scared...
Your muteness make me scared.
Not only me they will come in search of every one of you ...
To your kitchen to your privacy they will come and destabilize you .
Will you let that happen!?
Tell me , will you let that happen?!"
"We are not blind
We will not let them win"

ഈ എഴുത്തിലൂടെ ചിലപ്പോൾ ഞാൻ നിങ്ങൾക്ക് മുന്നിൽ രാജ്യദ്രോഹി ആവാം...
ഓർക്കുക നാളെ ഈ പട്ടികയിലേക്ക് നിങ്ങളും വരും...

നിങ്ങളുടെ ശബ്ദം ഇല്ലായ്മ അവരുടെ ശക്തി ആണ് നിങ്ങളിലെ ഭയം അവരുടെ വിജയമാണ് . ഇത് നമ്മുടെ കൂടി രാജ്യമാണ് അല്ല ഇത് എല്ലാ സാധാരണ മനുഷ്യരുടെയും രാജ്യമാണ്.

# മാപ്പ്

NEHA TAJ
S4 BSC CHEMISTRY

സഹ്യപുത്രി
മാതൃത്വത്തിൻ ചൂടറിഞ്ഞവർ
ഉദരത്തിൽ ഒരായിരം ജീവനതിൻ
തുടിപ്പുകളെ പേറിയവൾ
അവൾ തൻ നിറഞ്ഞൊരാ
മിഴിനീർ ഒക്കെയും ഉള്ളിൽ വളരുമാ
ജീവ തുടിപ്പുകൾക്കായിരുന്നുവെല്ലോ
വലിച്ചെറിഞ്ഞു നീ നൽകിയൊരാ
വിഷ നീരുകൾ ഒക്കെയും പാനം ചെയ്തവൾ
പ്രാണൻ പിടയും വേദനയിലും അവൾ
ഒത്തൊരാ മൃഗത്വം പോലും അവശേഷിപ്പില്ല
ഇവിടെ ഈ മർത്യജന്മമതുങ്ങൾക്
മാപ്പു നൽകൂ ഞാൻ ആകും മാനവരാശിക്ക്
മനുഷ്യത്വമില്ല ക്രൂരതക്കും

# നഗരം നരകം

FATHIMA S A
S4 MA ENGLISH

കാടുകൾ കയ്യേറി നാം
നരകം പണിയുമ്പോൾ
ഒരുനാൾ കാടുകൾ
നഗരമായി തീരുന്നു
സുന്ദരിയാമൊരു പ്രകൃതിയെ
ചൂഷണം ചെയ്തു നീ
കാടിനെ നാടായി
മാറ്റിടുമ്പോൾ
കാടിന്റെ മക്കൾ ഇനിയെവിടെ
കൂടൊരുക്കും?
കോൺക്രീറ്റ് കുമ്പാര ചില്ലകളിലോ?

# വാർദ്ധക്യം

AJMI A S
S4 BSC CHEMISTRY

ഉയിരിന്റെ ഉത്തുംഗ ശൃംഗം പടികടന്നെത്തുന്ന ജീവിത സായാഹ്നം
തളിരില കൂട്ടിൽ നിന്നുതിരുന്ന ഒരു പിടി കരിയില പോലെ
നൊമ്പര ശൂല മുനയേറി തഴക്കത്തിൻ തീ കുണ്ഠം കടന്ന്
മനുജന്റെ രണ്ടാം ബാല്യം പുത്രന്റെ ഹസ്തം പിടിച്ച്
പിച്ചവെച്ചും കാലിടറിയും കൊഞ്ചി പറഞ്ഞും മിഴി നിറച്ചും
ചുക്കിച്ചുളിഞ്ഞ തൊലി തഴുകിയും തൊണ്ണ് കാട്ടി ചിരിച്ചും ചിരിപ്പിച്ചും
കുശുമ്പ് കാട്ടി പതം പറഞ്ഞ് വിലപിച്ചും നീണ്ടു നിവർന്നൊരു വാനപ്രസ്ഥം
തന്നിൽ പിറവി കൊണ്ടവരെ പോൽ തന്നെ ജനിപ്പിച്ച വരെ പരിത്രാണം ചെയ്യും
പും നാമ നരകം ത്രാണനം ചെയ്യാൻ സന്മനസ്സ് സിദ്ധിച്ച പൈതങ്ങൾക്ക്
ജൻമമേകിയ മർത്ത്യർ പുണ്യം ചെയ്ത മാളോർ

EDITORIYAL TEAM



# ഞാൻ ഐഷ...

**ഞാ**ൻ ഐഷ.
മലബാറിലെ ഒരു സാധാരണ മുസ്ലിം കുടുംബത്തിലെ അംഗം. ദീനും വിശ്വാസവും ജീവിതത്തിൽ ഊട്ടി ഉറപ്പിക്കപ്പെട്ട നിസ്കാരവും ഓത്തും മദ്രസയും ഒക്കെ മുടങ്ങാതെ സമയം ചെലവഴിച്ച ബാല്യം.
രാവിലെ ആറുമണിക്ക് മടിയോടെ എണീറ്റ് പർദ്ദയിട്ട് മദ്രസയിൽ പോയിരുന്നു. മതം വളരെയേറെ എന്നിൽ സ്വാധീനം ചെലുത്തി. മദ്രസയിലെ ക്ലാസുകളിൽ ശ്രദ്ധയോടെ ഞാൻ സമയം ചിലവഴിച്ചു. വിശുദ്ധ ഖുർആനിലേയും നബിയുടേയും അറിവുകൾ പഠിച്ച കാലം. അന്ന് തൊട്ടെ ഒരു വിരോധാഭാസം ഞാൻ ശ്രദ്ധിച്ചിരുന്നു. മതപഠന ശാലകളിൽ മത പരിപാടികളിലും പ്രഭാഷണ സദസ്സുകളിലും സ്ത്രീകൾ, പെൺകുട്ടികൾ വിവേചനങ്ങൾ നേരിടുന്നു.
എന്റെ ഓർമ്മയിലെ നബിദിന പരിപാടി വളരെ വലിയൊരു ചട്ടക്കൂട്ടിൽ നിന്നുകൊണ്ട് ആയിരുന്നു സംഘടിപ്പിച്ചിരുന്നത്. സ്റ്റേജ് പ്രോഗ്രാമുകളിൽ ആൺകുട്ടികൾക്ക് മാത്രം ആയിരുന്നു അവസരം. കണ്ടു കണ്ടു ശീലിച്ച രീതിയെ ചോദ്യംചെയ്യാൻ അന്ന് എനിക്ക് കെല്പ് ഉണ്ടായിരുന്നില്ല. പന്തലിൽ പ്രത്യേകം തിരിച്ച ഭാഗത്തിൽ ചുറ്റും മറയ്ക്കപ്പെട്ട അവസ്ഥയിൽ ടിവിയിലൂടെ ആയിരുന്നു ഞങ്ങൾ പരിപാടികൾ കണ്ടത്. സ്വന്തം ക്ലാസിലെ സഹപാഠികൾ സ്റ്റേജിൽ അരങ്ങു തകർക്കുമ്പോൾ ഞങ്ങളുടെ മനസ്സ് അവസരം നഷ്ടമായതിന്റെ വിവേചനത്തിന്റെ കയ്പുനീര് കുടിക്കുകയായിരുന്നു.
കല്യാണവീടുകളിൽ മരണവീടുകളിൽ തുടങ്ങി എല്ലാ ഇടങ്ങളിലും ഈ വിവേചനങ്ങൾ തുടർന്നുവന്നു.
ഇന്ന് വാർത്തകളിൽ നിറഞ്ഞു നിൽക്കുന്നു സമസ്തയുടെ വിശ്വസ്ത നേതാവിന്റെ പരാമർശം കേൾക്കുമ്പോൾ വിലകുറഞ്ഞ പുച്ഛം തോന്നുന്നു. ഇത്രയൊക്കെ സമൂഹം മാറിയിട്ടും ഒരുതുള്ളിപോലും അനക്കം വരാതെ പാറക്കൽ പോൽഉറച്ച മതവിശ്വാസം ഭയാനകമാണ് പ്രതിസന്ധി സൃഷ്ടിക്കുന്നതാണ്. ഇത് ഒരു ഉസ്താദിന്റെ മാത്രം അഭിപ്രായമാണ് എന്ന് പറഞ്ഞ് തള്ളിക്കളയാൻ ആർക്കും കഴിയില്ല.

ഞാൻ കണ്ട എന്റെ മതം ഇങ്ങനെയാണ്. അന്നും ഇന്നും ഒരു പുൽക്കൊടി പോലും മാറ്റം വരാത്ത മതം. അവിടെ അനീതികൾ ഉണ്ട്, വേർതിരിവുകൾ ഉണ്ട്, വിവേചനങ്ങൾ ഉണ്ട് മാറ്റം വരാത്ത ഒരു വലിയ മനുഷ്യ സമൂഹം ഉണ്ട്. എത്രയൊക്കെ മാറി പറഞ്ഞാലും അതിന്റെ അടിസ്ഥാന ആശയം സ്ത്രീവിരുദ്ധവും പുരുഷമേധാവിത്വവും ആയിരിക്കും. അവിടെ ശത്രുതയും പ്രതികാരവും ആയിരിക്കും, അറപ്പും അഹങ്കാരവും ആയിരിക്കും .

# സമത്വമെന്നൊരാശയം

MUHAMMED IQBAl
S6 BA ISLAMIC HISTORY

സമത്വം ഇന്നും വലിയൊരു വിഷയമായി നിലകൊള്ളുന്നത് നമുക്കിടയിലേക്ക് ഇന്നും അങ്ങനെ ഒരു ആശയത്തിന്റെ പ്രാധാന്യം എത്തി പെടാത്തത് കൊണ്ടാവാം.... ഒരു പക്ഷെ സമത്വം ഒരു വലിയ തെറ്റായി തന്നെ പലർക്കുമിടയിൽ നില കൊള്ളുന്നുണ്ട്.... സമത്വത്തിന്റെ അങ്ങേ തല മുതൽ ഇങ്ങേ തല വരെ പരിശോധിച്ചാൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നതും ഇന്നും പലർക്കുമിടയിൽ ചൂടേറിയ ചർച്ചയായി തുടരുന്നതും സ്ത്രീ പുരുഷ സമത്വം തന്നെ.... അതെ, അവിടെ നിന്ന് തന്നെ തുടങ്ങണം... സ്ത്രീ പുരുഷ സമത്വം നമുക്കിടയിൽ ഉണ്ടോ എന്ന് ചോദിച്ചാൽ അതിന് ഉത്തരം പോലും പറയാതെ ഉൾ വലിയുന്നവരാണ് പലരും... എങ്കിലും ഒറ്റപ്പെട്ട സ്വരങ്ങൾ ഉയർന്ന് വരുന്നുണ്ട് എന്ന് പറയാതിരിക്കാൻ വയ്യ.... ഇവിടെ ഉള്ള കൗതുകമെന്തെന്നാൽ സ്ത്രീകൾക്ക് വേണ്ടി സംസാരിക്കാൻ പലപ്പോഴും സ്ത്രീകളെക്കാൾ മുൻപന്തിയിൽ നിൽക്കുന്ന പുരുഷ സാന്നിദ്ധ്യം സമത്വത്തെ കുറിച്ചു സംസാരിക്കുമ്പോൾ മാത്രം ഉൾ വലിയുന്നത് കാണാം....






ഇവിടെ ഉള്ള കൗതുകമെന്തെന്നാൽ സ്ത്രീകൾക്ക് വേണ്ടി സംസാരിക്കാൻ പലപ്പോഴും സ്ത്രീകളെക്കാൾ മുൻപന്തിയിൽ നിൽക്കുന്ന പുരുഷ സാന്നിദ്ധ്യം, സമത്വത്തെ കുറിച്ചു സംസാരിക്കുമ്പോൾ ഉൾവലിയുന്നത് കാണാം….

അതിനേക്കാൾ രസകരമാണ് ചില സ്ത്രീകളുടെ കാര്യം.... സമൂഹത്തിൽ കുലസ്ത്രീകളായി തുടരാം എന്ന് പ്രതിജ്ഞ എടുത്തവരുണ്ട്....

പുരുഷന്മാരുടെ അടിമകളായി ജീവിക്കുന്നതിലും ഒരു പുണ്യപ്രവർത്തി അവർക്ക് വേറെയില്ല.... അടിമ എന്ന് സംബോധന ചെയ്യുമ്പോൾ നെറ്റി ചുളിയുന്നവരുണ്ട്.... അടിമ എന്നു തന്നെയാണ് പറഞ്ഞത്.... നമ്മൾ ആർക്കും തീറെഴുതി കൊടുത്തിട്ടില്ല അവരുടെ കാൽച്ചുവട്ടിൽ ജീവിക്കാമെന്ന്.... നമ്മുടെ സ്വർഗം നമ്മുടെ ഇഷ്ടങ്ങളാണ്... ആരുടെയും കാൽ ചുവടുകളല്ല.....

ചിലർ സ്ത്രീകളെ വീണാൽ ഉടയുന്ന പളുങ്ക് പാത്രമാക്കുമ്പോൾ മറ്റു ചിലർക്ക് അവർ സഹനത്തിന്റെ പര്യായമാണ്.... അമ്മയും ദേവിയും സഹോദരിയുമായി സമൂഹത്തിൽ വാഴ്ത്തപ്പെടുമ്പോൾ അവളറിയുന്നില്ല.... അവളെ, അവൾക്കുള്ളിലെ പറന്നുയരാൻ കൊതിക്കുന്ന മനസിനെ മൂടി വെക്കാൻ വെമ്പുന്ന സമൂഹം അവൾക്ക് ചാർത്തി കൊടുക്കുന്ന പദവികളാണ് ഇവയെന്ന്.... അവരെ ആരും പളുങ്ക് പാത്രമാക്കേണ്ട.... അമ്മയോ ദേവിയോ ആക്കേണ്ട.... വരാനിരിക്കുന്ന തലമുറയെങ്കിലും ഇങ്ങനെ പഠിക്കട്ടെ... അവൾ ഒരു ജ്വലിക്കുന്ന തീ ജ്വാലയാണെന്ന്, മാനത്തിന് വില പറയുന്നവന്റെ കഴുത്തിന് കത്തി വെക്കാനുള്ള കരുത്ത് അവൾക്കുണ്ടെന്ന്....

സ്വാതന്ത്ര്യം ആഗ്രഹിക്കുന്ന ഒരുപാട് സ്ത്രീകൾ ഉണ്ട് നമുക്ക് ചുറ്റും.... ഞാൻ ചിന്തിക്കുന്നത് തെറ്റാണോ എന്ന് പോലും കരുതുന്നവർ.... സമൂഹം സൃഷ്ടിച്ച പുകമറയിൽ സത്യമേതെന്ന് തിരിച്ചറിയാതെ പോയവർ... അവർക്ക് സ്വരങ്ങളില്ല... അവരുടെ ആഗ്രഹങ്ങൾ അവരിൽ തന്നെ തീരുകയാണ്.... അറിയാതെ പോകുന്ന ചില സ്വപ്നങ്ങൾ.... അവരുടെയൊക്കെ ആരും കാണാതെ തീർത്ത കണ്ണുനീരിന് എന്ത് പകരം വെക്കാനാകും കപട സദാചാരികളായ സമൂഹമേ...??

തീർത്തും മാറേണ്ട ചില ചിന്താഗതികൾ മാറിയാലേ സമത്വമെന്നൊരാശയംതിന് അതിന്റെതായ നിലനിൽപ്പുള്ളൂ.



# നാട്ടു മാവ്

HAMNA HASHIM
S4 BSC CHEMISTRY

പാതിരാ നേരത്ത് കിടക്കയിൽ നിന്നും എഴുന്നേറ്റു പുറത്തേക്കിറങ്ങി.
അടുക്കളപ്പുറത്തു ചാരി വച്ചിരുന്ന തൂമ്പ കയ്യിലെടുത്തു .
മുറ്റവും തുളസിത്തറയും കടന്ന് പടികളിറങ്ങി താഴത്തെ തൊടിയിൽ ചെന്നു.
നല്ല ഇരുട്ടാണ് ,കയ്യിൽ വെളിച്ചത്തിന് ഒന്നും തന്നെ ഇല്ല.
എങ്കിലും നടന്നു.
നിറയെ കുഴികളുള്ള തൊടിയാണ്.
ഇടയ്ക്കു എന്തോ വള്ളിയിൽ കാലുടക്കി വീഴാൻ ഭാവിച്ചു .
പെട്ടെന്ന് തന്നെ എവിടെയോ പിടുത്തം കിട്ടി.
ചെരിപ്പിട്ടിട്ടില്ല.
എങ്കിലും കുഴപ്പമില്ല.
മണ്ണിന്റെ തണുപ്പ് വല്ലാത്ത സുഖം തരുന്നുണ്ട്.
മുന്നോട്ടു കടന്നു ചെല്ലുംതോറും ഇരുട്ട് മാറി നിലാവ് കയറും പോലെ തോന്നി.
മരങ്ങളും നിഴലുകളും നന്നായി കാണാറായി.
നേരെ നടന്നു ചെന്ന് നിന്നത് കൂറ്റൻ നാട്ടുമാവിൻ ചുവട്ടിലാണ്.
മുകളിലേയ്ക്കു നോക്കി .
നിറയെ മാങ്ങയുണ്ട്.
മനസ്സ് പടർന്നു നിൽക്കുന്ന മാവിൻ ചില്ലകളിൽ പിടിച്ചു കയറാൻ
തുടങ്ങി.
മുകളിലേക്ക് കയറും തോറും ഉത്സാഹം കൂടി വന്നു.
ബാല്യത്തിലേയ്ക്കടുക്കും
പോലെ...
പഴുത്ത ഒരു മാങ്ങ പറിച്ചു.
മാവിൽ നിറയെ ഉറുമ്പുണ്ട്.
മാമ്പഴം ഒന്ന് മണത്തു നോക്കി.
കൊതിപ്പിക്കുന്ന ഗന്ധം .....
കൊതിയോടെ മാങ്ങ കടിച്ചു.
തേൻ പോലെ മധുരിക്കുന്നു...
മാമ്പഴച്ചാർ ചുണ്ടുകൾക്കിടയിലൂടെ താഴേയ്ക്ക് ഒലിച്ചിറങ്ങി....
നാട്ടുമാങ്ങയെ ...എല്ലാം മറന്നു ആസ്വദിച്ചിരിക്കെ ഒരു വിളി കേട്ടു.
'മോനെ .......'

'ഇറങ്ങി വാ.....'

അമ്മയുടെ ശബ്ദം ..അമ്മ ഉറക്കെ വിളിക്കുകയാണ്.

ഉടൻ താഴേയ്ക്കിറങ്ങാൻ തുടങ്ങി.
ചില്ലകളിൽ പിടിച്ചു താഴേയ്ക്ക് താഴേയ്ക്ക്.....

ബാല്യത്തിന്റെ ചില്ലകളിൽ പിടിച്ചു കുട്ടി കരണം മറിഞ്ഞു.
കൗമാരത്തിന്റെ ജിജ്ഞാസയുടേയും കൗതുകത്തിന്റേയും പച്ചക്കൊമ്പിൽ അതി സാഹസികമായി തൂങ്ങിയാടി.
യൗവ്വനത്തിന്റെ ചില്ലയിൽ എത്തിയപ്പോൾ മറ്റൊരാളുടെ കരം കൂടെ പിടിച്ചു.
പിന്നെ ഒരുമിച്ചായി യാത്ര .
കുട്ടികളെ കണ്ട് ആനന്ദിച്ചു .
പിന്നീടെപ്പോഴോ ഒപ്പമുണ്ടായിരുന്ന കരം പിടി വിട്ടു.
കത്തുന്ന ചിതകളുടെ രൂക്ഷഗന്ധം........
വാർദ്ധക്യത്തിന്റെ ചില്ലയിൽ താൻ തനിച്ചായി.
പെട്ടെന്ന്.............
പിടിച്ചിരുന്ന കൊമ്പിൽ നിന്നും പിടി വിട്ടു നിലത്തു വീണു.
ഒരു വിധത്തിൽ എഴുന്നേറ്റു ...മുകളിലേയ്ക്ക് നോക്കി.
'മാങ്ങയോന്നുമില്ലല്ലോ....! മാവുണങ്ങി നിൽക്കുന്നു !
'താഴെ.....അമ്മ..അമ്മയെവിടെ !'

തൂമ്പ നിലത്തു കിടക്കുന്നു.
'എന്തിനാണിത് കൊണ്ട് വന്നത്?'
ഓർമയില്ല..
തൂമ്പയുമായി മടങ്ങിയെത്തി .
പടികൾ കയറി വന്നപ്പോളതാ.....
മുറ്റത്തെ തുളസിത്തറ കാണാനില്ല... അവിടം ശൂന്യമായിരിക്കുന്നു.
തലയുയർത്തി നോക്കി...
'ന്റെ തറവാടെവിടെ....!'കാണുന്നില്ല
സംശയം തീർക്കാൻ കുറെ കൂടി



അടുത്തു ചെന്ന് നോക്കി.
'ഇ ല്ല.....ത റ വാ ട്.....അ വി ടെ ഇല്ല....!'
ഉള്ളിൽ ഒരു ഇടിത്തീ വീഴും പോലെ. തറവാട് നിന്നിടത്തു വെറും കുഴി മാത്രം. പെട്ടെന്ന് കാലു തെറ്റി കുഴിയിൽ വീണു......
ഞെട്ടിക്കണ്ണു തുറന്നു .വീട്ടിലെ കിടപ്പ് മുറിയിലാണ്.

അപ്പോൾ ഞാൻ കിനാവ് കാണുകയായിരുന്നോ?.....
പുറത്തു വലിയ സംസാരവും ബഹളവും ഒക്കെ കേൾക്കുന്നുണ്ട്. ഉറക്കച്ചടവിൽ നിന്നും ഉണർന്ന് ജനാലയ്ക്കരികിൽ വന്നു നിന്ന് പുറത്തേക്ക് നോക്കി. കുറെ ആളുകൾ അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്നു.താഴെ വഴിയിൽ ഒരു വലിയ ലോറി കിടക്കുന്നത് കണ്ടു.ലോറിയിൽ വലിയ മരത്തടികൾ കയറ്റുന്നു.
പണിക്കാരൻ കേശവൻ അത് വഴി വന്നു.

'എന്താ കേശവാ അത്?'
'അതാ തോടീലെ നാട്ടുമാവാ...അത് വെട്ടി വിറ്റു..വെറുതെ സ്ഥലം കളയണ്ടെന്നാ ഇവിടുത്തെ മക്കളു പറയണേ...ഹാ.......'
ഒരു ദീർഘനിശ്വാസത്തോടെ കേശവൻ പറഞ്ഞു
ആകെ തരിച്ചു നിന്ന് പോയി . ഒന്നും ഉരിയാടാനാവുന്നില്ല.അപ്പുറത്ത് മക്കളുടെ സംസാരം കേട്ടു. തറവാട് പൊളിച്ചു മാറ്റി ലക്ഷങ്ങളുടെ ലാഭമുള്ള വൻ പദ്ധതിയെക്കുറിച്ച്.
അവരുടെ ലാഭം തന്റെ നഷ്ടമായി മാറവേ നാട്ടുമാവും കൊണ്ട്
ലോറി നീങ്ങി..

# ഗ്രാമ ഭംഗി

FATHIMA SALIM
S4 BA ISLAMIC HISTORY

മഞ്ഞു പൊഴിയും മഞ്ഞു പ്രഭാതം..
മാതള മലർ തൂകും ഗ്രാമമുഹൂർത്തം...
കോൾമയിൽ ചൂടിയ കസ്തൂരിവാക...
കാറ്റിന്റെ സ്വയംവര സുപ്രഭാതം...
അകലേക ചുംബികൾ സത്യാനു സാനുവിൽ...
ആയിരം കനകമയൂരം പടർത്തി..
വാസന സ്വപ്നത്തിൽ നാട്ടിൽ നിന്നുത്തമ
വിരുന്നിനായ് വാസന്ത ദേവി എത്തി...
കാറ്റിൻ വിരൽ തൊട്ടു പൊന്നിലഞ്ഞി ചോട്ടിൽ...
കണ്ണാരം പൊത്തിക്കളിക്കുമാ ബാല്യത്തിൽ
മധുരസ്മിതം തൂകുന്ന
ആയിരം പൂക്കൾ വിരിഞ്ഞിരുന്നു...
ആകാശമാരിവിൽ അഴകതിൽ ചേരുന്നു
ധന്യമാം ഈ പുണ്യഭൂമി...
അഴകോടെ ചാമരം വീശുമീ ലോകത്തിൽ
പുണ്യമായ് എൻ ജന്മം ഇന്നും...
വാനിൽ തിളങ്ങുമാ നക്ഷത്രദീപങ്ങൾ
താഴേക്ക് നോക്കി ചിരിക്കവെ എന്നുള്ളിൽ ..
ആത്മാനുരാഗത്തിൻ മുത്തുകൾ പെയ്തു...
ആ മഴയിൽ ഞാൻ കുളിർമയിൽ വീണു...
പൂവായ് വിരിഞ്ഞൊരാ പൊൻതളിർ
കൊന്നക്കോ മായാത്ത ഓർമ്മകൾ തൊട്ടു...

മാറ്റിൽ തിളങ്ങുമാ കണിക്കൊന്ന കാണുമ്പോൾ
മിഴികളിൽ വിഷുവിന് ആഹ്ലാദ ദീപം..
എങ്കിലും എല്ലാം ഒരു കിനാവ് പോൽ
മറയുന്നു നെഞ്ചിനുള്ളിൽ ഒരു നൊമ്പരമായ്..
ഇന്നീ ഭൂമിയിൽ വിതക്കുന്നു നാശം..
മറ്റാരുമല്ലവർ മനുഷ്യർ തന്നെ!
ഇന്നീ ലോകത്തിൽ യന്ത്രങ്ങൾ ഉണ്ടെങ്കിൽ
നിൻ മനം ചാഞ്ചാട്ടമുള്ളതാണോ?
രക്തമൂറ്റി കുടിക്കും രക്ത രഷസിനെ
പോലവർ അനുതാപമില്ലാതഹങ്കരിപ്പൂ..

ഇന്നിവിടെ ഒഴുകി മറയുന്ന ഗ്രാമഭംഗി..
എവിടെൻറ പുഴയും മലയും കാടുകളും ..
കൊന്നു തിന്നുവോ മനുഷ്യാ നിൻ-
കുലം മുടിച്ചുകൊണ്ട് പോയവ...
ശേഷിപ്പതെലലാം ഓർമ്മകൾ മാത്രം..
മധുരസ്മിതം തൂകും ഓർമ്മകൾ ...
എന്നും മരിക്കാതെ മനസ്സിൽ ..
ഒരു വിങ്ങലായ് നീ പുണ്യഭൂമി...





# ഉർവ്വശി

NADIYA NAZAR
S4 BSC CHEMISTRY

റെയിൽവേ പുറമ്പോക്കിലെ നാലുസെന്റിൽ കുടിൽകെട്ടി താമസിക്കുന്ന കുമാരനും കണ്ണമ്മയ്ക്കും മൂന്നാമത്തെ കുട്ടി പിറന്നപ്പോൾ ചുറ്റുവട്ടത്ത് താമസിക്കുന്നവർക്കൊക്കെ ആദിയും കുമാരനു മാത്രം ആനന്ദവുമായിരുന്നു. അടച്ചുറപ്പില്ലാത്ത വീട്ടിൽ അവർക്ക് അതുവരെ പേടിക്കേണ്ടി ഇരുന്നത് ചോര കുഞ്ഞിനെ കടിച്ചെടുത്തു കൊണ്ട് പോകാൻ വരുന്ന തെരുവുനായ്ക്കളെ മത്രമായിരുന്നെങ്കിൽ അന്നുമുതൽ ഇരുകാലി മൃഗങ്ങളെയും ഭയക്കേണ്ടിയിരുന്നു. കണ്ണമ്മയുടെ മൂന്നാമത്തെ കുഞ്ഞ് പെണ്ണായിരുന്നു . സന്ധ്യക്ക് തഴപ്പായിൽ മലർന്നു കിടന്ന് മാനത്തെ നക്ഷത്രങ്ങളെ എണ്ണുമ്പോഴും ചൂളം വിളിച്ച് വണ്ടികളോരോന്നായി ഓടി മറയുമ്പോഴും കുമാരന്റെ ചുണ്ടിലൊരു ചിരി, അമ്പിളികലയോളം പോന്ന കുഞ്ഞുപുഞ്ചിരി അങ്ങനെ തെളിഞ്ഞു നിൽപ്പുണ്ടായിരുന്നു. മൂന്നാമത്തെ പെൺ സന്താനം തന്റെ ഭാഗ്യ ദോഷങ്ങളൊക്കെ ഇല്ലാതാക്കുമെന്ന് അയാൾ വിശ്വസിച്ചു.

ചവറുമണം മാത്രമുള്ള, ഇടുങ്ങിയ ചേരിയിലിരുന്ന് അയാളെ

സ്വപ്നം കാണാൻ പഠിപ്പിച്ചത് ഇടതു കവിളിൽ നുണക്കുഴിയും താടിയുടെ വലതുവശത്ത് മഞ്ചാടി പോലെ ചുവന്ന മറുകുമുള്ള കുഞ്ഞു മകളുടെ മുഖമായിരുന്നു. അസാധാരണമായ ഒരാകർഷണ വലയം അവൾക്കു ചുറ്റും സദാ ചലിക്കുന്നതായി കുമാരന് തോന്നി. റെയിൽവേ സ്റ്റേഷനിലെ ചുമടെടുപ്പുകാരിൽ ഏറ്റവുമധികം വിദ്യാഭ്യാസമുള്ളതും കുമാരനായിരുന്നു.ആറാം ക്ലാസിൽ മൂന്നു തവണ തോറ്റതാണ് കുമാരന്റെ യോഗ്യത. മുറി ഇംഗ്ലീഷ് കൂട്ടി വായിക്കാനും, നഗരത്തിൽ വന്നിറങ്ങുന്ന വിദേശികളായ സഞ്ചാരികൾക്ക് അത്യാവശ്യം വഴിപറഞ്ഞു കൊടുത്തു സഹായിക്കാനും അവരുടെ കൂട്ടത്തിൽ മറ്റാർക്കും കഴിയാത്ത കാര്യങ്ങളാണ്. എന്നാൽ ഒൻപതാം ക്ലാസ് വരെ പഠിച്ച, പഠിക്കാൻ മിടുക്കിയായിരുന്നിട്ടും പഠിക്കാനാവാതെ പോയ തന്റെ കണ്ണമ്മയെ വിവാഹം കഴിക്കാൻ തന്റെയി മിടുക്ക് മതിയാകുമായിരുന്നില്ലെന്നാണ് കുമാരന്റെ പക്ഷം.

ആറാം ക്ലാസ് മൂന്നാം തവണയും തോറ്റതോടെയാണ് പണി തേടി, കുമാരൻ അമ്മാവനോടൊപ്പം കൂടിയത്. തെക്ക് ഏതോ ദേശത്തു നിന്ന് കുടിയേറി പാർത്ത മാപ്പിളമാരുടെ വയലിലെയും പറമ്പിലെയും പണിക്കുവേണ്ടി പാതിക്കൂലിക്കാരനായി അമ്മാവൻ കുമാരനേയും കൂട്ടി. കൊല്ലമൊന്ന് കടക്കും മുൻപ് പാതിക്കൂലിയിൽ നിന്നു മുഴുവൻ കൂലിയും വാങ്ങുന്ന നല്ല പണിക്കാരനായി മാറിയിരുന്നു കുമാരൻ. എട്ടരവർഷം വിശ്വസ്തനായി നിന്നു പണിയെടുത്ത കുമാരൻ പെട്ടെന്നൊരു രാത്രി, അവിടുത്തെ അടുക്കള വേലയ്ക്കു നിൽക്കുന്ന ചാത്തുണ്ണിയുടെ ഇളയ മകളേയും കൊണ്ട് കടന്നുകളഞ്ഞത് ആദ്യമാരും വിശ്വസിച്ചില്ല. പെറ്റമ്മ പോലും മൂന്നു തലമുറയ്ക്കു വരെ നീളുന്ന ശാപം നീട്ടി വിളിച്ചു കരഞ്ഞപ്പോഴും, അലിക്കോയയുടെ രണ്ടാമത്തെ മകനു മാത്രം സന്തോഷമായിരുന്നതിന്റെ കാരണം കുമാരനും കണ്ണമ്മയ്ക്കും മാത്രമറിയുന്ന രഹസ്യമായിരുന്നു.

പാതിരാത്രി പാടം കടന്ന്, പുഴ കടന്ന് പോകുമ്പോൾ എത്തിച്ചേരേണ്ട നാട് തെക്കേതെങ്കിലുമായിരിക്കണമെന്നരാശ പറഞ്ഞു കണ്ണമ്മ. ഒന്നും മിണ്ടാതെ അവളെയും കൂട്ടി പുലർച്ചേയുള്ള തീവണ്ടിയിൽ കയറിരികുമ്പോൾ ഭയമേതും കൂടാതെ ചുമലിൽ ചായ്ച്ച് അവൾ മയങ്ങുന്നകണ്ടപ്പോ, അവളുടെ ആശയ്ക്ക് അർത്ഥമുള്ളതായി കുമാരന് തോന്നി. പിറ്റേന്ന് പകൽ ഉച്ചചൂടടങ്ങിയ നേരത്ത് അവർ പത്മനാഭന്റെ മണ്ണിൽ വന്നിറങ്ങി. വാടകപണം കൊടുക്കാനില്ലാത്തതുകൊണ്ട് എവിടെയന്തിയുറങ്ങണമെന്നറിയാതെ,നഗരത്തിരക്കിൽ അന്ധാളിച്ചു നിൽപ്പായിരുന്നു ആദ്യം. കൂലിപ്പണിക്ക് പോകുന്ന ഒരു കൂട്ടം ആളുകളെ കണ്ടതും എങ്ങുനിന്നൊന്നില്ലാത്ത ധൈര്യം കൊണ്ട് കുമാരൻ അവരുടെ അടുത്തേക്ക് നടന്നു. വേല തേടി വന്നതാണെന്നും നീക്കിയിരിപ്പൊന്നുമില്ലെന്നും പത്തൊമ്പത് വയസ്സുള്ള പെൺകുട്ടിയുണ്ടെന്നും കൂടെ പറഞ്ഞപ്പോൾ അന്നത്തെയന്നത്തിനു വേണ്ടി പണിയെടുന്ന അവരുടെ മനസ്സും അലിഞ്ഞെന്നു തോന്നി. എല്ലാവരും 'വേലപ്പണ്ണാ' എന്ന് വിളിക്കുന്ന വേലപ്പൻ മേസ്തിരിയുടെ ഇരുമുറി വീട്ടിൽ അവർ അന്ന് അന്തിയുറങ്ങി. അടുത്ത പകൽ മുതൽ റെയിൽവേ സ്റ്റേഷനിൽ ചുമടെടുക്കാനും രാത്രി വൈകുവോളം ലോറിത്താവളത്തിൽ വണ്ടി കഴുകാനും കുമാരൻ പോയിത്തുടങ്ങി. യാത്രയുടെ ആലസ്യത്തിൽ നിന്നും കണ്ണമ്മയ്ക്ക് പുറത്തുവരാൻ വീണ്ടും മൂന്നുദിവസംമെടുത്തു. കഞ്ഞിപ്പാത്രം കാണുമ്പോഴേക്കും അവളുടെ കുടൽ കാവടിയാടുന്നതും അധികം കഴിയും മുൻപ്തന്നെ മഞ്ഞവെള്ളം കക്കുന്നതും വേലപ്പൻ മേസ്തിരിയുടെ ഭാര്യ ശ്രദ്ധിക്കുന്നുണ്ടായിരുന്നു.അങ്ങനെ പുതിയ നാട്ടിലെ പുതിയ പണിക്കാരനായത്തിന്റെ ഏഴാം നാൾ ആൽത്തറ ദൈവങ്ങളുടെ മുന്നിൽ വച്ച് കുമാരനൊരു ഭാര്യയുണ്ടായി. പുറമ്പോക്കിലെ

ആറാം ക്ലാസ് മൂന്നാം തവണയും തോറ്റതോടെയാണ് പണി തേടി, കുമാരൻ അമ്മാവനോടൊപ്പം കൂടിയത്. തെക്ക് ഏതോ ദേശത്തു നിന്ന് കുടിയേറി പാർത്ത മാപ്പിളമാരുടെ വയലിലെയും പറമ്പിലെയും പണിക്കുവേണ്ടി പാതികൂലിക്കാരനായി അമ്മാവൻ കുമാരനേയും കൂട്ടി. കൊല്ലമൊന്ന് കടക്കും മുൻപ് പാതിക്കൂലിയിൽ നിന്നു മുഴുവൻ കൂലിയും വാങ്ങുന്ന നല്ല പണിക്കാരനായി മാറിയിരുന്നു കുമാരൻ.



സ്ത്രീജനങ്ങൾ ഒത്തുകൂടുന്ന കാട്ടുപറമ്പുകളിലും ചുള്ളിപൊന്തകളിലും ആളുകൾ അലസമായി നടക്കുന്ന പാളങ്ങളിലും ശക്തമായ ഒരല പോലെ വന്ന് പെട്ടന്ന് ഉൾവലിഞ്ഞ വാർത്ത മാത്രമായി കുമാരൻ കണ്ണമയെ വിവാഹം ചെയ്തത്. അധികകാലം വേലപ്പൻ മേസ്തിരിയുടെ വീടിനെ ആശ്രയിക്കാനാവില്ലന്ന് അറിയുന്നത് കൊണ്ടുതന്നെ എത്രയും വേഗം പുറമ്പോക്കിൽ അവകാശികൾ ഇല്ലാത്ത ഒരു ചതുരനിലത്തിന്റെ ഉടയോനായി കുമാരൻ മാറി. ഓലച്ചീന്തുകളും ടാർപ്പോളിനും പഴയ ബാനറുകളുമൊക്കെ കെട്ടി മറച്ച കുടിലിൽ തഴപ്പായും മൂന്നു കലവും പണിയായുധങ്ങളും മുഷിഞ്ഞ തുണികൾ നിറച്ച വീഞ്ഞപെട്ടിയുമായി അവർ പുതിയ ജീവിതം തുടങ്ങുമ്പോൾ മറ്റുള്ളവരുടെ കണ്ണിൽ കണ്ണമ്മക്ക് നാലാം മാസവും സ്വന്തം കണക്കിൽ അവൾക് ആറാം മാസവും ആയിരുന്നു. ലോറിതാവളത്തിലെ പണി കഴിഞ്ഞ് കുമാരൻ തിരികെയെത്തുന്നത് കാണാൻ പാതിരാത്രി വൈകുവോളം അവൾ അവിടെ ഉറങ്ങാതെയിരുന്നു. തെണ്ടിത്തിരിഞ്ഞ് വരുന്ന ചാവാലി പട്ടികളെ കല്ലെറിഞ്ഞും മിന്നാമിന്നികളോട് വർത്തമാനം പറഞ്ഞുമിരിക്കാറുള്ള അവൾക്ക് ഒരിക്കലും പേടിയുണ്ടായില്ല.രാത്രി കുമാരന്റെ നെഞ്ചിന്റെ സുരക്ഷത്വത്തിൽ കിടക്കുമ്പോഴെല്ലാം അവളൊരു പേരു മാത്രം പറഞ്ഞു. ഉർവ്വശി. തെക്കുദിക്കെന്ന പോലെ അവൾ വാശി പിടിച്ച മറ്റൊന്ന്. തന്റെ പെൺസന്താ നത്തിന് ഉർവ്വശി എന്ന പേരു വെക്കണം. ഒൻപതാം മാസത്തിൽ ആദ്യത്തെ കണ്മണിക് കുഞ്ഞമ്പുവെന്ന് പേരിട്ടു വിളിച്ചപ്പോൾ മാസം തികയാത്ത കുഞ്ഞിന്റെ തലമുടി കണ്ട് ചുറ്റുമുള്ള പെണ്ണുങ്ങളൊക്കെ ആശ്ചര്യപ്പെട്ടു. കുഞ്ഞമ്പു വിനു പിന്നാലെ കുഞ്ഞാമനും പിറക്കാൻ ആകെ പത്തൊൻപത് മാസമായിരുന്നു ഇടവേള. തീവണ്ടി പാളവും ചേരിയും ചതുപ്പും കലപില നിറഞ്ഞ അന്തരീക്ഷവും, ബഹളങ്ങളോടുള്ള ഭയത്തിൽ നിന്ന് ആ കുഞ്ഞുങ്ങളെ മാറ്റി നിർത്തി. എന്നിട്ടും ഉർവശിക്കു വേണ്ടി കണ്ണമ്മയുടെ മനസ്സ് തുടിച്ചു. ഇടം കവിളിൽ നുണക്കുഴിയുള്ള താടിയിൽ മറുകുള്ള , ശംഖു പോലെ കഴുത്തുള്ള, ഇന്ദ്രസദസ്സിലെ അപ്സരസിനെ പോലെ സുന്ദരിയായ ഉർവ്വശിക്കു വേണ്ടി അവൾ കാത്തിരുന്നു. ഇതിനിടയിൽ ചുറ്റുമുള്ള സമ്പന്നമായ വീടുകളിലെ അടുക്കള ജോലിയുടെയും അടിച്ചു വാരലിന്റെയും ചുമതല അവളുടെ ഉത്തരവാദിത്വം ഉള്ള കൈകളിലായി. അങ്ങനെയിരിക്കെ ആണ് കണ്ണമ്മയുടെ കുടൽ കഞ്ഞിപാത്രത്തിനു മുന്നിൽ വീണ്ടും കാവടി തള്ളിയത്. ഇത്തവണ മന്ത്രിച്ചത് മുഴുവൻ കുമാരനായിരുന്നു. ഒപ്പം, അതുവരെ പറയാതിരുന്നൊരാശ അയാൾ പ്രകടിപ്പിച്ചു തുടങ്ങി. ഉർവ്വശിക്കു രണ്ട് വയസ്സാകുമ്പോൾ വടക്കോട്ടുള്ള ഒരു വണ്ടിയിൽ വർഷങ്ങൾക് മുൻപ് പിന്നിട്ട വഴിയിലേക്ക് ഒരു യാത്ര. അതു പറയാനും ആഗ്രഹിക്കാനും മറ്റാരേക്കാളും അവകാശം ഉണ്ടായിരുന്നത് കുമാരനാണെന്ന് അവൾക്കും നല്ല ബോധ്യമുണ്ടായിരുന്നു. ഉർവ്വശി.. ഉർവ്വശി എന്ന് മന്ത്രിച്ചു കടന്നുപോകുന്ന രാത്രികളുടെ മേൽ തീവണ്ടിയുടെ കൂക്കിവിളികളും ചേർന്ന് പുലരി

യെ ഓരോ തവണയും വരവേറ്റു. അങ്ങനെ ഒരു വെളുപ്പാൻ കാലത്താണ് അവൾ പിറക്കുന്നത്. ഒട്ടും സങ്കോചമില്ലാതെ അയാൾ കൈ കുഞ്ഞിനെ വാരിയെടുത്തു ആരെയും കാക്കാതെ കാതിൽ വിളിച്ചു – ഉർവ്വശി.മോണ കാട്ടി ചിരിക്കുന്ന ഉർവ്വശിക്ക് പല്ലു വരാൻ, പേര് ചോദിച്ചാൽ പറയുന്ന പ്രായമാകാൻ അയാൾ അക്ഷമയോടെ കാത്തിരുന്നു. 'കുമാരണ്ണനല്ലാതെ മറ്റാർക്കറിയാം ഇത്രയും പരിഷ്കാരമുള്ളോരുടെ പേരെ' ന്ന് മറ്റു പോർട്ടർമാർ പറഞ്ഞപ്പോൾ എന്റെ കണ്ണമ്മക്കറിയാം എന്നയാൾ ചിരിച്ചുകൊണ്ടു മറുപടി പറഞ്ഞു. അങ്ങനെ കാത്തിരുന്നു പെൺകുഞ്ഞിന് രണ്ട് വയസ്സ് തികഞ്ഞ നാളിൽ വടക്കോട്ടുള്ള രാത്രി വണ്ടിയിൽ തിരക്ക് കുറഞ്ഞ കമ്പാർട്ട്മെന്റിൽ അവർ കയറിയിരുന്നു. ഒളിച്ചോടിപ്പോയ കുമാരനും കണ്ണമ്മയും മക്കളോടൊത്ത് തിരികെ വന്ന വാർത്ത ഗ്രാമം ഞെട്ടലോടെയാണ് കേട്ടത് . കൂപ്പിലായിരുന്ന അലിക്കോയയുടെ രണ്ടാമത്തെ മകൻ ആദി പൂണ്ട് വീട്ടിലേക്ക് തിരികെ വരുമ്പോഴേക്കും കുമാരന്റെ അമ്മ വെറുപ്പ് മറന്നു മരുമകളെ സ്വീകരിക്കാൻ ഒരുക്കമായിരുന്നു. പണ്ടേ അമ്മ മരിച്ചു പോയ കണ്ണമ്മയുടെ അച്ഛൻ ചാത്തുണ്ണി രണ്ടാമത്തെ മകൻ കുഞ്ഞാമൻ ജനിച്ചന്നാണ് മരിച്ചതെന്ന് അവർ പറഞ്ഞു അവൾ അറിഞ്ഞു. തന്റെ പഴയ മുതലാളിയെ കുടുംബസമേതം കാണാൻ പോയ കുമാരൻ അവിടെയപ്പോൾ മറ്റൊരാളെ തിരയുകയായിരുന്നു. മണലിൽ വീണ പേരക്ക കൗതുകത്തോടെയെടുത്തു കളിക്കുന്ന ഉർവ്വശിയെ കണ്ടാണ് കുഞ്ഞിഹമീദ് പടിപ്പുര കയറുന്നത്. ഇടം കവിളിൽ നുണക്കുഴിയുള്ള താടിക്ക് മറുകുള്ള പെൺകുട്ടിയോട് പേര് ചോദിച്ചപ്പോൾ അയാളുടെ ശബ്ദം വിറച്ചിരുന്നു. ഉർവ്വശിയെന്നും അപ്പുറത്ത് കളിക്കുന്നത് അവളുടെ അണ്ണന്മാരായ കുഞ്ഞമ്പുവും, കുഞ്ഞാമനും ആണെന്ന് പറഞ്ഞപ്പോൾ അയാൾ നെടുതായൊന്ന് ആശ്വസിച്ചു .ഒളിച്ചോടാൻ എന്ന് പറഞ്ഞ് രാത്രിഇറക്കിക്കൊണ്ടുവന്ന പെണ്ണിനെ മുക്കിക്കൊല്ലാൻ തുനിഞ്ഞ മുതലാളിയെ തല്ലി ഒറ്റ വീർപ്പിൽ

കേട്ട കഥയ്ക്ക് മറുപടി പറയാതെ പെണ്ണിനെ കൊണ്ടുപോയി പണിക്കാരൻ ചെറുക്കന്റെ കഥ അപ്പോൾ അവിടെ മൂന്നു പേര് ഓർത്തു.

പണ്ടേ അമ്മ മരിച്ചു പോയ കണ്ണമ്മയുടെ അച്ഛൻ ചാത്തുണ്ണി രണ്ടാമത്തെ മകൻ കുഞ്ഞാമൻ ജനിച്ചന്നാണ് മരിച്ചതെന്ന് അവർ പറഞ്ഞു അവൾ അറിഞ്ഞു. തന്റെ പഴയ മുതലാളിയെ കുടുംബസമേതം കാണാൻ പോയ കുമാരൻ അവിടെയപ്പോൾ മറ്റൊരാളെ തിരയുകയായിരുന്നു. മണലിൽ വീണ പേരക്ക കൗതുകത്തോടെയെടുത്തു കളിക്കുന്ന ഉർവശിയെ കണ്ടാണ് കുഞ്ഞിഹമീദ് പടിപ്പുര കയറുന്നത്.


REJECT NEP 20-19
SAVE EDUCATION
NOT FOR SALE
#REJECT NEP
AIDSO
Reject
NEP-2020
Save
Public
शिक्षा का
सांप्रदायिकरण



> "They said a spectre was haunting Europe.
> 'Do you know what a spectre is?'
> the ideologues asked the beedi-rollers.
> 'We know, comrades,' Koomankavu's new proletarians replied.
> 'We have djinns and poothams here.'
> 'You are not listening, comrades."

— O.V. Vijayan, The Legends of Khasak

# മാർക്സിസവും സ്ത്രീവിമോചനവും

ARJUN

മുതലാളിത്തത്തിൽ സ്ത്രീ എങ്ങനെയാണ് അരികുവത്കരിക്കപ്പെടുന്നത് എന്ന പ്രശ്നം ധാരാളം ചിന്തകർ വിഷയമാക്കിയിട്ടുണ്ട്. ഓരോ കമ്മ്യൂണിസ്റ്റിന്റെയും തൊലിപ്പുറത്തിനുള്ളിൽ ഒരു സംസ്കാരശൂന്യനുണ്ടെന്ന് ലെനിൻ പ്രസ്താവിച്ചത്, സ്ത്രീകളോടുള്ള ബഹുജനസമൂഹത്തിന്റെ തെറ്റായ സമീപത്തെ മുൻനിർത്തിയാണ്. തൊഴിലാളിവർഗം ഒരു ശക്തിയായി സംഘടിച്ചാൽ പോലും നമ്മുടെ മനസിൽ ആഴത്തിൽ വേരുറച്ചു പോയ സ്ത്രീവിരുദ്ധതയും പിന്തിരിപ്പൻ സാദാചാരബോധവും ഇല്ലാതാകുന്നില്ല എന്നും കാണണം.

പാട്രിയാർക്കി ഇന്നും സ്ത്രീയെ രണ്ടാംകാരിയായി മാറ്റുന്നതിന് ധാരാളം കാരണങ്ങളുണ്ട്. മുൻകാല വർഗസമൂഹങ്ങളിലെ (അടിമത്തം, ഫ്യൂഡലിസം) കടുത്ത ലിംഗവിവേചനത്തിന്റെയും സ്ത്രീ വിരുദ്ധനയങ്ങളുടെയും അവശേഷിപ്പുകൾ ഇന്നും ഇവിടെ തുടരുന്നുണ്ട്. മതം, കുടുംബം, കല, മാധ്യമങ്ങൾ, വിദ്യാഭ്യാസം, സാഹിത്യം, സമൂഹ്യ പൊതുബോധം തുടങ്ങിയ അനേകം ഘടകങ്ങളാൽ നാം ചെറുപ്പം മുതലേ Socially conditioning ചെയ്യപ്പെടുന്നുണ്ട്. ഉള്ളിന്റെയുള്ളിലെ ഈ പാട്രിയാർക്കിയൽ ധാരണകൾക്കെതിരെ സ്വയം പരിഷ്കരിക്കേണ്ടതും അനിവാര്യമാണ്. കണ്ടുശീലിച്ച ഇത്തരം പിന്തിരിപ്പൻ ആശയങ്ങളെ തിരിച്ചറിയാനും പലപ്പോഴും നമുക്ക് കഴിയാറില്ല. മുതലാളിത്തം തൊഴിലാളിയുടെ അധ്വാനശക്തിയെ ചൂഷണം ചെയ്യുന്നെങ്കിൽ പാട്രിയാർക്കി സ്ത്രീയുടെ അധ്വാനിശക്തിയേയും ലൈംഗികതയേയും ചൂഷണം ചെയ്യുന്നുവെന്ന് കാതറീൻ മാകിനോൺ ചൂണ്ടിക്കാട്ടുന്നു. ശ്രദ്ധിക്കുക. മുതലാളിത്തം എന്ന വ്യവസ്ഥിതിയിൽ വില്ലൻ മുതലാളിമാർ അല്ല. മറിച്ച് ഇത്തരമൊരു ഉത്പാദനഘടനയാണ് പ്രശ്നം അതുപോലെ പുരുഷനെ വില്ലനാക്കുകയല്ല ഫെമിനിസം ചെയ്യുന്നത്. പുരുഷനിലും സ്ത്രീയിലും ഒരുപോലെ വേരുറച്ചുപോയ പുരുഷ മേധാവിത്ത ആശയങ്ങളും സ്ഥാപനങ്ങളുമാണ് പ്രശ്നം. 1970കളിൽ പ്രസിദ്ധ മാർക്സിസ്റ്റുകളായ പെഗ്ഗി മോർട്ടൺ, മാർഗരറ്റ് ബെൻസ്റ്റൺ എന്നിവരുടെ നിരീക്ഷണങ്ങൾ പ്രസക്തമാണ്. വീട്ടുജോലി ഒരു സേവനമൂല്യം ഉൾക്കൊള്ളുന്നു എന്നതാണത്. തൊഴിലാളിയുടെ അധ്വാനശക്തിയുടെ മൂല്യമാണ് അവന് കൂലിയായി ലഭിക്കുക. ഈ അധ്വാനത്തിലൂടെയാണ് അവൻ ചരക്കുകളായും സേവനങ്ങളായും മൂല്യം സൃഷ്ടിക്കുന്നത്. അധ്വാനശക്തിയുടെ മൂല്യമായ 'കൂലി' അവൻ സ്വന്തം കാര്യത്തിന് ചെലവഴിക്കുകയല്ല. കുടുംബത്തിന്റെ മൊത്തത്തിലുള്ള അതിജീവനത്തിന് വിനിയോഗിക്കുകയാണ്. അതേസമയം വീട്ടിലെ സ്ത്രീയും വളരെ ഉയർന്നതോതിൽ സേവനമൂല്യം സൃഷ്ടിക്കുന്നുണ്ട്. വീട് വൃത്തിയാക്കുക, പാചകം ചെയ്യുക, പാത്ര

ങ്ങളും വസ്ത്രങ്ങളും കഴുകുക. ചെലവുകൾ നിയന്ത്രിക്കുക, ശി ശുപ രിപാലനം എന്നിങ്ങനെ. എന്നാൽ മുത ലാളിത്തത്തിലും വീട്ടുജോലി എന്നാൽ കൈമാറ്റമൂല്യം ഇല്ലാത്ത വെറുമൊരു ധാർമി കബാധ്യത മാത്രമാണെന്ന് പെഗ്ഗി മോർട്ടൺ പറയുന്നു. വീട്ടുജോലി യും അടുക്കളപ്പണിയും പലപ്പോ ഴും പുറം തൊഴിലിനെ അപേക്ഷി ച്ച് നിസാരവത്ക രിക്കപ്പെടുന്നു. തരംതാഴ്ത്തപ്പെടുന്നു.

നമ്മുടെ നിത്യജീവിതത്തിൽ തന്നെ ഇത് പ്രകടമാണ്. പുറത്ത് നിത്യവൃത്തിക്കായി ജോലിക്ക് പോകുന്ന തൊഴിലാളി തങ്ങളു ടെ തൊഴിൽ ഒരിക്കലും വളരെ എളുപ്പമുള്ളതാണെന്ന് പറയാ റില്ല. തൊഴിൽ പലപ്പോഴും അഭി മാനത്തിന്റെ കൂടി ഭാഗമായി നാം കാണാറുമുണ്ട്. എന്നാൽ വീട്ടി നുള്ളിലെ സ്ത്രീ നിർവഹിക്കുന്ന ജോലികൾ വളരെ നിസാരവും ബുദ്ധിമുട്ടില്ലാത്തതും ആയി തോ ന്നുകയും തരംതാഴ്തുകയും ചെ യ്യുന്നു. കൂലിക്കുവേണ്ടി ചെയ്യുന്ന തൊഴിലിനോളം തന്നെ മൂല്യവും പ്രാധാന്യവും കാഠിന്യവും വീട്ടു ജോലിക്കുണ്ട്. (ഒരു പക്ഷേ തൊ ഴിലിനേക്കാളും). Housework ന്റെ അടിസ്ഥാനമാകട്ടെ കൂലിയല്ല. സ്നേഹബന്ധങ്ങളും അതിനേ ക്കാളേറെ വിവാഹം, ഭാര്യാത്വം തുടങ്ങിയ സാമൂഹ്യഉടമ്പടികളും കീഴ് വഴക്കങ്ങളുമാണ്. അതുകൊ ണ്ടുതന്നെ ശമ്പളമോ, ആനുകൂല്യ ങ്ങളോ, അവധിയോ, കൃത്യമായ സമയമോ, വിരമിക്കലോ, പെൻ ഷനോ ഒന്നും തന്നെ അടുക്ക ളപ്പണിക്ക് ബാധക മാകുന്നില്ല. ഇതെല്ലാം പെണ്ണിന് വേണ്ടി നിശ്ച യിക്കപ്പെ ട്ടിരിക്കുന്ന തൊഴിലായി നാം നോർമലൈസ് ചെയ്തിരി ക്കുന്നു. മുതലാളിത്തം അതിന്റെ വിവേചനയുക്തികളെ വീട്ടിനുള്ളി ലും ഇമിറ്റേറ്റ് ചെയ്യുന്നു.



1898ൽ സോഷ്യലിസ്റ്റ് ചിന്തകയായ ചാർലോട്ട് പെർകിൻസ് ഗിൽമൻ ഇത് ചൂണ്ടിക്കാട്ടുന്നുണ്ട്:- സ്ത്രീ യുടെ അടിമത്തത്തിന്റെ ഘടനാ പരമായ ഭൗതികാടിത്തറ എന്നത് സ്ഥാപനവത്കരിക്കപ്പെട്ട വീട്ടു ജോലി ആണ്. ഇത് അരങ്ങേറുന്ന ത് വീട് എന്ന സ്വകാ ര്യത്തിലും, സോഷ്യലിസ്റ്റ് ഉത്പാദനക്രമത്തിൽ ഇത് പൊളിച്ചെഴുതപ്പെടുന്നത് രണ്ട് വിധത്തിലാണ്. ഒന്ന്, ഗാർഹിക ജോലികൾ പൊതുമണ്ഡലത്തിലേ ക്ക് കൊണ്ടുവരി കയും അവയ്ക്ക് മൂല്യം കൽപിക്കപ്പെടുകയും ചെ യ്യുക ഉദാ- സോവിയറ്റ് റഷ്യയിൽ പൊതുഭക്ഷണശാലകൾ, അലക്കു കേന്ദ്രങ്ങൾ, Childcare തുടങ്ങിയ പൊതു സേവനങ്ങൾ ഏർപെടു ത്തിയത്.

രണ്ട്, ഗാർഹികാധ്വാനവും സമ യവും വളരെയധികം ലഘൂക രിക്കാവുന്ന വിധം പുത്തൻ സാ ങ്കേതികവിദ്യകളുടെ ഉപയോഗം. ഇതിലുപരി വീട്ടുജോലി എന്നത് ഒരു gender role മാത്രമാകാതെ എല്ലാവരുടെയും ജീവിതചര്യ യായി മാറ്റേണ്ടതും അനിവാര്യമാ ണ്. സ്വാഭാവികമായും ഇതിന്റെ യൊക്കെ ഫലമായി സ്ത്രീയുടെ ഒഴിവുസമയം വളരെയധികം വർധി ക്കുകയും അവളുടേതായ താത്പ ര്യ മേഖലകളിൽ പ്രവർത്തിക്കാനും സ്വപ്നങ്ങൾ കീഴടക്കാ നുമുള്ള സ്വാതന്ത്ര്യം ലഭിക്കുകയും ചെയ്യും.

വലതുപക്ഷ ഫെമിനിസത്തെ ശക്തമായി എതിർത്ത മാർക്സി സ്റ്റ് ഫെമിനിസ്റ്റുകളാണ് ക്ലാര സെ റ്റ്കിൻ , അലക്സാണ്ടർ കൊലൻ തായ് തുടങ്ങിയ വർ. ധനികരായ 18 സ്ത്രീകൾക്ക് തൊഴിലിടങ്ങളി ലും വീട്ടിലും ഭൂരിപക്ഷം വരുന്ന പാവപ്പെട്ട സ്ത്രീകളുടെ സാമ്പ ത്തികവും ലൈംഗികവുമായ ചൂ ഷണങ്ങളെ തിരിച്ചറിയാനാവി ല്ലെന്നും സാമ്പത്തികഘടനയുടെ പൊളിച്ചുപണിയലിനും ഇവിടെ പ്രാധാന്യമുണ്ടെന്നും ഇവർ വാ ദിക്കുന്നു.




വിദ്യാഭ്യാസം സ്ത്രീയുടെ സാമൂഹ്യ ഉന്നമനത്തിന് വഴിതെളിക്കുമെങ്കിലും വിമോചനത്തിലേക്ക് അത് നയിക്കില്ല. സമ്പദ്‌വ്യവസ്ഥ വളർന്നിട്ടും കാര്യ മില്ല. സ്ത്രീക്ക് സ്വത്തുവകകളുണ്ടെങ്കിലും അതിന്റെ നിയന്ത്രണം ഭർത്താവിനായേക്കാം. നമ്മുടെ നാട്ടിലും ഇതുതന്നെയാണ് പൊതുസ്ഥിതി വളരെ ഉയർന്ന വിദ്യാഭ്യാസ മുണ്ടെങ്കിൽ പോലും സ്ത്രീക്കുമേൽ അടിച്ചേൽപിക്കപ്പെട്ട കടമകളും നിവൃത്തിയി ല്ലായ്മയും മൂലം വിവാഹത്തിലും വീട്ടമ്മ പത വിയിലും ഒടുങ്ങുന്ന സ്ത്രീജീവിതങ്ങളാണ് ഏറെയും. തൊഴിൽ, സാമ്പത്തിക രംഗങ്ങളിലും മറ്റ് മേഖലകളിലും സ്ത്രീപങ്കാളിത്തം പരിശോധിച്ചാൽ കേരളം മറ്റ് സംസ്ഥാനങ്ങളേക്കാൾ ബഹുദൂരം പിന്നിലാണ്. 'വിട്ടമ്മ'. 'മാതൃത്വം' തുടങ്ങിയ സ്റ്റീരിയോടൈപ്പുകൾ ഇത്രമേൽ ഗ്ലോറിഫൈ ചെയ്യപ്പെടുന്ന മറ്റൊരു നാടും ഉണ്ടാവില്ല. വിദ്യാഭ്യാസശേഷം 'ഗാർഹിക വത്കരിക്കപ്പെടുന്ന' പെൺകുട്ടികളാണ് ഭൂരിപക്ഷവും, 'കല്ല്യാണം കഴിഞ്ഞും പഠിക്കാല്ലോ' എന്ന മോഹവാഗ്ദാനം ഒഴിച്ചാൽ ഇത്തരം അഭിവൃദ്ധികൾ സ്ത്രീയുടെ ഗാർഹികാടിമത്ത്വത്തെ ഇല്ലാതാക്കില്ല.

ലിംഗസമത്വം എന്നത് പുതുതായി കുറേ അവകാശങ്ങൾ എഴുതി നൽകൽ അല്ലെന്ന് 'റോസാ ലക്സംബർഗ്'. ഇത് ബൂർഷാ ഫെമിനിസ്റ്റ് മാതൃകയാണ്. ഹെയ്തി ഹാർട്ട്മാന്റെ നിരീക്ഷണത്തിലും ഫെമിനിസം എന്നത് പാട്രിയാർക്കിക്ക് എതിരെ മാത്രമല്ല, ചൂഷണാധിഷ്ഠിതമായ മുതലാ ളിത്തത്തിന് എതിരെക്കൂടിയാണ്. 'സമത്വം' എന്ന ആശയം ഒരു ദിവാസ്വപ്നം മാത്രമാ ണെന്നും ചൂഷണവും വിവേചനങ്ങളും ഇല്ലാതെ വ്യവസ്ഥിതിക്ക് മുന്നോട്ടു പോകാനാവില്ല എന്നും ഉള്ള മുതലാളിത്തയുക്തിക്കെതിരായ ആശയമുന്നേറ്റമാണ് ആവശ്യം.

മുതലാളിത്ത സമ്പത്തു വ്യവസ്ഥയ്ക്ക് കീഴിൽ നിലനിൽക്കുന്ന ലിബറൽ ജനാധിപത്യ രാജ്യങ്ങളിലുൾപ്പെടെ കണ്ടുവരുന്ന ഒര മാറ്റം കൂട്ടുകുടുംബങ്ങളിൽ നിന്നും 'അണു കുടുംബങ്ങളി' ലേക്കുള്ള പരിണാമമാണ്. അണുകുടുംബങ്ങളുടെ വർധന മാർക്കറ്റിലെ ഡിമാന്റ് വർധിപ്പിക്കുന്നതിലൂടെ മുതലാളിത്തത്തിനും ഗുണം ചെയ്യുന്നുണ്ടെന്ന് കാണാം. (കൂട്ടുകുടുംബം പല അണു കുടുംബങ്ങളായി പിരിഞ്ഞപ്പോൾ വീടുകളുടെയും വീട്ടുസാധനങ്ങളുടെയും ഉപഭോഗവസ്തുക്കളുടെയും ഒക്കെ ആവശ്യകതയും വർധിക്കുമല്ലോ). കുടുംബത്തിൽ സ്ത്രീയുടെ റോളും കാലാനുസൃതമായി മാറുന്നു. ഉദ്യോഗം നേടുമെങ്കിലും ഗാർഹികാധ്വാനത്തിന്റെ ഭൂതം അവരെ വിട്ടുമാറിയിട്ടില്ല. ജീവിതത്തിൽ തീരുമാന ങ്ങൾ എടുക്കുന്നതിലും യോജിപ്പും വിയോജിപ്പും പ്രകടിപ്പിക്കുന്നതിലും സ്ത്രീ കൂടുതൽ സ്വാതന്ത്ര്യം ആർജിച്ചിട്ടുണ്ട്.

വിവാഹം, കുടുംബം, കുട്ടികൾ എന്നീ ഘടകങ്ങൾക്കപ്പുറം ജീവിതത്തിന് മറ്റ് അനേകം സാധ്യതകൾ ഉണ്ടെന്നും അവയെ കണ്ടെത്തുകയും സ്വപ്നങ്ങളെ പിന്തുടരുകയും അനുഭവങ്ങൾ സമ്പാദിക്കുകയും ചെയ്യേണ്ടതുണ്ടെന്നും സ്ത്രീ മനസിലാക്കുന്നുണ്ട്. വിവാഹമോചനങ്ങൾ വർധിക്കുന്നുണ്ട്. ജനനനിരക്ക് കുറയുന്നുണ്ട്. ഗർഭച്ഛിദ്രം സ്ത്രീയുടെ അവകാശമായി അംഗീകരിക്കപ്പെടുന്നു. ലൈംഗികത പ്രത്യുൽപാദന ത്തിന് വേണ്ടി മാത്രമാണെന്ന മതചിന്തകൾ വിസ്മരിക്കപെടുന്നുണ്ട്.

പ്രണയത്തിന്റെ അനേകം ആവിഷ് കാരമാർഗങ്ങളിൽ ഒന്നുമാത്രമായി ലൈംഗികതയെ മനസിലാക്കേണ്ടതുണ്ട്. ലൈംഗികതയെ വികൃതമാക്കുന്നതിനു പകരം കൂടുതൽ ജനാധിപത്യമനോഭാവത്തോടെ സമീപിക്കേണ്ടതുണ്ട്. സ്ത്രീവിരുദ്ധതയും കരുതൽ ആങ്ങളമാരും ബലാത്സംഗ തമാശകൾ പോലും നോർമലൈസ് ചെയ്യപ്പെടുന്ന നമ്മുടെ സമൂഹം ഇനിയും എത്രകാതം മുന്നോട്ടു നീങ്ങാനുണ്ട് എന്ന് ചിന്തിക്കണം. ഇന്ത്യയുടെ കാര്യമെടുത്താൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 2004ൽ 42.7% ആയിരുന്നെങ്കിൽ 2017ൽ 23.3% മാത്രമാണ്. സ്ത്രീകൾ കൂടുതലായി തൊഴിലെടുക്കുന്ന കാർഷികമേഖലയുടെ മുരടിപ്പും ഇതിന് ഒരു കാരണമാകാം. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തത്തിൽ ലോകത്ത് ഏറ്റവും പിന്നോക്കം നിൽക്കുന്ന രാജ്യമാണ് ഇന്ത്യ, സാമ്പത്തിക മാന്ദ്യവും തൊഴിലില്ലായമയും ആദ്യം ആഘാതമേൽപിക്കു ന്നത് സ്ത്രീയെ ആണ്. വേതനത്തിലെ സ്ത്രീ-പുരുഷ അസമത്വം ഇന്നും സർവസാധാരണമാണ്. തൊഴിലിടത്തിലെ സ്ത്രീസുരക്ഷയും ചോദ്യചിഹ്നമായി തുടരുന്നു. തൊഴിലിടങ്ങളിൽ നിന്നും തൊഴിലാളികൾ പിരിച്ചുവിടപ്പെടുമ്പോൾ ആദ്യം തൊഴിൽ നഷ്ടമാകാൻ സാധ്യതയും സ്ത്രീകൾക്കാവും സാമ്പത്തികപ്രാരാബ്ദങ്ങൾക്ക് പുറമേ, ഗൃഹനാഥന്റെ രോഷപ്രകടനത്തിനും ഗാർഹികപീഡനത്തിനും സ്ത്രീകൾ ഇരയായേക്കാം. (ഇതിനൊക്കെ സ്ത്രീകൾ തന്നെ പരസ്യമായി സമ്മതം മൂളുന്ന രാജ്യമാണത്രേ ഇന്ത്യ) പുരുഷൻ തൊഴിലിടത്തിലും പെണ്ണ് വീട്ടിലും എന്ന സങ്കൽപം മുതലാളിത്ത വ്യവസ്ഥിതിയിലും മാറ്റമില്ലാതെ തുടരുന്നു. വ്യവസ്ഥിതിക്കെതിരായ സോഷ്യലിസ്റ്റ് മുന്നേറ്റങ്ങളിൽ സ്ത്രീവിമോചനവും അവിഭാജ്യമുദ്രാവാക്യം ആകുന്നത് അവിടെയാണ്.




പ്രണയത്തിന്റെ അനേകം ആവിഷ് കാരമാർഗങ്ങളിൽ ഒന്നുമാത്രമായി ലൈംഗികതയെ മനസിലാക്കേണ്ടതുണ്ട്. ലൈംഗികതയെ വികൃതമാക്കുന്നതിനു പകരം കൂടുതൽ ജനാധിപത്യമനോഭാവത്തോടെ സമീപിക്കേണ്ടതുണ്ട്. സ്ത്രീവിരുദ്ധതയും കരുതൽ ആങ്ങളമാരും ബലാത്സംഗ തമാശകൾ പോലും നോർമലൈസ് ചെയ്യപ്പെടുന്ന നമ്മുടെ സമൂഹം ഇനിയും എത്രകാതം മുന്നോട്ടു നീങ്ങാനുണ്ട് എന്ന് ചിന്തിക്കണം.




അനേകം അടരുകളിൽ പലതരം
പൊരുളുകളുമായി ഓർമകൾ ശേഷിക്കും.
ആരോരുമില്ലാതാവുമ്പോഴും ഒരു
വ്യക്തിയ്ക്ക് അവൻറെ
ഓർമകളിൽ ജീവിക്കാനാവും.

ദീപ നിഷാന്ത്
*കുന്നോളമുണ്ടല്ലോ ഭൂതകാലക്കുളിർ*



# കൊഴിഞ്ഞ് പോയ മോഹങ്ങൾ

SREELEKSHMI S RAJEEV
S2 MSC MATHS

**പൊ**ൻപൊട്ട് വാരി വിതയ്ക്കുന്ന പുലരിയിൽ
ആനന്ദ പുഞ്ചിരി പാൽ നുണയും.
തളിരിട്ട മുറ്റത്തെ പനിനീർ ചെടിയിൽ
പുതുതായി വാണൊരു റോസാമൊട്ടും.
പച്ചദളത്തിൽ പുതച്ചിരുന്ന പെൺപൂവ്
പൊട്ടി തുറന്ന് ഋതുമതിയായി.
നേരം കടക്കവെ നിശയുടെ ചാരുത
വെള്ളിതടാകത്തിൽ മുങ്ങി കുളിച്ചു.
താരകറാണികൾ ആശീ ർവദിച്ചും
മഞ്ഞുകണങ്ങൾ കുളിരേൽപ്പിച്ചും.
നേരം പുലരവേ...
സുഗന്ധം പരത്തി തേൻ പകർന്നു.
സൗന്ദര്യലഹരിയിൽ ആറാടി നിൽക്കും
കന്നിപെണ്ണവൾ നാണം ഇതളിൽ മറച്ചു.
ദാഹമകറ്റാൻ വർണ്ണമാരിയും
ചുടുചുംബനമേകി വണ്ടത്താനും
തഴുകിയുണർത്തി മന്ദമാരുതനും
വാത്സല്യ മധുരമേകി ശലഭ റാണിയും.
ചിണുങ്ങുന്ന പിള്ളേർ പൂന്നുള്ളാനെത്തവെ
പിഞ്ചിളം കരങ്ങൾ മുള്ളിൽ തറക്കവേ
പൊടിഞ്ഞൊരു രക്തം ഇറ്റിറ്റ് വീണു.
മനപ്പൂർവമല്ല തൻ മുള്ളുകൾ കൊണ്ട് പോയി
ഏങ്ങി കരഞ്ഞവൾ മാപ്പിരന്നു
പണ്ട് തഴുകിയ കരങ്ങളിന്ന് ശപിക്കവെ
നീരുമീ കണ്ണീർ പാതയിൽ വീണവൾ
ഉള്ളിലെ മുള്ളിനെ ശപിച്ചും പറഞ്ഞും...

# കനൽ

SUBINA S
S2 MCOM

**നീ**റിച്ചുവന്ന് പുകഞ്ഞ് പുകഞ്ഞ്
ജ്വലിക്കുന്നൊരാൾ,
ഊതി പെരുപ്പിച്ചു ജ്വലിപ്പിച്ചു
പാകമാക്കണം,വിഭവ
സമൃദ്ധമാക്കണം,
കിഴക്കൊരു കനൽ വീണിടം
മുതൽ പടിഞ്ഞാറെ ദിക്കിൽ
അണയും വരെ, ഊതിടേണം,നീറി
ചുവപ്പിച്ചിടേണം,
മാരി വീണിടും മാരുതൻ
അണച്ചിട്ടും,എങ്കിലും പതനം
കനലിനാവില്ലല്ലോ...
കനലിനെ കാക്കാൻ
ഒരുങ്ങിയിറങ്ങിയവൾ
കാത്തീടുന്നു,ഉള്ളം കൈയ്യിൽ
ചുവപ്പിൻ നിറത്താൽ
അലങ്കരിച്ചിടുന്നു...
തൊട്ടാൽ പൊള്ളിടും വ്രണമായിടും
എങ്കിലും അവളിലെ ആരംഭവും
അന്ത്യവും കനലിൽ തന്നെ
പ്രണയമോ, ഇത് തീക്ഷ്ണമായ
പ്രതികാരമോ...
പ്രണയമെങ്കിൽ, സീതയുടെ
അഗ്നിശുദ്ധി ആവാം,
പ്രതികാരമെങ്കിൽ,നിന്നിലെ
കനലിന്റെ, തുടരന്വേഷണമാവാം!





**കോടിയേരി ബാലകൃഷ്ണൻ**

1953 - 2022

# പ്രണാമം

# ഒലിവിലകൾ പുഞ്ചിരിക്കുന്നു...

MUHSINA S
S4 BA ENGLISH



ഗസ്സയുടെ ഹൃദയത്തിൽ ഒരു പേമാരി പെയ്യുന്നു
അധിനിവേശത്തിന്റെ കാറ്റു വീശുന്നു
കിഴക്കൻ ജറുസലേമിൽ ഒലിവിലകൾ പരസ്പരം പുഞ്ചിരി തൂകുന്നു
നമ്മളൊക്കെയും ശഹീദുകളെന്നു
പറഞ്ഞവർ കെട്ടിപ്പുണരുന്നു.

നിശ്ചയദാർഢ്യത്തിന്റെ കല്ലുകൾ കൊണ്ടവർ
ചെറുത്തു നിൽപ്പിന്റെ തെറ്റാലികളുതിർക്കുന്നു
അധിനിവേശത്തിന്റെ ഒരു കൊടുങ്കാറ്റടിക്കുന്നു
അധികാരത്തിന്റെ തോക്കുകളേന്തി അട്ടഹസിക്കുന്നു
പുഞ്ചിരിക്കുന്ന ഒലിവിലകളും
ചെറുത്തു നിൽപ്പിന്റെ തെറ്റാലികളും
*ശഹീദുകളാവുന്നു..

സിയോണിസത്തിന്റെ തോക്കുകൾ പൊട്ടിച്ചിരിക്കുന്നു
ചെറുത്തുനിൽപ്പിന്റെ കൈകൾക്ക് വിലങ്ങു വെക്കുന്നു
കണ്ണുകളിൽ അഗ്നി നിറച്ചു കൊണ്ട്
എവിടെ എന്റെ അനുജനെന്ന്
ആയിരം അഹദ് തമീമിമാർ ചോദിക്കുന്നു
നീതികേടിന്റെ അന്ധകാരങ്ങളിൽ
ധീരതയുടെ വിലങ്ങണിഞ്ഞ ആയിരം
മറിയം അഫീഫിമാർ
നിശ്ചയദാർഢ്യത്തോടെ പുഞ്ചിരിക്കുന്നു

ഒലിവിലകൾ വീണ്ടും തളിർക്കുന്നു
ചെറുത്തുനിൽപ്പിന്റെ തെറ്റാലികളുതിർക്കുന്നു
പോരാട്ടത്തിന്റെ മണ്ണിൽ അലിഞ്ഞു ചേരുന്നു
*ഒക്കെയും ഞാനെന്റെ ദൈവത്തോട്
പറഞ്ഞു കൊടുക്കുമെന്ന്
ആകാശ മേലാപ്പുകളിൽ നിന്നാരോ
വിളിച്ചു പറയുന്നു
നിണം പതിഞ്ഞ ഭൂതകാലത്തിന്നുമേൽ
ഉയിർത്തെഴുന്നേറ്റ തളിരുകൾ പുഞ്ചിരി തൂകുന്നു.

* *ശഹീദ്- രക്തസാക്ഷി*

* *സിറിയയിൽ ബോംബാക്രമണത്തിൽ കൊല്ലപ്പെട്ട മൂന്നു വയസ്സുകാരൻ മരണത്തിനു മുമ്പ് ലോകത്തോട് വിളിച്ചു പറഞ്ഞത്*

# ഞാനും കവിതയും

MUHSINA S
S4 BA ENGLISH

ഏതോ മൺചിരാതിനാൽ തീർത്ത  വീണമീട്ടിയ
 തോന്ന്യാക്ഷരങ്ങളാണെന്റെ കവിത.
ഹൃദയതന്ത്രിക പാടിയ പ്രണയത്തിൻ മണമില്ലാത്ത
കരിയിലകളാണെന്റെ കവിത.
വിപ്ലവത്തിന്റെ തീപ്പന്തങ്ങൾക്കിടയിൽ
ആവേശത്താൽ വിളിച്ച പോയത്തരങ്ങളാണെന്റെ കവിത.
ദുഃഖ സായാഹ്നങ്ങളിൽ
 നിന്നെനിക്കാശ്വാസമേകുന്ന
അർത്ഥമില്ലാത്ത വാക്കുകളാണെന്റെ കവിത.
എങ്കിലും, കൂട്ടിയിട്ടു കത്തിക്കുമ്പോ
തീച്ചിറകുകളോടെ പറന്നുയരുന്ന
പച്ചപരമാർത്ഥമാണെന്റെ കവിത.



# പ്രത്യാശ

AMEERA ANZARY
S4 BSC BOTONY

കൗതുകം തരുന്ന കാഴ്ച്ചകളും
ആരവത്തിനും പിന്നാലെയുള്ള
ഒടുങ്ങാത്ത ഓട്ടത്തിലും
അടങ്ങാത്ത ദാഹത്തിലുമാണ്
ലോകം
വർണ്ണക്കടലാസുപ്പോലെ ഉള്ളൊരീ
ജീവതത്തിൽ ഓരോ മനുഷ്യനും വ്യത്യസ്തനാണ്
ഒറ്റയ്ക്ക് കരയുന്നു ചിരിക്കുന്നു
ഒറ്റയായി ജീവിക്കുന്ന ഒറ്റമനുഷ്യർ
ഇതിനൊക്കെ ഇടയിലും ഒരു പിടി പ്രതീക്ഷയും പ്രത്യാശയും
മുറുകെ പിടിച്ചു ക്കൊണ്ടിരിക്കുന്ന ചില ഹൃദയങ്ങളുമുണ്ട് ഇവിടെ.

# ഒരു ചിരിയിലെന്ത് !

MUHSINA S
S4 BA ENGLISH

ട്രെയിൻ എടുക്കാൻ ഇനിയും അഞ്ച് മിനിട്ടേ ബാക്കിയുണ്ടായിരുന്നുള്ളൂ. ഓടിയോടി അഹല്യ തളർന്നു പോയിരുന്നു. പുറത്ത് നനുത്ത മഴ ചെറുതായി ചാറുന്നുണ്ടായിരുന്നെങ്കിലും ഓടിക്കിതച്ച ദേഹത്തിലെ വിയർപ്പുതുള്ളികൾക്കു മേൽ അതൊന്നും തന്നെ കുളിർമ നൽകിയില്ല. സ്റ്റേഷനുമുന്നിൽ കിതച്ചുകൊണ്ടവൾ സമയം നോക്കി. ഇനി മൂന്ന് മിനുട്ട് കൂടി. കുഴഞ്ഞ കാൽ വെപ്പുകളോടു കൂടെ ലഗ്ഗേജും നിക്കി അവൾ ട്രെയിനിനടുത്തേക്ക് പോയി. കാലുകൾ അറിയാതെ തളരുന്നു, തൊണ്ടയിലെന്തോ വറ്റിയ പോലെ. നിർത്താതെ മിടിക്കുന്ന ഹൃദയ സ്പന്ദനങ്ങൾക്ക് കാതോർത്ത് അവൾ വാതിൽക്കലേക്ക് തളർന്നു ചാഞ്ഞു നിന്നു. ചൂടേറുന്ന വിയർപ്പുതുള്ളി കളിപ്പോഴും വറ്റിയിട്ടില്ല. എങ്കിലും കാലുകളുടെ ശക്തി തിരികെ കിട്ടി. സകല ശക്തിയും ആവാഹിച്ചു അവൾ കണ്ണുകൾ തുറന്ന് വാച്ചിലേക്ക് നോക്കി. വെറും ഒരു മിനിറ്റ് മാത്രം. അടങ്ങിയ തിരമാലകൾ ഒക്കെയും അതിലും ഊറ്റത്തോടെ ഉയർന്നു വരുന്നുണ്ടോ! ഇല്ല! കാലുകൾക്ക് പുതിയൊരു ശക്തി കൈവന്ന പോലെ! വിയർപ്പ് തുള്ളികൾക്കുമേൽ ഒരു തണുപ്പ് പോലെ! എല്ലാത്തിനുമുപരി ഹൃദയമിടിപ്പ് കേൾക്കാനേയില്ലെന്ന പോലെ ! ബാഗും ലഗ്ഗേജുമെല്ലാം ധ്രുദഗതിയിൽ പൊക്കിയെടുത്ത് അവൾ ട്രെയിനിലേക്ക് ചാടിക്കയറി. ഇനി ബോഗി കണ്ടെത്തലാണ് ലക്ഷ്യം. ലഗ്ഗേജുകൾ നിരക്കി വീണ്ടും മുന്നോട്ടുള്ള യാത്ര . വൃക്ഷങ്ങളും പച്ചപ്പുകളും കെട്ടിടങ്ങളുമൊക്കെ പിന്നിലേക്ക് പൊയ്ക്കൊണ്ടിരുന്നു. ഹൃദയാന്തരങ്ങളിലെ താള ബോധം പോലെ ഒരു ശബ്ദം സിരകളിൽ അലിഞ്ഞു ചേർന്നു.



ആളുകളെ തട്ടിയും മുട്ടിയുമുള്ള ജൈത്രയാത്രക്കൊടുവിൽ അഹല്യ തന്റെ ബോഗി കണ്ടെത്തി. രണ്ട് സ്ത്രീകളും മൂന്ന് ചെറുപ്പക്കാരും ഒരു വൃദ്ധനുമുൾപ്പടെ ആറ് പേർ ഇരു വശങ്ങളിലുമായി നിലയുറപ്പിച്ചിരുന്നു. പെട്ടെന്നവളെ കണ്ട യാത്രക്കാരെല്ലാം ഒരന്യഗ്രഹജീവിയെപ്പോലെ അവളെ നോക്കി. ഒഴിഞ്ഞു കിടന്ന ഒരു വിൻഡോ സീറ്റിൽ അവൾ തന്റെ നിലയുറപ്പിച്ചു. ഏതോ പുതിയ ഒരു ലോകം കിട്ടിയ പ്രതീതി. ആനന്ദത്തിന്റെ ഒരു ദീർഘനിശ്വാസം.. തണുത്ത കാറ്റിനെ കെട്ടി പുണർന്നു കിന്നാരം പറയുന്ന ചാറ്റൽ മഴ. മുഖത്തോടു മുഖം നോക്കി പുഞ്ചിരിക്കും പോലെ. എത്ര നേരമായി ഈ മഴ പെയ്യുന്നു . എത്ര പ്രാവശ്യമാണ് പെയ്യുന്നത്. ഒരെണ്ണമെങ്കിലും ഈ ഹൃദയത്തിലേക്ക് പെയ്തെങ്കിൽ . വിൻഡോ ഡോറിലേക്ക് തല ചെരിച്ച് അവൾ കണ്ണുകളടച്ചു. എവിടെ നിന്നോ ഒരു നനുത്ത തുള്ളി ആ നെറ്റിയിലേക്ക് പതിച്ചു. വിടർന്ന കണ്ണുകൾ പുഞ്ചിരിച്ചു. ഇനിയെന്തിന് കണ്ണുകൾ അടക്കണം? നിറയെ കാണണം അവൾക്ക് മഴ. പുഞ്ചിരിച്ചു കൊണ്ടവൾ മഴത്തുള്ളികളിലേക്ക് മുഖം ചേർത്തു വെച്ചു, നനുത്ത മഴയിലേക് കണ്ണുകൾ വിടർത്തി വെച്ചു.

കറുപ്പും വെളുപ്പും ഒത്തൊരുമിച്ചൊരു ഭൂമിയിലേക്ക് കവിതയുടെ ചാറ്റൽ മഴ നനഞ്ഞു പെയ്തു കുളിരു പകർന്ന തുള്ളികൾ വിടർന്ന

കൺപീലികളിൽ ഒഴുകിയിറങ്ങി. ആത്മനിർവൃതിയുടെ ഒരു പുതു മഴ പെയ്തു തോർന്നു. പ്രപഞ്ചം മുഴുവൻ പുഞ്ചിരിക്കും പോലെ. മരങ്ങളും, കാടുകളും , നീലാകാശവുമൊക്കെ കെട്ടിപ്പുണരും പോലെ. കണ്ണുകൾ അറിയാതെ കൂമ്പിയടഞ്ഞു.

കണ്ണുകളിൽ എന്തോ നനവു തട്ടിയാണ് അഹല്യ ഉണർന്നത് . പുറത്ത് ചാഞ്ഞു പെയ്യുന്ന മഴത്തുള്ളികൾ . കണ്ണുകളിൽ ചെറിയ ഒരു തടിപ്പ്, ഉറക്ക ചടവിന്റെ വല്ലായ്മ. അവൾ തലതിരിച്ച് മറ്റു സീറ്റുകളിലേക്ക് നോക്കി. എല്ലാവരും അവരവരുടേതായ ലോകത്താണ്. ആരെയൊക്കെയോ നോക്കി ചിരിക്കാൻ ശ്രമിച്ചു.രക്ഷയില്ല ! ഞങ്ങളാ വിഭാഗക്കാരേയല്ലെന്ന മട്ടിൽ ഓരോരുത്തരും തല തിരിച്ചു.അവൾ അവരെയൊക്കെയും തെല്ല് കൗതുകത്തോടെ ശ്രദ്ധിച്ചു.ചെറുപ്പക്കാർ എല്ലാം മൊബൈലിൽ മുഴുകി ഇരിക്കുകയാണ്. എന്തുകൊണ്ടോ അവളെ ആകർഷിച്ചത് പഞ്ഞി കെട്ട് പോലെ താടി രോമങ്ങൾ നിറഞ്ഞ ആ വൃദ്ധനായിരുന്നു. ഏതോ നഷ്ട ബോധത്തിന്റെ ആകാശം പോലെ തോന്നിച്ചു ,ആ കുഴിഞ്ഞ കണ്ണുകൾ.ശൂന്യതയിലേക്ക് കണ്ണും നട്ടിരിക്കുന്ന ഒരു രണ്ടാം ബാല്യക്കാരൻ. എന്തായിരിക്കും ആ കണ്ണുകളിൽ? ഞാൻ നനഞ്ഞ പോലൊരു മഴ ഈ മനുഷ്യനും നനയുന്നുണ്ടകുമോ? അവൾ ഏറെ കൗതുകത്തോടെ ചിന്തിച്ചു.

നീണ്ട മൗനം അതിന്റെ ഉള്ളിൽ ആരുടെയും ഭാഷകൾ കുടുങ്ങി കിടക്കുന്നതുമില്ല. എല്ലാവരും അവരവരുടേതായ തുരുത്തുകളിൽ ആത്മാഭിമാനം കൊള്ളുന്ന പോലെ!അവൾക് നന്നേ ചടച്ചു തുടങ്ങിയിരുന്നു.

എന്തെങ്കിലും തിന്നണം എന്ന ചിന്തയിൽ ബാഗിൽ നിന്ന് ഒരു ഓറഞ്ച് എടുത്തവൾ തൊലി കളയാൻ തുടങ്ങി . മനുഷ്യത്വത്തിന്റെ സുഗന്ധം, നാസികയിൽ തുള്ളച്ച് കയ



എന്തുകൊണ്ടോ അവളെ ആകർഷിച്ചത് പഞ്ഞി കെട്ട് പോലെ താടി രോമങ്ങൾ നിറഞ്ഞ ആ വൃദ്ധനായിരുന്നു. ഏതോ നഷ്ട ബോധത്തിന്റെ ആകാശം പോലെ തോന്നിച്ചു ,ആ കുഴിഞ്ഞ കണ്ണുകൾ. ശൂന്യതയിലേക്ക് കണ്ണും നട്ടിരിക്കുന്ന ഒരു രണ്ടാം ബാല്യക്കാരൻ. എന്തായിരിക്കും ആ കണ്ണുകളിൽ? ഞാൻ നനഞ്ഞ പോലൊരു മഴ ഈ മനുഷ്യനും നനയുന്നുണ്ടകുമോ? അവൾ ഏറെ കൗതുകത്തോടെ ചിന്തിച്ചു.

റുന്ന ഒന്ന്. വൃദ്ധൻ ഒരു ആന്തലോടെ തിരിഞ്ഞു നോക്കി. ഓറഞ്ച് അല്ലികൾ കുറഞ്ഞുകൊണ്ടിരിന്നു. ഏതോ ഉൾ പ്രേരണയാൽ അവൾ തിരിഞ്ഞു നോക്കി. നഷ്ട ബോധത്തിന്റെ കണ്ണുകൾ മനുഷ്യത്വത്തിന്റെ പൗർണ്ണമിയിൽ ഇടഞ്ഞു. അവളൊന്നു ചിരിക്കാൻ ശ്രമിച്ചു.വൃദ്ധൻ ആകെ പരിഭ്രമിച്ചു, ചുറ്റുപാടും നോക്കി. പിരിഞ്ഞ കണ്ണുകൾ വീണ്ടും കണ്ട് മുട്ടി, അനാദിയുടെ ഒരു പെരുമഴ. വൃദ്ധൻ നിറയെ ഒന്നു പുഞ്ചിരിച്ചു.വീണ്ടും വീണ്ടും ചുറ്റുമുള്ളവരിലേക് നോക്കി പുഞ്ചിരിച്ചു. കൗതുകമോ അത്ഭുതമോ, പരിഭ്രാന്തിയോ.... എന്താണ് ആ മനുഷ്യന്...നവ്യമായ ഒരു ലോകം കീഴടക്കിയ സന്തോഷത്തിൽ അയാൾ വീണ്ടും ചുറ്റുമുള്ളവരിലേക് നോക്കി പുഞ്ചിരിച്ചു കൊണ്ടിരുന്നു.'നിങ്ങൾക്കും ഒന്ന് ചിരിച്ചു കൂടെ' എന്ന ഭാവം ആയിരുന്നു അയാൾക്ക്.അതിജീവനത്തിന്റെ ഒരു മഴ പെയ്ത്ത് ,മനുഷ്യബന്ധത്തിന്റെ മണം ഉള്ള പുതുമണ്ണ്,അഹല്യ ഒരു ഓറഞ്ച് അല്ലി അയാൾക്ക് നേരെ നീട്ടി. മൺമറഞ്ഞ കരിയിലകൾക്കുമേൽ രണ്ടു മനുഷ്യർ നിനക്കാതെ വന്ന ഒരു ചാറ്റൽമഴ കണക്കെ ചിരിച്ചു കൊണ്ടേയിരുന്നു....

# मेरा प्रतकिार...

ATHIRA S PILLAI
S6 B COM FINANCE

है। नारी कौन दयिा
आपको यह हरा परधिान?
कौन सखिाया इस जंतु
को अच्छा गाना।
कौन सखिाया यह मोर
को नाच,
कौन सखिाया यह मृग
को दौड,
अरे, मुझे यह सब
देखने से आनंद मलिती है।
क्या है वहाँ? क्यों यह
सब जानवर काँपना है।
है भगवान | क्या है ये ?
कहाँ गई यहाँ कि हरियिाली
कहाँ यहाँ का पेड - पौधा
यह मनुष्य ये क्या करती है?
यह अपने आपको क्यों
नाश करती है?
वह अपने आप का सुख
केलएि क्यों करती है यह नाश।

कतिना सुन्दर थी मेरी माँ
सभी खूबसूरती पानी में डाल दयिा।
अपना पानी, वायु सब
ज़हर बनाया यह पैशाचकि लोगों ने,
कुछ साल बाद ये क्या करेंगी,
यह सब एक दनि खतम हो जाएँगे,
वह दनि अब दूर नहीं है।
यहाँ हम सब मानव का
आँसु से एक नदी बहाएँगे
अपना खून इस धरती को
लाल बनाएँगे।
उस दनि मैं हस मानव
को देखकर हँस हँसकर मेरा
प्रतकिार दखिाऊँगी।

# ഗാന്ധി മരിച്ചിട്ടില്ല, ഗോഡ്സെയും

MUHSINA S
S4 BA ENGLISH



അനന്തമായ നീലാകാശം,
പോരാട്ടത്തിന്റെ ഒരു മൂവർണ്ണക്കൊടി
സ്വാതന്ത്ര്യത്തിന്റെ ,സോഷ്യലിസത്തിന്റെ
മതേതരത്വത്തിന്റെ ഒരു തുണ്ടുഭൂമി
പ്രപഞ്ചത്തിലേറ്റവും നീളമുള്ള
ഒരു ഭരണഘടനയുടെ മാറത്ത്,
തുളഞ്ഞു കയറുന്ന ബുള്ളറ്റുകൾ,
ചിതലരിക്കുന്ന താളുകൾ,
നിറം മങ്ങിയ അക്ഷരങ്ങൾ
നീതികേടിന്റെ ചോരത്തുള്ളികൾ.
ഭൂതകാലത്തിന്റെ തമസ്സിൽ
ഗോഡ്സെയുതിർത്ത വെടിയുണ്ട
ഗാന്ധിയുടെ മാറിൽ തുളച്ചുകയറുമ്പോ
ഗാന്ധി മരിക്കുകയായിരുന്നില്ല
ആയിരമായിരം ഗാന്ധിമാർ
ഉയിർത്തെഴുന്നേൽക്കുകയായിരുന്നു
ഗൗരിലങ്കേഷിലൂടെ, കൽബുർഗിയിലൂടെ
ഗോവിന്ദ് പൻസാരയിലൂടെ , നരേന്ദ്ര ദാഭോൽക്കറിലൂടെ
ക്രൂരതയുടെ കരങ്ങളാൽ
പിടഞ്ഞു വീണു  ശഹീദുകളായ
അഖ്‌ലാക്കിലൂടെ, ജുനൈദിലൂടെ
ആയിരമായിരം  തിബരീസ് അൻസാരിമാരിലൂടെ
മനം മടുത്ത് മരണം പുൽകിയ
രോഹിത് വെമുലമാരിലൂടെ
അജ്ഞമായ അന്ധകാരങ്ങളിൽ
മറഞ്ഞുപോയ നജീബിലൂടെ

അടിച്ചമർത്തലിന്റെ കരങ്ങൾക്കെതിരെ
ആർജവത്തിന്റെ വിരൽ ചൂണ്ടി
അനേകം സഫൂറാ സർഗാറുകളിലൂടെ
നേരു പറഞ്ഞതിന്നു വിലങ്ങണിഞ്ഞ
അനേകായിരം പച്ചമനുഷ്യരിലൂടെ..

വിവേചനത്തിന്റെ അതിർവരമ്പുകളിൽ നിന്ന്
ദലിതർക്കു മോചനം കൊടുക്കാത്ത പക്ഷം
വെറുപ്പിന്റെ പ്രത്യയശാസ്ത്രത്തിൽ നിന്ന്
മുസൽമാന് ഒരു ഭാരതം കൊടുക്കാത്ത പക്ഷം
ഗോഡ്സെയുടെ ബുള്ളറ്റും
ഭാരതത്തിന്റെ ഗാന്ധിയും
മരിച്ചിട്ടില്ല!...



# കൃഷ്ണ(ൻ)

HALEEMA A
S4 BSC PHYSICS

**ആ**ണിന്റെ ശരീരമായിരുന്നെ
ങ്കിലും, ഒരു പെണ്ണിന്റെ മനസ്സാ
യിരുന്നു എനിക്ക്. ഞാനെന്താ
ണെന്നും, എന്റെ ഉള്ളിൽ ഞാനാ
അഞ്ചക്ഷരങ്ങളിൽ പെട്ട ഒന്നാ
ണെന്നും മനസിലാക്കാൻ എനി
ക്ക് വേണ്ടി വന്നത് നീണ്ട പതി
നെട്ടു വർഷമാണ്.

എന്റെ പേര് കൃഷ്ണൻ.അച്ഛന്റെ
യും അമ്മയുടെയും മൂന്ന് സന്താ
നങ്ങളിൽ നടുകഷ്ണമായിരുന്നു
ഞാൻ.ചേട്ടനും അനിയത്തിയും
അച്ഛനും അമ്മയും ഞാനുമട
ങ്ങുന്ന ഒരു സന്തുഷ്ട കുടുംബം.
കുഞ്ഞിലേ,അമ്മ പൊട്ടു കുത്തി
യും കരിവള ഇടീച്ചും ഒരുക്കു
ന്നതൊക്കെ എനിക്കിപ്പോഴും
ഓർമയുണ്ട്. അന്നുമുതൽ,ഈ
വളകളോടും പൊട്ടിനോടു
മൊക്കെ അതിയായ ഭ്രമമാണെ
നിക്ക്.



എന്റെ ചേട്ടന്.ക്രിക്കറ്റ് ഭയങ്കര ഇഷ്ടമാണ്.പകലും സന്ധ്യക്കും, അങ്ങേര് പാടത്ത് ക്രിക്കറ്റും ഫുട്ബോളും കളിക്കാൻ പോകും.ഞാൻ പക്ഷെ കൂടുതലും വീടിനുള്ളിൽ തന്നെയായിരുന്നു കഴിച്ചുകൂട്ടുക. പെങ്ങളോടൊപ്പം അടുക്കളയിൽ പാത്രം കഴുകാനും, മുറ്റമടിക്കാനും കൂടും. എന്റെ അച്ഛനിതൊന്നും ഇഷ്ടമല്ല. 'നീയിങ്ങനെ അടുക്കളയിൽ പെണ്ണുങ്ങളുടെ പണിയുമെടുത്തിരിക്കാതെ അവന്റെ കൂടെ പാടത്ത് പോയി കളിക്കരുതോ' എന്ന് ശകാരിക്കും.
ഇഷ്ടമുള്ള കാര്യങ്ങളല്ലേ നമുക്ക് ചെയ്യാനൊരു താല്പര്യം കാണു? എനിക്ക് ക്രിക്കറ്റിനെയും ഫുട്ബോളിനെയും മീതെ ഏറെ കമ്പം നൃത്തത്തിലായിരുന്നു.ഒരിക്കൽ അത് പഠിക്കാൻ വിടണമെന്ന് ഞാൻ വീട്ടുകാരോട് പറഞ്ഞതുമാണ്. അന്നെനിക്ക് കിട്ടിയ മറുപടി
നൃത്തം പഠിച്ചാൽ പെണ്ണനായി പോവുമെന്നാണ്.അതുകൊണ്ട് എന്നെ അതിനും വിട്ടില്ല.ആണുങ്ങൾ ഡാൻസ് പഠിക്കുന്നത് എന്തോ നീച്ചമായ പ്രവർത്തി പോലെയാണ് ചേട്ടനും അച്ഛനും ഒക്കെ കരുതിയത്.

ആദ്യമായി അച്ഛന്റെ കയ്യിൽ നിന്ന് പൊതിരെ തല്ലു വാങ്ങിയ ദിവസം എനിക്കിന്നും ഓർമയുണ്ട്.അനിയത്തിയുടെ കണ്മഷി എടുത്ത് വരച്ചതിനായിരുന്നു അത്. പൊതിരെ തല്ലുന്നതിനടയിൽ എന്നെ പെണ്ണാ പെണ്ണാ എന്ന് വിളിക്കുന്നുമുണ്ടായിരുന്നു. അതിന് ശേഷം എന്നെ അച്ഛനും ചേട്ടനും പെണ്ണാ എന്നെ വിളിച്ചിട്ടുള്ളു.അല്ലെങ്കിൽ തന്നെ,ഒരാൾ അയാൾക്കിഷ്ടമുള്ള വസ്ത്രമണിയുന്നത് പോലെയോ, ഇഷ്ടമുള്ള ചെരുപ്പിടുന്നത് പോലെയൊക്കെയേ ഉള്ളു ഇതും. കണ്മഷിയും വളകളും സ്ത്രീകൾക്ക് മാത്രം അണിയാനുള്ളതാണെന്നും,ആണുങ്ങൾ അതിട്ടാൽ അവരുടെ ആണത്തം കേട്ടുപോകുമെന്നുമുള്ള മൂടവിചാരങ്ങൾ ആരുണ്ടാക്കിയെടുത്തതെന്ന് എനിക്കറിയില്ല. അടച്ചിട്ട മുറിയിൽ, എന്റെ മാത്രം ലോകത്ത് സാരിയും, കണ്മഷിയും, പൊട്ടുമൊക്കെയിട്ട് അണിഞ്ഞൊരുങ്ങി കണ്ണാടിയുടെ മുമ്പിൽ ഞാൻ എന്നെ നോക്കിയിരുന്നു. അതിലൊക്കെയും ഞാൻ ആനന്ദം കണ്ടെത്തിയിരുന്നു.

സ്കൂളിലും, വിശേഷങ്ങൾ ഇതുപോലെയൊക്കെ തന്നെ..അടി നല്ലോണം കിട്ടിയെങ്കിലും, ഞാനത് കാര്യമാക്കാതെ അനിയത്തിയുടെ കണ്മഷിയും, ലിപ്സ്റ്റിക്കുമിട്ട് സ്കൂളിൽ പോകുമായിരുന്നു.ആരെങ്കിലും ഇത് കണ്ടെത്തുമോ എന്ന ഭയം ഉള്ളിലുണ്ടെങ്കിലും അത്രയും ഇഷ്ടത്തോടെ ഞാനിതൊക്കെ അണിഞ്ഞു പള്ളിക്കൂടങ്ങളിൽ പോയി.കൂട്ടുകാർ ഇതെല്ലാം കണ്ട് കളിയാക്കലും പുച്ഛവും കൂട്ടികുഴച്ച് എന്തോ മഹാത്ഭുതം കണ്ടുപിടിച്ച മാതിരി ആളുകളുടെ നടുവിൽ നിർത്തി 'കണ്മഷിയും പൊട്ടും തൊട്ട് എന്തിനുള്ള പുറപ്പാടാ?' എന്ന് ചോദിക്കും. പിന്നാലെ മുഴങ്ങുന്ന ചിരികൾക്കിടയിലൂടെ തല കുനിച്ച് ഞാൻ നടക്കും.
ഒരിക്കൽ മൂത്രപുരയിൽ വെച്ച്, ചില സഹപാഠികൾ ചേർന്ന് എന്റെ പാന്റ് സൂരി നോക്കാൻ തന്നെ പുറപ്പെട്ടു.കണ്മഷിയും ചാന്തുമണിയുന്ന സ്ഥിതിക്ക് ഞാൻ പെണ്ണാണോ എന്നറിയാനായിരുന്നു അക്രമം. ആ അപമാനം എത്രനാൾ എന്റെ ഉറക്കം കെടുത്തിയിരുന്നെന്നോ?അതിൽ ഞാൻ സ്കൂളിന്റെ മൂത്രപുരയിലേക്ക് പോകാതെയായി. സ്കൂൾ വിടുന്നത് വരെ എന്റെ മുട്ട് ഞാൻ പിടിച്ചു വെക്കും..എന്തിന്, വീട്ടിലെ മൂത്രപുര പോലും എന്നിൽ ഭയമുളവാക്കി കൊണ്ടേയിരുന്നു.



രൂപം കൊണ്ട് ആണ്ണും മനസ്സ്
കൊണ്ട് പെണ്ണുമായിരുന്ന എന്നെ
വീട്ടുകാർ അറപ്പോടെ നോക്കി,
കൂട്ടുകാർ മാറ്റിനിർത്തി. ഇങ്ങനെ
യൊരു അസത്ത് വയറ്റിൽ വന്നു
പിറന്നതിനെയോർത്ത് അമ്മ പ്രാകി.
ഇതിനെല്ലാമിടയിൽ, എനിക്ക് എന്നെ
തന്നെ മനസിലാകുന്നുണ്ടായിരുന്നില്ല!
എന്താണ് ഞാൻ?
ആണോ പെണ്ണോ?

കോളേജ് കാലത്ത്, ക്ലാസ്സിൽ സെമിനാർ എടുക്കുന്നതിനടിയിൽ ടീച്ചർ എന്റെ കൈവിരലുകൾ പരിശോധിച്ച് നോക്കി. ഞാനണിഞ്ഞ ക്യൂട്ടക്സും, ചുണ്ടിൽ തേച്ച ലിപ്സ്റ്റിക്കും പൊതുമധ്യത്തിൽ പ്രദർശിപ്പിച്ച് ഈ കോളേജിന് തന്നെ ഞാൻ അപമാനമാണെന്നും പറഞ്ഞ് എന്നെ തിരികെ ഇരിപ്പിടത്തിലേക്ക് പറഞ്ഞുവിട്ടു. നാട്ടിലും ഈ കാര്യം പാട്ടായി. കോളേജിലെ എന്റെ കൃഷ്ണനെന്നുള്ള പേര് കൃഷ്ണയായി. തെക്കേതിലെ രാഘവന്റെ മോൻ ചാന്തുപൊട്ടാണെന്ന് നാട്ടുകാർ തമ്മിൽ തമ്മിൽ പറഞ്ഞു ചിരിച്ചു. വഴി വക്കിൽ എന്നെക്കാത്ത് നാട്ടിലെ ചേട്ടന്മാരും അമ്മാവന്മാരും കാത്തിരിപ്പ് തുടങ്ങി. വേറൊന്നിനുമല്ല കളിയാക്കാൻ!ഒരു സാരിയും പുടവയുമൊക്കെ ചുറ്റി സ്റ്റാൻഡിൽ നിന്നാൽ പത്തു പൈസ കിട്ടും എന്നുള്ള സ്ഥിരം കമന്റിന് ഞാനിരയായി മാറി.

രൂപം കൊണ്ട് ആണ്ണും മനസ്സ് കൊണ്ട് പെണ്ണുമായിരുന്ന എന്നെ വീട്ടുകാർ അറപ്പോടെ നോക്കി, കൂട്ടുകാർ മാറ്റിനിർത്തി. ഇങ്ങനെയൊരു അസത്ത് വയറ്റിൽ വന്നു പിറന്നതിനെയോർത്ത് അമ്മ പ്രാകി.
ഇതിനെല്ലാമിടയിൽ,എനിക്ക് എന്നെ തന്നെ മനസിലാകുന്നുണ്ടായിരുന്നില്ല!എന്താണ് ഞാൻ?ആണോ പെണ്ണോ?കിട്ടാവുന്ന ഇന്റർനെറ്റുകളിലെ സൈറ്റുകളിലും മറ്റും കേറി ഞാൻ പരതി.ആർട്ടിക്കിളുകളും മറ്റും വായിച്ച് ഞാൻ എന്നെ തന്നെ കണ്ടെത്തി...അതെ ഞാൻ ട്രാൻസ്ജൻഡർ ആണ്. പക്ഷെ ഇതാരോട് പറയാൻ.ഭ്രഷ്ട് കല്പിച്ച ആ മുറിയിൽ നിന്ന് പുറത്തിറങ്ങിയാൽ എനിക്ക് സംസാരിക്കാൻ അനുവാദമോ, അവകാശമോ ഇല്ലായിരുന്നു.
ഒരു നാൾ സഹിക്ക വയ്യാതെ ഞാനാ മുറിയുടെ പുറത്തിറങ്ങാൻ തീരുമാനിച്ചു.പെങ്ങളുടെ സാരിയും, ലിപ്സ്റ്റിക്കും, കണ്മഷിയും തേച്ച് ഞാൻ മുറിക്ക് പുറത്തേക്കിറങ്ങി.കണ്ടുനിന്ന വീട്ടുകാർ എന്തോ നികൃഷ്ടമായ ജീവിയെ നോക്കി നിൽക്കുന്നതുപോലെ നോക്കി നിൽക്കുന്നുണ്ടായിരുന്നു. അവരോട് ഞാനുറക്കെ വിളിച്ചു പറഞ്ഞു. അതെ, ഞാൻ ട്രാൻസ്ജൻഡറാണ് എനിക്കിങ്ങനെയെ ജീവിക്കാൻ പറ്റൂ. ജീവിക്കാൻ വിടുക എന്ന് കേണപേക്ഷിച്ചു
ഈ രണ്ടും കെട്ടവനെ വീട്ടിൽ നിന്ന് ഇറക്കി വിടാൻ ചേട്ടനും, ഇനി നിന്നെയെനിക്ക് കാണണ്ടയെന്ന് അമ്മയും, ഈ നിമിഷം വീട്ടിൽ നിന്ന് ഇറങ്ങണമെന്ന് അച്ഛനും മറുപടി തന്നു.
ഞാൻ മരിച്ചാൽ ശവം കാണു

വാൻ പോലും വരരുതെന്ന് അച്ഛൻ പറയുകയും ചെയ്തു.

പിന്നെയൊന്നും നോക്കിയില്ല... ആ വേഷത്തോടെ അന്നവിടുന്നിറങ്ങി...വീടിന്റെ വരമ്പ് വരെ പെങ്ങൾ എന്റെ പുറകെ ഓടി വന്നു. തടയാൻ വീട്ടുകാർ ശ്രമിച്ചെങ്കിലും അവൾ അതിനെ എതിർത്തെന്റെ പുറകെ ഓടി. വീട്ടിൽ നിന്ന് ഞാൻ അനുഭവിക്കുന്നത് കാണാൻ വയ്യാഞ്ഞിട്ടാവണം, കൈയിലുള്ള ഒരു അമ്പത് രൂപ എടുത്ത് തന്നിട്ട്, എന്നെ ഒന്നിറുക്കി പുണർന്നു. ഒന്നും മിണ്ടാതെ ഞാൻ അതും വാങ്ങി നടന്നു പോയി.

അമ്പത് രൂപക്ക് പോകാവുന്ന ദൂരത്തിന്റെ അറ്റത്ത് പോയി.ചെല്ലുന്ന ബസ് സ്റ്റാന്റുകളിലും വഴിയോരങ്ങളിലും എന്നെ നാട്ടുകാർ അറപ്പോടെയും വെറുപ്പോടെയും നോക്കി. ഞാൻ പോകുന്നിടത്തെന്നെല്ലാം അവർ മാറി എഴുന്നേറ്റ് പോകുവാൻ തുടങ്ങി. ഇതൊക്കെ എന്നെ കൂടുതൽ ഭ്രാന്ത് പിടിപ്പിച്ചുകൊണ്ടിരുന്നു.ഓടിയും,നടന്നും, കിതച്ചും വലിഞ്ഞും ദിശയറിയാതെ അലഞ്ഞു. എന്റെ വേഷം കാരണം, ഒരു തുള്ളി വെള്ളം പോലും എവിടുന്നും കിട്ടിയില്ല, ആട്ടി തുപ്പി വെള്ളം കോരി മുഖത്തും ഒഴിച്ചു ചിലർ.

തളർന്നു കുഴഞ്ഞ ഞാൻ അവസാനം ഒരു കടത്തിണ്ണയിൽ കേറി കിടന്നു.

ഉറക്കം മെല്ലെ പിടിച്ച് വന്നപ്പോൾ, മെല്ലെ ഒരാൾ എന്റെ അരികിലേക്കെത്തി. തട്ടി വിളിച്ച് എന്റെ പേരും, എവിടെയാണ് വീടെന്നും ചോദിച്ചു. നടന്നതെല്ലാം ഞാൻ പറഞ്ഞു. ചുണ്ടിലൊരു പുഞ്ചിരിയോടെ അയാളെനിക്ക് ഭക്ഷണവും, ഇന്നൊരു ദിവസത്തേക്ക് തല ചായ്ക്കാൻ ഒരിടവും വാഗ്ദാനം ചെയ്തു.ചെറിയൊരു ആശ്വാസം ആ നിമിഷം തോന്നിയെങ്കിലും, അപ്പോ ഒരു കാര്യം അയാൾ എന്നോട് ആവിശ്യപ്പെട്ടു.

മെല്ലെ എന്റെ നെഞ്ചിലേക്ക് കൈവിരലുകൾ കൊണ്ടോടിച്ച്, ഇന്നൊരു ദിവസത്തേക്ക് എന്നോടൊപ്പം കിടക്ക പങ്കിടാൻ വരണമെന്ന് പറഞ്ഞു. ഒരു തുകയും അതിനയാൾ മുന്നോട്ട് വച്ചു.

'ദൈവേ,ഇതിലും ഭേദം മരണമായിരുന്നു' പക്ഷെ ദൈവത്തിന് പോലും അയിത്തമല്ലേ എന്നോട്..എന്റെ വിളി ആര് കേൾക്കാൻ. വിശപ്പും തളർച്ചയും എന്നെ തളർത്തുന്നത് കൊണ്ടുമാത്രം, മനസ്സില്ലാ മനസ്സോടെ എനിക്കതിനൊക്കെ വഴങ്ങി കൊടുക്കേണ്ടി വന്നു... എല്ലാം കഴിഞ്ഞതിനു ശേഷം ഭക്ഷണവും, പൈസയും അയാൾ തന്നു. പക്ഷെ ആ ചോറെനിക്ക് തിന്നാൻ തോന്നിയില്ല. ഇനിയും ആളുകൾ എന്നെ തേടി വരുമെന്ന ഭയത്താൽ പൈസയും കയ്യിലെടുത്തു അവിടുന്നും ഞാനിറങ്ങി.

ലക്ഷ്യമില്ലാതെ നടന്ന് നടന്ന്.. ദൂരെ കണ്ടൊരു റെയിൽവേ ട്രാക്കിൽ ഞാൻ ചെന്നെത്തി.പാളത്തിന് കുറുകെ ഞാൻ കിടന്നു.

അതെ, സംശയിക്കണ്ട... നിങ്ങളിപ്പോൾ വായിച്ചത് എന്റെ ആത്മഹത്യകുറിപ്പ് തന്നെ!

ഭഗവാൻ, പാതി ആണും പാതി പെണ്ണുമായി അവതരിച്ചതിനെ കൈകൂപ്പി വണങ്ങുന്ന അതെ നാട്ടിൽ എനിക്ക് നേരിടേണ്ടി വന്നത് മരണത്തെക്കാൾ വേദനയേറിയ ജീവിതമാണ്!

ഇനി ജീവിക്കണ്ട,ഇങ്ങനൊരു ജീവിതവും എനിക്ക് വേണ്ട, വിദ്വേഷവും വെറുപ്പുമില്ലാത്ത,കാമവും കുത്തുവാക്കുകളും കുത്തിനോവിക്കാത്ത, ഞാനെന്ന മനുഷ്യനെ അംഗീകരിക്കുന്ന ഒരു ലോകത്തേക്ക് എനിക്ക് ചെല്ലണം. ഈ ഭൂമി എനിക്ക് ചേർന്നതല്ല!

മനുഷ്യരെ മനുഷ്യനായി അംഗീകരിക്കാത്ത നിങ്ങളൊക്കെയും ജീവിക്കുന്ന ഈ ഭൂമിയെക്കാളും നല്ലത്, മരണം തന്നെയാണ്..

ട്രെയിൻ ദൂരെ നിന്ന് വരുന്നുണ്ട്.നാടെ നാട്ടുകാരെ, നിങ്ങളുടെ പെണ്ണൻ,ഈ കൃഷ്ണയിതാ തലയും ഉടലും വേർപെട്ട് ഇവിടെ ഒടുങ്ങാൻ പോകുകയാണ്

നന്ദി!

# May Your Dreams Come True

Al Azna Nazeer Shemina
*BA English 3rd Year*

Dreams are only just mere wishes
for many who are under their spell.
Still hoping it with great urge
And waiting to become

Fighting all day every day to cross the bridges,
Many come their way or some
Trying different ways to harm and rushes
Not allowing to become a gem

But one day with their courage and brushes
used as wand will overcome
And will paint beautiful sketches
As their dreams are true now and from.



# Fabzz...

Amina Rasheed
*BSc Botany*

The beginning days of college were boring... I found one girl peeping at me from the last bench and ask about my name... With my introduction we remember that we are making a conversation before the meeting through online messages..
Days pass by and I got another girl.. Shares our small funny things happen in the classrooms... Year pass by and we were attachedand getting closer and closer
Now, we are one..
Three souls in one.. & it is fabzz..

# വർഗീയതയോടുള്ള ചെറുത്തുനിൽപ്

ARJUN S S
S4 BA ENGLISH



നമ്മൾ എന്ന അർത്ഥത്തിൽ മുന്നോട്ടുകൊണ്ടുപോകുന്ന ആശയങ്ങളുടെ ആകത്തുക എന്ന് പറയുന്നത് ഒരുമയോടെയും സ്നേഹത്തോടെയും ജീവിക്കുക എന്നുള്ളതാണ് ഏതൊരു കാലഘട്ടം എടുത്താലും അതിലെല്ലാം മികച്ച സ്നേഹബന്ധം നിലനിർത്തുന്ന കൂട്ടായ്മ ഉണ്ടാവുക എന്നുള്ളത് വളരെ ഏറെ പ്രാധാന്യമുള്ളതാണ് ഇവിടെയാണ് ഇതിനെതിരെ വരുന്ന വർഗീയത എന്ന സ്നേഹബന്ധങ്ങളെ താളംതെറ്റിക്കുന്ന വസ്തുത മുന്നിലുള്ളത്.

അതുകൊണ്ടുതന്നെയാണ് വർഗീയതയോടുള്ള ചെറുത്തുനിൽപ്പിന് നമുക്കിടയിൽ പ്രസക്തിയേറുന്നത് വിദ്യാർത്ഥിസമൂഹവും അവർക്കിടയിലുള്ള ബന്ധങ്ങളും പലപ്പോഴും മുന്നോട്ടുപോകുന്നത് ഇത്തരത്തിലുള്ള വർഗീയപരമായ കാര്യങ്ങൾ എതിർത്തുനിന്നും തോൽപ്പിച്ചു കൊണ്ട് തന്നെയാണ് കൃത്യമായ രാഷ്ട്രീയ അവബോധം ഇത്തരം കാര്യങ്ങളിൽ ഇതിൽ ഉണ്ടാക്കിയെടുക്കുക എന്നുള്ളത് വളരെ പ്രാധാന്യമുള്ള ഒരു കാര്യമാണ് പല വിഷയങ്ങളിലും നിലപാട് എടുക്കേണ്ടത് ഏതെങ്കിലും ഒരു മതത്തെയോ അല്ലെങ്കിൽ ഏതെങ്കിലും ഒരു വിഭാഗത്തിന് താൽപര്യങ്ങൾക്കനുസരിച്ച് ആവരുത് ചിന്തിക്കുക പ്രവർത്തിക്കുക എന്നുള്ളതൊക്കെ ഒരു വ്യക്തിയുടെ വ്യക്തിപരമായ അടിസ്ഥാനത്തിൽ ഉണ്ടാവേണ്ടതാണ്. ഇന്ത്യ എന്ന രാജ്യത്തിന്റെ പ്രത്യേകത എടുത്തു നോക്കൂ ഇന്ത്യ ഒരു മതേതര രാജ്യമാണ് എന്ന് വെച്ചാൽ എല്ലാ മതങ്ങൾക്കും അവരുടേതായ കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ സാധി

ക്കുക എന്നുള്ളതാണ്. അതുപോലെ തന്നെ ഇത്തരം കാര്യങ്ങളിൽ മുന്നോട്ടു പോകുമ്പോൾ ഇന്ത്യയുടെ അന്തസ്സും വിശ്വാസവും മുറുകെ പിടിക്കുകയും, ഇന്ത്യയുടെ നിയമങ്ങൾക്ക് മങ്ങൽ ഏൽപ്പിക്കാതിരിക്കുകയും ചെയ്യുക എന്നുള്ളതാണ്.

പലതരത്തിലുള്ള സംഘടനകൾ നമുക്കിടയിൽ ഉണ്ടാവാറുണ്ട്. വർഗീയതയുള്ള നിലപാടുകൾ നമുക്കിടയിൽ ചർച്ചയാക്കിക്കൊണ്ട് ഇത്തരത്തിലുള്ള കാര്യങ്ങൾ പൊതു സമൂഹത്തിന് എന്ത് നേട്ടം ഉണ്ടാകും എന്ന ഉദ്ദേശത്തോടുകൂടി ആവണം ചർച്ച മനുഷ്യപുരോഗതിയും സ്നേഹ ബന്ധങ്ങളും കാർന്നു തിന്നുന്ന ഒന്നാണ് വർഗീയത എന്നുപറയുന്നത്. മനുഷ്യൻ മനുഷ്യനെ മനസ്സിലാക്കാതെ അന്ധമായി വർഗീയതയുടെ ചൂടുപിടിച്ച് മുന്നോട്ടുപോകുന്നത് വളരെയേറെ അപകടകരമാണ്. ചിന്തിച്ചുനോക്കുക വർഗീയതയുടെ പേരിൽ പരസ്പരം ചേരിതിരിഞ്ഞ് മുന്നോട്ടുപോകുന്നത് തലക്കുപിടിച്ച വർഗീയത ഭ്രാന്തിന്റെ പേരിൽ എതിരെ നിൽക്കുന്ന അവന്റെ സ്വന്തം സഹോദരനെ പോലെ കാണേണ്ടവന്റെ നേരെ വാളോങ്ങുന്നത് രക്തം ചീന്തിക്കുന്നത് എത്രയേറെ നീജമായിട്ടുള്ള കാര്യമാണിത്. നമ്മുടെ കണ്മുന്നിലൂടെ നടന്നു പോയിട്ടുള്ള എത്ര കാര്യങ്ങൾ ഗുജറാത്ത് കലാപത്തിൽ മറ്റും നാം കണ്ടത് സ്വന്തം സഹോദരനെ പോലെ ഉള്ളയാൾ കലാപസമയത്ത് തനിക്ക് നേരെ ആക്രമിക്കുകയും മാനഭംഗപ്പെടുത്തുകയും ചെയ്യുന്നു. അവിടെയൊക്കെ നാം കണ്ടത് വർഗീയതയുടെ പേരിലാണ് അപകടം എന്തെന്നാൽ എത്രയേറെ ബലത്തിൽ കെട്ടിപ്പടുത്ത ബന്ധങ്ങളും കൂട്ടായ്മകളും തകർന്നു പോകുന്നത് ഇത്തരത്തിലുള്ള വർഗീയ കാഴ്ചപ്പാടുകൾ കാരണമാണ്.




മതത്തിന്റെയും മറ്റും പേരും പറഞ്ഞ് പരസ്പരം ചേരിതിരിഞ്ഞ് സമൂഹത്തിൽ പ്രശ്നമുണ്ടാക്കുന്ന ഒരു വിഭാഗം വളർന്നുവരാതെ ഇത്തരം കാര്യങ്ങൾ വിദ്യാർഥികളിൽനിന്ന് തന്നെ ആദ്യം ശക്തമായ നിലപാടുകൾ എടുത്തു മുന്നോട്ടു പോകാം. വർഗീയത ചെറുത്തുനിന്ന് സ്നേഹബന്ധങ്ങൾ കെട്ടിപ്പടുക്കുക.

തീർച്ചയായും വിദ്യാർഥികൾ എന്ന നിലക്ക് വർഗീയതക്കെതിരെയുള്ള കാര്യങ്ങളിൽ നിലപാടെടുക്കുന്നതിന് വളരെയേറെ പ്രസക്തിയുണ്ട്.

ഭാവിയിൽ നാം നേരിടാൻ പോകുന്ന ഏറ്റവും വലിയ പ്രശ്നം എന്തെന്നാൽ സാമ്പത്തികപരമായോ മറ്റുള്ള പ്രശ്നങ്ങൾ ആയിരിക്കില്ല അത് വർഗീയതയുടെ പേരിലുണ്ടാവുന്ന പ്രശ്നങ്ങൾ ആയിരിക്കും.

മതത്തിന്റെയും മറ്റും പേരും പറഞ്ഞ് പരസ്പരം ചേരിതിരിഞ്ഞ് സമൂഹത്തിൽ പ്രശ്നമുണ്ടാക്കുന്ന ഒരു വിഭാഗം വളർന്നുവരാതെ ഇത്തരം കാര്യങ്ങൾ വിദ്യാർഥികളിൽനിന്ന് തന്നെ ആദ്യം ശക്തമായ നിലപാടുകൾ എടുത്തു മുന്നോട്ടു പോകാം. വർഗീയത ചെറുത്തുനിന്ന് സ്നേഹബന്ധങ്ങൾ കെട്ടിപ്പടുക്കുക. നമുക്ക് അതിന് സാധിക്കും എന്നുള്ളത് വസ്തുതയാണ്. അഭിമന്യുവിന്റെ സ്മരണകൾക്ക് മുന്നിൽ **'വർഗീയത തുലയട്ടെ'**

# പ്രണയവും
# മതത്തിന്റെ കടന്ന് വരവും

JUHAIN NAZAR
S2 BCOM CA

പ്രണയം എത്ര മനോഹരമായ വികാരമാണല്ലേ... പ്രണയത്തേക്കാൾ മനോഹരമായ മറ്റെന്തുണ്ട് ഈ ഭൂമിയിൽ...?? എന്നിട്ടും പ്രണയത്തിനിത്ര വിലക്കെന്തേ ഈ ഭൂമിയിൽ... ജാതി മത ഭേദമന്യേ എല്ലാവരും ഒറ്റ സ്വരത്തിൽ എതിർക്കുന്ന ഒന്നേ ഉള്ളു ഈ ഭൂമിയിൽ അത് പ്രണയമാണ്.... എന്തു കൊണ്ടാവാം അങ്ങനെ.... സ്നേഹിക്കുന്നതും സ്നേഹിക്കപ്പെടുന്നതും ഇത്ര വലിയ പാപമായത് എന്ത് കൊണ്ടാണ്...? മതത്തിന്റെ സദാചാര കണ്ണോടെ ഒരിക്കലും നമുക്ക് അതേ പറ്റി ചിന്തിക്കാൻ കഴിയില്ല.... മതങ്ങൾക്ക് മുമ്പേ ഈ ഭൂമിയിൽ പ്രണയമുണ്ട് നിങ്ങൾ തർക്കിച്ചാലും ഇല്ലെങ്കിലും... പണ്ട് ആർക്കോ ഇടയിൽ മൊട്ടിട്ട പ്രണയം പാകിയ വിത്തുകൾ വീണ്ടും പ്രണയിച്ചും പരസ്പരം ഹൃദയം കൈമാറിയും ഒരുപാട് അനുരാഗികൾക്ക് ജന്മം നൽകിയപ്പോൾ ഇടക്കെപ്പോഴോ ആ അതിരില്ലാത്ത പ്രണയ സങ്കല്പത്തിന് ആരോ കടിഞ്ഞാണിട്ടു... വിവാഹം കഴിച്ചാലേ പ്രണയിക്കാൻ പാടുള്ളു പോലും.... ഏതെങ്കിലും ഒരു മതക്കാരാണ് ആ നിയമ വ്യവസ്ഥക്ക് തുടക്കം കുറിച്ചത് എന്നത് ഉറപ്പാണ്.... മതത്തിനാവുമ്പോ എല്ലാ നിയമങ്ങളും ദൈവത്തിന്റെ മേലിൽ ചാർത്തുമ്പോൾ പിന്നെ ചോദ്യം ചെയ്യപെടലുകളില്ലല്ലോ... ദൈവ ഭയത്താൽ അവന്റെ അടിമകൾ അത് അനുസരിക്കുക തന്നെ ചെയ്യും...

എന്നിട്ടും പ്രണയിക്കാതിരുന്നോ നമ്മൾ ഈ ഭൂമിയിൽ...? കമിതാക്കളെ നിങ്ങൾക്കെന്താ ദൈവത്തെ ഭയമില്ലേ....? മതത്തെ നിങ്ങൾ അനുസരിക്കുന്നില്ലേ...? ഇത്ര മനോഹരമായ ഒരു അനുഭൂതി ദൈവം വിലക്കുമെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ... പ്രണയം തന്നെ അല്ലെ നമ്മുടെ ഒക്കെ ജീവന്റെ അടിസ്ഥാനം... അത് ഒരിക്കലും മോശമല്ല.... ജീവിതത്തിന്റെ കെമിസ്ട്രിയും ബയോളജിയും ഒക്കെ അവിടെ തന്നെ നിലനിൽക്കുമ്പോഴും ഇതിന്റെ എല്ലാം അടിസ്ഥാന തത്വം പ്രണയം തന്നെ ആണ്...

മതവും പ്രണയവും എന്ന തലക്കെട്ട് തന്നെ അരോചകമാണ് ഒരിക്കലും കൂട്ടി വായിക്കാൻ കഴിയാത്ത രണ്ട് വസ്തുതകൾ.... എത്ര കൂട്ടി ഇണക്കാൻ നോക്കിയാലും നമുക്ക് അവയെ ഒരുമിച്ച് വീക്ഷിക്കാൻ കഴിയില്ല... ദൈവം ജീവജാലങ്ങളെ സൃഷ്ടിച്ചത് പരസ്പരം പ്രണയിക്കാനും ജീവിക്കാനും അവരുടെ സന്താന പരമ്പരകൾക്ക് ജന്മം നൽകാനും വേണ്ടിയാണ്... ഇടക്കെപ്പോഴോ മനുഷ്യന് മാത്രം കുറച്ചു ചിന്തിക്കാനുള്ള കഴിവ് നൽകിയപ്പോൾ അവൻ ദൈവം പോലുമറിയാത്ത പല നിയമങ്ങളും ഉണ്ടാക്കിയപ്പോൾ ദൈവം പോലും അത്ഭുതപ്പെട്ടിട്ടുണ്ടാവാം....

കമിതാക്കളോട് ഒന്നേ പറയാനുള്ളു.... പ്രണയം അത് ഒരിക്കലും പാപമല്ല....... അങ്ങനെ ഓർത്ത് പ്രണയിക്കാതിരുന്നവരാണ് ഈ ഭൂമിയിലെ ഏറ്റവും നിർഭാഗ്യവന്മാർ... ഒരു പുതിയ തലമുറ വളർന്നു വരുന്നുണ്ട്... കപട സദാചാരക്കാർ പത്തി താഴ്ത്തി തുടങ്ങി.... പ്രണയം തകർക്കാനാവാത്ത ഒന്നാണെന്ന് കാലം തെളിയിക്കുക തന്നെ ചെയ്യും....

# A TRIBUTE TO INDIA'S WARREN BUFFET

SUBINA S
S2 MCOM



**"Success"** is the spectrum of focus, attitude, knowledge, and the ambition to be successful. Success will not come your way; you have to pave the way for it.Rakesh Jhunjhunwalawas an Indian billionaire, business man, stock trader and investor and he paved his success with strong futuristic attitude and immense knowledge.

Rakesh Jhunjhunwala was born in 5th July, 1960 at Hyderabad but he grew up in a Rajasthan family in Bombay. He graduated from Sydenham College and thereafter entered at the Institute of Chartered Accountants of India. His inherent eagerness and desire towards investment perception changed his life forever.Rakesh Jhunjhunwala's success story escalated his capital fromRs. 5000 to Rs.40,000Crores. How could a common guy from such a background become one of the most successful investors? How he came to be known as "the big bull" or "India'sWarren Buffet"?

Rakesh Jhunjhunwala set his foot in the stock market with Rs. 5000 in 1985. Next, he made an amount of Rs. 2.5 lakhs;this was a massive profit in 1986, and equivalent to 0.5 million in the present-dayrate. Then he bought 5000 shares of Tata tea, which tripled his profits in the years between 1986-1989. Rakesh Jhunjhunwala owned a stock trading company called "Rare Enterprise" to manage the portfolio and the name evolved from the first two letters of his wife's name Mrs. RekhaJhunjhunwala who was the co-founder of Akash Airlines.

In 2002-03 he acquired Titan Company Ltd. at a price of Rs. 3 per share and now its streamed at a price of Rs. 2,579. At present, he has a holding of over 4.4 crores worth shares of Titan Co. Ltd. A similar story can be said of LUPIN, in 2006 the purchase price per share was Rs.150, butLUPIN trades at Rs. 742 now. Additionally, the portfolio of Rakesh Jhunjhunwala-now encompasses Crisil Ltd., Bilcare Ltd., Canara Bank, India Bull Real Estate Ltd., Fortis Health Care Ltd. According to the latest update of Forbes,his net worth goes over $ 5.8 billion and was ranked as the 438th billionaire in the world.

From this majestic journey of success,we can undoubtedly pursue his way of motivation and perseverance. He was of the view that, "short term trading is for short term gains, long term trading is long term capital formation". If you put your effort and desire for a long-term perspective, you will get long term appreciation for your effort. And his philosophy also tells us about being passionate in our areas of liking.

Rakesh Jhunjhunwala was a sculptor of new dimensions in investment era. His eternal sleep will leave a void in the stock market industry but his persuasive life story can motivate many to follow one's career path with passion.

# മത നിരപേക്ഷ സമൂഹവും വിദ്യാർത്ഥി കാഴ്ച്ച പാടുകളും

ANJALI
S2 BSC PHYSICS




**വിദ്യാർത്ഥികൾ** സമൂഹത്തിൽ ഒരു പ്രധാന വിഭാഗമാണ് എന്നുള്ളത് എല്ലാവരും വളരെ പ്രസക്തിയോടെ കാണുന്നതാണ്. എന്താണ് ഒരു സമൂഹം? എന്താണ് സമൂഹത്തിന്റെ പ്രധാന ഘടകങ്ങൾ? എന്തൊക്കെയാണ് കാഴ്ചപ്പാടുകൾ? തിരുത്തലുകൾ? ഇത്തരത്തിലുള്ള കാര്യങ്ങൾ ഏറെ പ്രാധാന്യമുള്ളതാണ്.

സമൂഹത്തിലെ പല തരത്തിലുമുള്ള കാഴ്ചപ്പാടുകളും അവിടെ വരുന്ന വിഭാഗങ്ങളും പ്രധാനപ്പെട്ടതാണ്. അത്തരത്തിലൊരു സമൂഹത്തിൽ വിദ്യാർഥികൾക്കിടയിലും ചർച്ച ചെയ്യേണ്ട ഒന്നുതന്നെയാണ് മതനിരപേക്ഷ മൂല്യങ്ങൾ. സമൂഹത്തിൽ അതിന്റെ പ്രാധാന്യവും ഏറെയാണ്. മതനിരപേക്ഷതയോടുള്ള കാഴ്ചപ്പാടുമായി മുന്നോട്ടു പോവുക. സമൂഹം എന്ന ആശയത്തിൽ ഉൾക്കൊണ്ട് ജീവിക്കുമ്പോൾ തന്നെ മതനിരപേക്ഷത എന്ന ആശയം വളരെ ഏറെ പ്രത്യേകതയുള്ളതാണ്. ചർച്ച ചെയ്യപ്പെടുന്ന പല തരത്തിലുള്ള വസ്തുതകൾ നമുക്കിടയിലുണ്ട്. ചരിത്രപരമായി ത്തന്നെ ഇതിന് അടിസ്ഥാനമുണ്ട്. ഇന്ത്യൻ ഭരണഘടനയിൽ അല്ലെങ്കിൽ അതിന് അനുബന്ധമായി വരുന്ന മറ്റു ഘടകങ്ങളും പരിഗണിക്കുമ്പോൾ മതനിരപേക്ഷത മാറ്റിനിർത്തിയാൽ ഇന്ത്യയുടെ അർത്ഥം ഇല്ലാതാകും. ഇതുപോലെ തന്നെയാണ് സമൂഹത്തിൽ മതനിരപേക്ഷതയും അതിനെ പരിഗണിക്കാത്തത് സമൂഹത്തിന്റെ കാഴ്ചപ്പാട് തന്നെ ഇല്ലാതാകുന്നതാണ്. അത്തരത്തിൽ സമൂഹത്തിന്റെ ജീവവായു എന്ന നിലക്കാണ് മതനിരപേക്ഷത ഉൾക്കൊള്ളുന്നത്.

വർഗീയ പരമായി ചിന്തിക്കുന്നവരുടെ കണ്ണിലെ കരടാവുന്ന ആശയമാണ് മതനിരപേക്ഷത ഇത്തരത്തിലുള്ള ചിന്തകൾക്ക് അറുതി വരുത്താൻ വിദ്യാർത്ഥികൾക്ക് സമൂഹത്തിനിടയിൽ ഇറങ്ങിച്ചെന്ന് പ്രവർത്തിച്ചുകൊണ്ട് മുന്നോട്ടു പോകാൻ സാധിക്കുന്നതാണ്. ഇത്തരത്തിലുള്ള ആശയങ്ങളുമായി മുന്നോട്ട് പോകുമ്പോൾ പല തരത്തിലുള്ള ഒളിഞ്ഞും തെളിഞ്ഞുമുള്ള എതിർപ്പുകൾ നേരിടേണ്ടി വരുന്നതാണ് വിദ്യാർഥികൾ എപ്പോഴും സമൂഹത്തിൽ ശക്തമായ നിലപാട് എടുക്കുന്നവരാണ്. ശക്തമായി തന്നെ ഇത്തരം ആശയവുമായി മുന്നോട്ടു പോകാൻ വിദ്യാർത്ഥികൾ വഹിക്കുന്ന പങ്ക് വലുതാണ്. ഇത്തരത്തിലുള്ള ആശയങ്ങളെ പഴഞ്ചനാണ് എന്നും ഇതൊക്കെ ആവശ്യമില്ലാത്തത് ആണെന്നും വർഗീയ പരമായി ചിന്തിക്കുന്ന ഒരു വിഭാഗം നമുക്കിടയിൽ ഉണ്ട് എന്നുള്ളത് അപകടം തന്നെയാണ്. എന്നാൽ ഇതിനിടയിൽ




നന്മനിറഞ്ഞ ഒരു സമൂഹം ഉണ്ടാവുക എന്നതിന് പ്രസക്തി ഏറെയാണ്, അവിടെയാണ് വിദ്യാർത്ഥികളുടെ കാഴ്ചപ്പാടുകൾക്ക് പ്രധാന്യമർഹിക്കുന്നത്. വളരെ വ്യക്തമായ രീതിയിൽ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു എന്നുള്ളതു കൊണ്ടു തന്നെയാണ് സ്വതന്ത്രമായി ചിന്തിക്കുന്ന ഒരു സമൂഹം എന്ന നിലക്ക് മതനിരപേക്ഷതയുടെ ആവശ്യകത ആഴത്തിൽ തന്നെയുണ്ട്. എന്നാൽ പലപ്പോഴും നല്ലൊരു ആശയവുമായി മുന്നോട്ടു പോകുമ്പോൾ അതിനെ ഇല്ലാതാക്കാൻ ശ്രമിക്കുന്ന ഒരു വിഭാഗം ഉണ്ടായിരിക്കുന്നതാണ്. അതിനാൽ തന്നെയാണ് നല്ലനല്ല ആശയങ്ങളുമായി ഒരു വിഭാഗം വളർന്നുവരേണ്ടത്.

വിദ്യാർത്ഥികൾ എപ്പോഴും മുന്നോട്ടുകൊണ്ടുപോകുന്ന കാഴ്ചപ്പാട് മതത്തിനപ്പുറം മാനുഷിക മൂല്യങ്ങൾക്ക് വിലകൽപ്പിക്കുന്നതാണ്. മനുഷ്യനെ മനുഷ്യനായി കാണുക എന്നുള്ളത് പ്രധാനപ്പെട്ടത് തന്നെയാണ്. വ്യക്തികൾക്കിടയിലും സമൂഹത്തിനിടയിലും മറ്റും ആഴത്തിൽ ഇറങ്ങി ചെല്ലുമ്പോൾ അവിടെ നിന്നും കിട്ടുന്ന അനുഭവങ്ങൾ ചേർത്തുവെക്കുമ്പോൾ അതിന് മതനിരപേക്ഷത എന്ന മനോഹരമായ അർത്ഥം വരുന്നത്. കാഴ്ചപ്പാടിനെ വിദ്യാർത്ഥികൾക്കിടയിൽ മാറ്റമില്ലാതെ തുടരുന്നുണ്ടെങ്കിൽ മതനിരപേക്ഷതക്ക് വേരുറപ്പിക്കാൻ സാധിക്കും. വർഗീയതക്കപ്പുറം സ്നേഹബന്ധങ്ങൾക്ക് മറ്റും ഏൽപ്പിക്കാൻ സാധിക്കണമെങ്കിൽ മതനിരപേക്ഷതയുടെ വേരുകൾ വിദ്യാർഥികൾക്കിടയിലും സമൂഹത്തിനിടയിലും ആഴത്തിൽ ഇറങ്ങി ചെല്ലണം. വേരുറയ്ക്കണം മതനിരപേക്ഷ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് നമുക്ക് ജീവിക്കാം.

# തുറന്ന് പറയലിന്റെ രാഷ്ട്രീയം

മടികൂടാതെ മനസ്സ് തുറന്ന് സംസാരിക്കാൻ കഴിയാതിരിക്കുക എന്നുള്ളത് നമുക്കിടയിൽ പലപ്പോഴും ഉണ്ടാകുന്ന ഒരു പ്രശ്നമാണ്. സമൂഹത്തിനിടയിൽ ജീവിക്കുമ്പോൾ പലതരത്തിലുമുള്ള ബുദ്ധിമുട്ടുകളും അനുബന്ധ പ്രശ്നങ്ങളും നമ്മുക്കിടയിലുണ്ടാവാറുണ്ട്. എന്നാൽ എങ്ങനെ അത്തരം പ്രശ്നങ്ങളെ നേരിടാം അല്ലെങ്കിൽ തുറന്ന് പറയാം എന്നതിൽ പലപ്പോഴും കൃത്യമായ കാഴ്ച്ചപാടില്ല എന്നുള്ളത് ഒരു വസ്തുതയാണ്. എങ്ങനെ എന്ന് ചിന്തിച്ചു പലരും പലകാര്യങ്ങളും വ്യക്തമായ രീതിയിൽ തുറന്ന് പറയാൻ മടിക്കുന്നുണ്ട്. എന്നാൽ തുറന്ന് പറയലിന്റെ രാഷ്ട്രീയം എന്ന ആശയം മുന്നോട്ട് വെയ്ക്കുമ്പോൾ ഏതൊരു വിഷയത്തിലും കൃത്യമായ രീതിയിൽ അതിന്റെ ആശയങ്ങൾ ഉള്ള് കൊണ്ട് തന്നെ വ്യക്തമായി തുറന്ന് പറയാൻ സാധിക്കുന്നതാണ്.

രാഷ്ട്രീയം എന്ന് പറയുമ്പോൾ ഈ പൊതു സമൂഹം ഉണ്ടാക്കി വെച്ചതു മാത്രമല്ല. അത് ഈ സമൂഹം ഉണ്ടാക്കിയ പല വേലിക്കെട്ടുകളെയും പൊളിച്ചെഴുതാൻ കഴിയുന്നതാവണം. തീർച്ചയായും എന്തിനെ പറ്റിയാണോ നമ്മുക്ക് തുറന്ന് സംസാരിക്കാൻ കഴിയുന്നത്, ശക്തമായി എതിർക്കാൻ കഴിയുന്നത് അത് തന്നെ രാഷ്ട്രീയം സംഘടിക്കണം അനീതിയോടെതിർക്കണം . എങ്കിൽ മാത്രമേ അതിനെ ശരിയായ രാഷ്ട്രീയം എന്ന് വിലയിരുത്താനാവു. തെറ്റായ ഒരു പ്രവണതയ്ക്കു മുന്നിൽ മറ്റെല്ലാത്തിനുമപ്പുറം സ്വന്തം നിലപാട് വളരെ വ്യക്തമായി തന്നെ തുറന്ന് പറയാൻ സാധിക്കണം. എന്നാൽ എങ്ങനെയാണ് നാം ഇത്തരം കാര്യങ്ങളിൽ മടിച്ചു നിൽക്കുന്നത് എന്ന് ഓർക്കുക.

സമൂഹം ചില ധാരണകൾ ഉണ്ടാക്കി വെച്ചിട്ടുണ്ട് എന്നുള്ളത് നമുക്ക് മുന്നിലുള്ള വസ്തുതയാണ് ഏറെക്കുറെ നമ്മുടെ ചിന്തകളും പ്രവർത്തികളും ആ അതിർ വരമ്പുകളിൽ കുരുങ്ങി കിടക്കുകയാണ്. കലാലയ ജീവിതത്തിൽ എത്തി നിൽക്കുന്ന വിദ്യാർത്ഥി എന്ന നിലക്ക് ചോദ്യം ചോദിക്കേണ്ടിടത്ത് ചോദ്യം ചോദിക്കുക, തുറന്ന് പറയേണ്ടിടത് തുറന്ന് പറയുക, എന്നത് പ്രാധാന്യമാണ്. തുറന്ന് പറഞ്ഞാൽ മറ്റുള്ളവർ എന്ത് വിചാരിക്കും അല്ലെങ്കിൽ പരാജയപെട്ട് പോകുമോ എന്ന ഭയം പലപ്പോഴും നമ്മുക്കുള്ളിൽ ഉണ്ടാവാറുണ്ട്. ഒരു പൗരന് രാഷ്ട്രീയം എന്നത് രാഷ്ട്രത്തിനു വേണ്ടിയാവുമ്പോൾ പല കാര്യങ്ങളിലും നമ്മുക്ക് വിയോജിപ്പോയുണ്ടാവാം. എന്നാൽ അതെല്ലാം അതിന്റേതായ നിലയ്ക്ക് തന്നെ മുന്നോട്ടു കൊണ്ട് പോവാൻ സാധിക്കണം. തുറന്ന് പറയുമ്പോൾ സംഭവിക്കുന്നത് അവിടെ വ്യക്തമായി വരുന്നത് നമ്മുടെ ഓരോരുതരുടെയും ശബ്ദമാണ്. ആ ശബ്ദത്തിന് വളരെയധികം മൂല്യങ്ങളുണ്ട്. എന്നാൽ മൗനമായി ഇരിക്കുമ്പോൾ തെറ്റുകൾക്കു നേരെ വിരൽ ചൂണ്ടാതെ ഇരിക്കുന്നത് വളരെയേറെ അപകടകാരമായിട്ടുള്ള ഒന്നാണ്.

മൂർച്ചയേറിയ വാക്കുകൾ എപ്പോഴും സമൂഹത്തിൽ അല്ലെങ്കിൽ രാഷ്ട്രീയത്തിൽ വളരെ വലിയ രീതിയിലുള്ള ചലനങ്ങൾ സൃഷ്ടിക്കാറുണ്ട്. തുറന്ന പറയുന്നതിലൂടെ സമൂഹത്തിൽ ഉണ്ടാകുന്ന മാറ്റം വളരെ വലുതാണ് ഒരിക്കൽ തുറന്ന് പറയാത്തത്തിന്റെ പേരിൽ പിന്നീട് ഖേദിക്കേണ്ടി വരുന്നത് വളരെ സങ്കടകരമായ ഒരു അവസ്ഥയാണ്. ചെറുപ്പം മുതൽക് തന്നെ രക്ഷിതാക്കളിൽ നിന്നും മറ്റും ചില കാര്യങ്ങൾക് ഒരു പരിധിയുണ്ടാകാറുണ്ട്. ആ പരിധിയിൽ നിന്ന് ചിന്തിക്കുന്നത്കൊണ്ടാണ് പലപ്പോഴും നമ്മുടെ ചിന്തകൾക് പരിധി നിശ്ചയിക്കപ്പെടുന്നത്.തുറന്നുപറയുന്നതിന്റെ രാഷ്ട്രീയത്തിലൂടെ ഓരോ വിദ്യാർഥികൾകിടയിലൂടെ ചർച്ചയാവുന്നതും അതിന്റെതായ കാര്യങ്ങൾ വിദ്യാർഥികൾ ഉൾകൊള്ളുന്നതും അതിലൂടെ വരുന്ന ആശയങ്ങളും പുത്തൻ ചിന്താഗതികളും മികച്ചതാവേണ്ടതുണ്ട്. അതിനായി നാം ആദ്യം ചെയ്യേണ്ടത് ഓരോ വിദ്യാർഥികളുടെയും നിലപാടുകളെ മാറ്റലാണ്. എന്തെന്നാൽ മൗനമായി ഇരിക്കുന്നതിനേക്കാൾ നല്ലതാണ് ഓരോരുത്തരുടെയും ശബ്ദം പുറത്ത് വരുന്നത്.

അതെ മാറണം മാറ്റം നമുക്കിടയിൽ തന്നെ ഉണ്ടാവണം പുത്തൻ ആശയങ്ങളും പുതിയ വ്യക്തികളും നമുക്കിടയിൽ അവരുടെ അതിർവരമ്പുകളെ ഭേദിച്ച് മുന്നോട്ട് വരണം. അവിടെ തുറന്നുപറയേണ്ട രാഷ്ട്രീയത്തിലൂടെ ഇനിയും ഇത്തരം ശബ്ദങ്ങളും ഉയർന്നു വരട്ടെ.



> “The old world is dying,
> and the new world struggles to be born:
> now is the time of monsters.”

— Antonio Gramsci

# ചോദ്യം ചെയ്യലിന്റെ രാഷ്ട്രീയം

HASNA
S2 BCOM CA



**എ**പ്പോഴും നമ്മുടെ ഇടയിൽ ചില കാര്യങ്ങളിൽ നമുക്ക് സംശയം വരാറുണ്ട്. ചോദ്യം ചെയ്യാതെ ഇരിക്കുന്നത് കൊണ്ട് തന്നെയാണ് ഇത്തരത്തിലുള്ള സംശയങ്ങൾ ഉണ്ടാകുന്നത്. ഇവയെ പറ്റി നാം ചർച്ച ചെയ്യേണ്ടതുണ്ട്. ഇന്ന് നാം പലപ്പോഴും കണ്ടുവരുന്ന ഒരു വസ്തുതയാണ് ഏതെങ്കിലും ഒരു കാര്യത്തിൽ ചോദ്യം ചെയ്താൽ അവരെ അതിൽ കുറ്റക്കാർ ആക്കുന്ന പ്രവണത. നിയമ സംവിധാനങ്ങൾ നടപ്പിലാക്കുന്ന രീതികളിലും അതല്ലെങ്കിൽ അവയുടെ നടപടിക്രമങ്ങളിലും ചോദ്യം ചെയ്യപ്പെടുന്നതിന്റെ ആവശ്യകത ഉണ്ടാകാറുണ്ട്. എന്തെന്നാൽ സമൂഹത്തിൽ ഒരു സംവിധാനത്തിൽ ഉൾക്കൊണ്ട് ജീവിക്കുന്നവർ ആകുമ്പോൾ അവർക്ക് അതിന്റേതായ രീതിയിലുള്ള കാഴ്ചപ്പാടുകൾ ഉണ്ടാവുന്നത് സ്വാഭാവികമാണ്. വളരെ വ്യക്തമായ സംശയം ഉൾക്കൊണ്ട് ചോദ്യംചെയ്യലിന്റെ രാഷ്ട്രീയം ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്.

തീർച്ചയായും എങ്ങനെ ചോദ്യം ചെയ്യണം എത്തരത്തിൽ ചോദ്യം ചെയ്യപ്പെടുന്നു എന്നത് വളരെ ഏറെ പ്രസക്തിയുള്ള ഒരു കാര്യമാണ്. ചോദ്യംചെയ്യലിനെ ഭയപ്പെടുന്ന ഒരു വിഭാഗവും, ചോദ്യം ചോദിക്കാൻ ഭയപ്പെടുന്ന മറ്റൊരു വിഭാഗവും സമൂഹത്തിൽ ഉണ്ടായി വരുന്നത് വളരെയേറെ അപകടകരമായ ഒരു വസ്തുതയാണ്. ഇത്തരം കാര്യങ്ങൾ പരിശോധിച്ചു നോക്കിയാൽ തന്നെ നമുക്ക് മനസ്സിലാവുന്നതാണ്. തെറ്റായ പ്രവണത അല്ലെങ്കിൽ തെറ്റായ ഒരു കാര്യം ഒരു വിഭാഗത്തിനിടയിൽ ഉണ്ടാകുമ്പോൾ അതിനെ ചോദ്യം ചെയ്യപ്പെടാതെ




രാഷ്ട്രീയം എന്നുള്ളത് എപ്പോഴും മറ്റുള്ളവരുടെ നന്മയ്ക്ക് വേണ്ടിയുള്ള ഒന്നാവേണ്ടത് തന്നെയാണ് എന്ന് നമുക്ക് ഏവർക്കും അറിയാവുന്ന ഒരു കാര്യമാണ്. നാം ഒരു സമൂഹത്തിൽ ജീവിക്കുമ്പോൾ നാം അവകാശങ്ങൾ ചോദിച്ചു വിളിക്കേണ്ടത് മറ്റുള്ളവർക്ക് വേണ്ടി കൂടിയാവണം, കാരണമെന്തെന്നാൽ കൃത്യമായി മറ്റുള്ളവരെക്കുറിച്ച് പരിഗണിച്ചുകൊണ്ട് മാത്രമേ നമുക്ക് സാമൂഹിക നന്മയുള്ള ചുറ്റുപാട് കെട്ടിപ്പടുക്കുവാൻ സാധിക്കുകയുള്ളൂ.

ഇരിക്കുകയാണെങ്കിൽ അവർ ആ തെറ്റ് ആവർത്തിച്ചുകൊണ്ടേയിരിക്കുന്നതാണ്. ആരും ചോദ്യം ചെയ്യുന്നില്ല എന്തുമാവാം എന്ന പ്രവണത അവർക്കിടയിൽ വർദ്ധിച്ചു വരികയും ചെയ്യുന്നു. ഒരിക്കൽപോലും അവർക്കെതിരെ ഒരു ചോദ്യത്തിന്റെയും വാക്കുകൾ ഉയർന്നു വരാത്തത് പിന്നെയും ഇത്തരത്തിലുള്ള പ്രവർത്തികൾ ആവർത്തിക്കാൻ കാരണമാകുന്നു. ഇവിടെ ചോദ്യം ചോദിക്കേണ്ട ഒരു യുവതലമുറയിൽ ഒന്നിനും കൊള്ളാത്ത രീതിയിൽ അവരുടെ പ്രവർത്തികൾ മാറുന്നത് സങ്കടകരമാണ്.

ചോദ്യംചെയ്യലിനെ ഭയപ്പെടുന്ന വിഭാഗത്തിന്റെ പ്രത്യേകത എന്ന് പറയുമ്പോൾ അവർക്ക് പല കാര്യങ്ങളും തുറന്നു പ്രവർത്തിക്കാനോ അത് കൃത്യമായ രീതിയിൽ മുന്നോട്ടു കൊണ്ടു പോകാനോ സാധിക്കുന്നില്ല. ഇപ്പോൾ നമ്മുടെ ഇടയിലുള്ള ദുരിതങ്ങൾ അനുഭവിക്കുന്നവരുടെ അവസ്ഥ നോക്കുക, അല്ലെങ്കിൽ സമൂഹത്തിൽ ആക്രമിക്കപ്പെടുന്ന വിഭാഗത്തിനെ എടുത്തുനോക്കുക. അഹങ്കാരവും മറ്റുംകൊണ്ട് അവർക്ക് വീണ്ടും ദുരനുഭവങ്ങൾ നേരിടേണ്ടി വരുന്നു. എങ്ങനെയാണ് ഈ പ്രവർത്തികൾ കാലാകാലങ്ങളായി തുടർന്നു പോകുന്നത് എന്ന് നോക്കുക. സ്ത്രീകളായാലും കുട്ടികളായാലും ഏതൊരു വിഭാഗത്തിനായാലും അതിന്റേതായ അവകാശങ്ങളുണ്ട്. എന്നാൽ പലർക്കും ഈ അവകാശങ്ങൾ നിഷേധിക്കപ്പെടുന്നുണ്ട് എന്നുള്ളത് മറ്റൊരു വസ്തുതയാണ്. ദുർബലർ എന്ന വിശേഷണം

മാത്രം ഉൾക്കൊള്ളേണ്ടവരല്ല ഇവർ എന്നുള്ളത് നാം മുന്നിൽ കാണേണ്ടതുണ്ട്. അവകാശങ്ങൾ ചോദിച്ചു വാങ്ങുക എന്നുള്ളത് ഏതൊരു പൗരന്റേയും അടിസ്ഥാനപരമായ അവകാശമാണ്. ഇന്ത്യയിലെ നിയമ സംവിധാനങ്ങൾ നമുക്ക് കൃത്യമായി അനുവദിച്ചു തന്നിട്ടുള്ള ഒരു അവകാശമാണ് ഇത് എന്നുള്ളത് നാം പ്രത്യേകം ഓർത്ത് എടുക്കണം.

രാഷ്ട്രീയം എന്നുള്ളത് എപ്പോഴും മറ്റുള്ളവരുടെ നന്മയ്ക്ക് വേണ്ടിയുള്ള ഒന്നാവേണ്ടത് തന്നെയാണ് എന്ന് നമുക്ക് ഏവർക്കും അറിയാവുന്ന ഒരു കാര്യമാണ്. നാം ഒരു സമൂഹത്തിൽ ജീവിക്കുമ്പോൾ നാം അവകാശങ്ങൾ ചോദിച്ചു വാങ്ങേണ്ടത് മറ്റുള്ളവർക്ക് വേണ്ടി കൂടിയാവണം, കാരണമെന്തെന്നാൽ കൃത്യമായി മറ്റുള്ളവരെക്കുറിച്ച് പരിഗണിച്ചുകൊണ്ട് മാത്രമേ നമുക്ക് സാമൂഹിക നന്മയുള്ള ചുറ്റുപാട് കെട്ടിപ്പടുക്കുവാൻ സാധിക്കുകയുള്ളൂ. ഒരിക്കലും ഏതെങ്കിലുമൊരു വിഭാഗത്തിനോ അതല്ലെങ്കിൽ ഏതെങ്കിലുമൊരു വ്യക്തിക്കോ അവകാശങ്ങൾ നിഷേധിക്കപ്പെടുമ്പോൾ ചോദ്യം ചെയ്യപ്പെടാൻ നാം ഒരിക്കലും മടികാണിക്കരുത്. അത്തരത്തിൽ അവകാശ നിഷേധങ്ങൾ ക്കെതിരെ ചോദ്യം ചെയ്യാൻ നമുക്ക് അർഹതയുണ്ട്. അതിന് കൃത്യമായി സമൂഹത്തിൽ ഇടപെടലുകൾ നടത്തി മുന്നോട്ടു കൊണ്ടു പോകുവാൻ നമുക്ക് സാധിക്കണം . തെറ്റുകൾക്ക് നേരെ എങ്ങനെയാണോ പ്രതികരിക്കേണ്ടത് അത്തരത്തിൽ തന്നെ യാതൊരു മടിയും കൂടാതെ പ്രതികരിക്കാൻ നമുക്ക് സാധിക്കണം. തെറ്റിനെതിരെ തുറന്ന മനസ്സോടെ ചോദ്യം ചോദിക്കുന്നത് തന്നെയാണ് 'ചോദ്യം ചെയ്യലിന്റെ രാഷ്ട്രീയം'.

# The Last Drop of Water

Adarsh Alex
*Bcom CA 1st year*

It flows on and on, as the last drop,
which survived till the last,
left lonely while moving,
through the dark;

It flows on and on as the last drop,
which early moved as a whole,
now moving through stinky pipes,
all alone;

It flows on and on as the last drop,
without knowing how long it can move,
by bearing the musky flecks of the city,
thrown out by civilized beings;

It flows on and on as the last drop,
which once moved through a cheerful river,
but now moving by the road,
in the hustle and bustle of the city;

It flows on and on as the last drop,
remembering it's past where once deers drank,
where once animals quenched their thirst,
to a polluted drop of water;

It flows on and on as the last drop,
as it never knew this would come,
thinking that someday these civilized beings will learn that,
what they have done.

# Fragrance of Love

Amina Rasheed
*BSc Botany*

I need you alltime in my life
I like to hold u tightly
And feel the warmth of your hug...
Sometimes, I want to kiss on your rosy cheeks and lips that the taste of it were diminished
I like your smell..
My favourite one is sit in your lap and put my leg's over yours.. Swings along with the whistling breeze...
The little and small moments, when I describes with you at the end of the day fills more excitement to me..
In addition, there occurs a battle between you and me, for the silly things makes our bond so...
Sometimes along with you, I take a deep breath and a close pose towards your heart and our murmuring whistled in the gentle breeze remembers that I am yours and you are mine. That makes our love so fragrant..
Days, week, months, years, and forever in my life,I want you only...




# ഭയപ്പാടിന്റെ രാഷ്ട്രീയം

MOHAMMED MAHEEN
S6 BSC CHEMISTRY

ഭയം എന്നത് നമ്മുടെ ഉള്ളിൽ നിറയും തോറും നമ്മളെ കീഴ്പ്പെടുത്താൻ മറ്റുള്ളവർക്ക് എളുപ്പത്തിൽ കഴിയും എന്നുള്ള വസ്തുത നമുക്ക് മുന്നിലുണ്ട്. എങ്ങനെയാണ് നമുക്കുള്ളിൽ നമുക്ക് എതിരെ വരുന്നവർ ഭയം നിറയ്ക്കുന്നത് അത് വളരെ കൃത്യമായ രീതിയിൽ പരിശോധിക്കേണ്ടുന്ന ഒന്നാണ്. ഭയപ്പെട്ട് ജീവിക്കുന്നതിനേക്കാൾ വലിയ പ്രയാസകരമായ അവസ്ഥ മറ്റൊന്നിനുമില്ല. ഒരാൾക്ക് ഒരാളെ കീഴ്പ്പെടുത്താൻ സാധിക്കുന്നത് പലവിധത്തിലാണ്. ശരീരികമായും, മാനസികമായും, കീഴ്പ്പെടുത്താൻ സാധിക്കും. എങ്ങനെയാണ് നമുക്ക് ഉണ്ടാവുന്ന ആശയങ്ങൾ അവതരിപ്പിക്കേണ്ടത് അത് മറ്റുള്ളവരിലേക്ക് എത്തിക്കേണ്ടത് എന്നതും ശ്രദ്ധേയമാണ്. അത് ഭയപ്പാടില്ലാതെ എത്തിക്കാൻ സാധിച്ചാൽ നമുക്ക് അതിന്റെ ആശയം മുഴുവനായിട്ടും തന്നെ അവർക്ക് മനസ്സിലാക്കി കൊടുക്കാൻ സാധിക്കുന്നതാണ് എന്നാൽ ഭയപ്പെട്ടുകൊണ്ട് ഒരു കാര്യം മറ്റുള്ളവരുടെ മുന്നിലേക്ക് എത്തിക്കാൻ ശ്രമിക്കുമ്പോൾ അത് പരാജയപ്പെട്ടു പോകാൻ സാധ്യത ഏറെയാണ്. ആ കാര്യത്തിൽ കൃത്യമായ രാഷ്ട്രീയ അവർക്ക് ഉൾക്കൊള്ളാൻ സാധിക്കുന്നതല്ല വളരെ മികച്ച ഒരു കാര്യമാണെങ്കിൽ കൂടിയും അത് അവർ ആഗ്രഹിച്ച തരത്തിൽ കിട്ടിയെന്ന് വരില്ല. ആരെയാണോ ഇന്ന് ഈ ആശയം മനസ്സിലാക്കി കൊടുക്കാൻ ശ്രമിക്കുന്നത് അവരെയാണ് ഇവിടെ വ്യക്തമാക്കുന്നത്

എന്താണ് ഭയപ്പാടിന്റെ രാഷ്ട്രീയം എന്ന ആശയം ഏറെ ആഴത്തിൽ ചർച്ച ചെയ്യപ്പെടുന്നതു എന്നതിന് വ്യക്തമായ കാരണങ്ങളുണ്ട്. നമ്മുടെ രാഷ്ട്രീയ മേഖലയിൽ കണ്ടുവരുന്ന ഒരു പ്രവണത എടുത്തു നോക്കുക, കൃത്യമായ രീതിയിൽ വിശകലനം ചെയ്തു നോക്കുക, നമുക്ക് ജീവിക്കാനും മറ്റു അടിസ്ഥാനപരമായി ആവശ്യ മുള്ള ചില കാര്യങ്ങളുമുണ്ട്. അത്തരത്തിലുള്ള കാര്യങ്ങളുമായി നാം മുന്നോട്ട് ചിന്തിക്കുമ്പോൾ അല്ലെങ്കിൽ മുന്നോട്ടുപോകാൻ ശ്രമിക്കുമ്പോൾ നമ്മുടെ ഉള്ളിൽ ഭയം നിറയുന്നു. എന്താണ് ഈ തരത്തിലുള്ള ഭയം? എങ്ങനെ യാണ് ഈ ഭയം നമ്മുടെ ഉള്ളിൽ നിറയുന്നത്? എന്നൊക്കെ പരി ശോധിച്ചു നോക്കുക. സമകാലിക ഇന്ത്യയുടെ രാഷ്ട്രീയ സാഹച ര്യങ്ങളിൽ നിന്ന് നമുക്ക് ഈ കാ ര്യങ്ങൾ വ്യക്തമായി തന്നെ മന സ്സിലാക്കാൻ സാധിക്കുന്നതാണ്

ഭരണത്തിന്റെ സ്വാധീനം വെച്ച് എതിർ ശബ്ദം ഉന്നയിക്കുന്നവരെ ഭരണകൂടത്തിന്റെ ആളുകൾ തന്നെ അവരുടെ വീടും മറ്റും തകർത്തു കളയുന്നു ഓരോരുത്തരും അവ രുടെ ആശയങ്ങൾ ഉപയോ ഗിച്ച് ഭരണകൂടത്തിന്റേതായ പ്ര വണതകളെ എതിർക്കുമ്പോൾ ഭരണത്തിന്റെ സ്വാധീനം ഉപ യോഗിച്ച് അവരെ നിശബ്ദരാക്കാൻ ശ്രമിക്കുന്നു എന്നാൽ അപകടക രമായ മറ്റൊരു വസ്തുത ഇത്തരം പ്രവർത്തികൾക്കെതിരെ പ്ര തികരിക്കുന്ന ആളുകളെ വളരെ ക്രൂരമായ രീതിയിൽ തന്നെ ഇല്ലായ്മ ചെയ്യാൻ ഭരണത്തിന്റെ ഒത്താശയോടെ മറ്റു ചിലർ ശ്രമിക്കുന്നു എന്നുള്ളതണ്.

ഇത്തരത്തിലുള്ള പ്രവണതകൾ കാണുമ്പോൾ പ്രതികരിക്കാൻ വരുന്ന മറ്റുള്ളവർ ഭയപ്പെട്ടു പോകുന്നു എന്ന് പരിശോധിക്കണം കാരണം ഇത്തരം പ്രവർത്തികളി ലൂടെ തെറ്റായ പ്രവണതകളെ എതിർക്കാൻ ശ്രമിക്കുന്നവർ ഇല്ലാ യ്മ ചെയ്യപ്പെടുന്നു.

കൃത്യമായ അജണ്ടയിലൂടെയാണ് ഇന്ത്യയുടെ പല ഭാഗത്തും ഇത്തരത്തിലുള്ള പ്രവണതക ളും ഇവരുടെ തീവ്രപരമായ ആശയങ്ങളും ഉൾക്കൊള്ളിക്കാൻ ശ്രമിക്കുന്നത്. ഇതിനെയാണ് ചിലർ എതിർക്കാൻ ശ്രമിക്കുന്നത്. എന്നാൽ ആ ചിലരെയും ഭരണകൂട നിയമങ്ങൾ ദുരുപ യോഗം ചെയ്തില്ലായ്മ ചെയ്യാൻ ശ്രമിക്കുന്നു. ഭരണത്തിന്റെ ഒത്താശയോടെ മറ്റു ചിലർ ഇത്തരത്തിൽ പ്രതികരിക്കുന്നവ രെ ഇല്ലായ്മ ചെയ്യാൻ ശ്രമിക്കുന്നു. അത്തരത്തിലാ ണ് ബുൾഡോസർ കൊണ്ടും മറ്റും ന്യൂനപക്ഷങ്ങളുടെ വീടും മറ്റും അവർ തകർത്തു കള ഞ്ഞത്. ഇത്തരത്തിലുള്ള പ്ര വർത്തികൾ ചെയ്യുമ്പോൾ മറ്റുള്ളവരും ഭയപ്പെടുന്നുണ്ടാക ണമെന്ന ദുരുദ്ദേശം അവർക്കുണ്ട് വളരെ വ്യക്തമായി പറഞ്ഞാൽ ഭയപ്പെടുത്തി കീഴ്പ്പെടുത്തുക എന്ന നിലയ്ക്ക് അവരുടെ തീവ്ര വർഗീയ ആശയങ്ങൾ ഇവരിൽ അടിച്ചേൽപ്പിക്കാനും ഇവരെ തകർത്തുകളയാനും അവർ ശ്രമിക്കുന്നു.

എന്നാൽ ഇതിനെതിരെ വളരെ വ്യക്തമായ കാഴ്ചപ്പാടോടെ പ്ര തികരിക്കുന്ന ഒരു വിഭാഗം ഉയർന്നു വരേണ്ടത് ഭയപ്പാടിന്റെ രാഷ്ട്രീയം കളിക്കുന്നവർക്കുള്ള ശക്തമായ മറുപടി ആയിട്ടായിരിക്കണം.

ഭരണത്തിന്റെ സ്വാധീനം വെച്ച് എതിർ ശബ്ദം ഉന്നയിക്കുന്നവരെ ഭരണകൂടത്തിന്റെ ആളുകൾ തന്നെ അവരുടെ വീടും മറ്റും തകർത്തു കളയുന്നു ഓരോരുത്തരും അവരുടെ ആശയങ്ങൾ ഉപ യോഗിച്ച് ഭരണകൂടത്തിന്റേതായ പ്രവണതകളെ എതിർക്കുമ്പോൾ ഭരണത്തിന്റെ സ്വാധീനം ഉപയോഗിച്ച് അവരെ നിശബ്ദരാക്കാൻ ശ്രമിക്കുന്നു എന്നാൽ അപകടകരമായ മറ്റൊരു വസ്തുത ഇത്തരം പ്രവർത്തികൾക്കെതിരെ പ്രതികരിക്കുന്ന ആളുകളെ വളരെ ക്രൂരമായ രീതിയിൽ തന്നെ ഇല്ലായ്മ ചെയ്യാൻ ഭരണത്തിന്റെ ഒത്താശയോടെ മറ്റു ചിലർ ശ്രമിക്കുന്നു എന്നുള്ളതണ്.



# തുറന്നുകാട്ടപ്പെടേണ്ട മാധ്യമ വസ്തുതകൾ

DEEPANAND A R
S6 BSC ZOOLOGY

**നാം** നിത്യജീവിതത്തിൽ പലതരത്തിലുമുള്ള വാർത്തകൾ അറിയുന്നവരാണ്. വ്യത്യസ്തമായ രീതിയിലാണ് നാം വാർത്തകൾ അറിയുന്നത്. പലതരമുള്ള മാധ്യമങ്ങൾ നമുക്കിടയിലുണ്ട്. അതിലൂടെയാണ് വ്യത്യസ്തമായ വാർത്തകൾ നമ്മുടെ മുന്നിലേക്ക് എത്തുന്നത്. മാധ്യമ ധർമ്മം എന്നൊരു കാര്യം നമുക്കിടയിലുണ്ട് എന്താണ് മാധ്യമധർമ്മം? അല്ലെങ്കിൽ എന്തിനായിരിക്കണം മാധ്യമപ്രവർത്തനം എന്നുള്ളത് നാം ചർച്ച ചെയ്യേണ്ടതാണ്. എന്തെന്നാൽ പലതരത്തിലും സമൂഹത്തിൽ നടന്നുകൊണ്ടിരിക്കുന്ന വിഷയങ്ങളെ പുറത്തുകൊണ്ടുവരുന്നത് മാധ്യമങ്ങളാണ്. ഇവിടെ പ്രധാനമായും പരിശോധിക്കേണ്ട മറ്റൊരു വസ്തുത എന്തെന്നാൽ കൃത്യമായി മാധ്യമങ്ങൾ വാർത്തകൾ തുറന്നുകാട്ടുന്നുണ്ടോ എന്നുള്ളതാണ്. ചില ലാഭങ്ങൾക്ക് വേണ്ടി വാർത്തകളെ വളച്ചൊടിക്കുന്ന പ്രവണത മാധ്യമ രംഗത്ത് കടന്നുവരുന്നുണ്ട് കൃത്യമായ അളവിൽ തന്നെ ചില വാർത്തകൾ കൊടുക്കേണ്ടതുണ്ട് എന്നാൽ അതിനെയെല്ലാം മറികടന്നുകൊണ്ട് വെറും ചില താല്പര്യങ്ങൾ മുൻനിർത്തിക്കൊണ്ടുമാത്രം പ്രവർത്തിക്കുന്നു. മാനുഷിക മൂല്യങ്ങളും നന്മയും ഉയർത്തിപ്പിടിക്കേണ്ട ഒന്നാണ് മാധ്യമപ്രവർത്തനം. അത്തരത്തിൽ മുന്നോട്ടുപോവുകയാണെങ്കിൽ യാഥാർത്ഥ്യബോധമുള്ള ഒരു വിഭാഗം ഉയർന്നുവരുന്നതായിരിക്കും സമൂഹ

ത്തിന്റെ നാനാ ദിക്കിലേക്കും ഇറങ്ങിച്ചെല്ലേണ്ടതും അവിടെ നിന്ന് കിട്ടുന്ന വാർത്തകളെ ശരിയായ രീതിയിൽ തന്നെ പ്രസിദ്ധീകരിക്കണം.

ദുരിതങ്ങൾ അനുഭവിക്കുന്ന കഷ്ടപ്പാടുകളുടെ കൂമ്പാരത്തിൽപ്പെട്ടു പോകുന്ന അതി ദരിദ്രരായ വിഭാഗവും നമുക്കിടയിലുണ്ട് അവരുടെ അവസ്ഥയും മറ്റുള്ളവർക്ക് മുന്നിലേക്ക് അല്ലെങ്കിൽ അവർക്ക് വേണ്ട ആവശ്യങ്ങൾ മറ്റുള്ളവർക്ക് മുന്നിലേക്ക് എത്തിക്കുന്ന രീതിയിലേക്ക് ആവണം മാധ്യമപ്രവർത്തനം. അത്തരത്തിൽ എല്ലാ രീതിയിലും അതിന്റേതായ അടിത്തട്ടിലേക്ക് ഇറങ്ങിച്ചെല്ലുന്നതാവണം മാധ്യമ പ്രവർത്തനം. വാർത്തകൾ അതിന്റേതായ രീതിയിൽ അവതരിപ്പിച്ചാൽ മാത്രമേ ജനങ്ങളിൽ അത് കാലാകാലങ്ങളായി നിലനിൽക്കേണ്ട രൂപത്തിൽ നിലനിൽക്കുകയും അതിൽ വ്യക്തമായ നിലപാട് വരികയും ചെയ്യുകയുള്ളൂ. അങ്ങനെയല്ലെങ്കിൽ അത് വെറും സമയത്തിന്റെ അല്ലെങ്കിൽ പ്രത്യേക ലാഭത്തിനു വേണ്ടിയുള്ളത് മാത്രമാവും.

എങ്ങനെയാണ് മാധ്യമ വാർത്തകൾ അവതരിപ്പിക്കുന്ന രീതി എന്ന് നോക്കണം. ആനപ്പുറത്ത് കയറി എന്നതിന് പകരം ആന പുറത്ത് കയറി എന്നാണ് എങ്കിൽ അതിന്റെ മൊത്തത്തിലുള്ള അർത്ഥം തന്നെ മാറുകയാണ്. അത്തരത്തിലാണ് ചില മാധ്യമ വാർത്തകൾ അവതരിക്കപ്പെടുന്നത്. ഒരു വാർത്ത കിട്ടിയാൽ അതിൽ ചിലപ്പോൾ തൊങ്ങലുകളും ചേർത്ത് അവതരിക്കപ്പെടുന്നു. തികച്ചും അന്ധമായ കാര്യങ്ങൾ മാത്രമായിരിക്കും അവിടെ സംഭവിക്കുന്നു എന്നുള്ളത് തീർച്ചയാണ്. എന്തെന്നാൽ അവിടെ സംഭവിച്ചിരിക്കുന്ന കാര്യങ്ങളിൽ നിന്ന് വ്യത്യസ്തമായിട്ടാണ് മറ്റുള്ളവർ അതിനെ മനസ്സിലാക്കുന്നത് നമ്മുടെ മുന്നിലേക്ക് എത്തുന്ന പല വാർത്തകളും ഇത്തരം പൊടിപ്പും തൊങ്ങലുകളും ചേർക്കപ്പെടുന്നുണ്ട് എന്നുള്ളത് വസ്തുതയാണ്. എങ്ങനെ ഒരു വാർത്ത സൃഷ്ടിക്കപ്പെടുന്നു അതല്ലെങ്കിൽ എങ്ങനെ ഒരു വാർത്ത അവതരിക്കപ്പെടുന്നു എന്നതിനു വളരെ വ്യക്തമായ രീതിയുണ്ട്. പ്രത്യേകിച്ച് ഏതെങ്കിലും ഒരു വിഭാഗത്തിന് വേണ്ടി ആവരുത് മാധ്യമപ്രവർത്തനം എന്നുള്ളത് എല്ലാ വിഭാഗത്തെയും പരിഗണിച്ചുകൊണ്ടാവണം മാധ്യമപ്രവർത്തനവും നൽകപ്പെടുന്ന വാർത്തകളും.

ഏതൊരു വാർത്ത വന്നാലും ഉടനടി തന്നെ അപ്പോൾ കേട്ടതാണ് സത്യം എന്ന് വിശ്വസിക്കരുത്. എല്ലാതരത്തിലും അതിന്റെ എല്ലാ വശങ്ങളും ഉൾക്കൊണ്ട് കൊണ്ടുള്ളതാവണം ഓരോ കാഴ്ചപ്പാടുകളും. കൃത്യമായ വസ്തുതകൾ പലപ്പോഴും തുറന്ന് കിട്ടണമെന്നുണ്ടാവില്ല. എന്നാൽ എന്താണ് യാഥാർത്ഥ്യം എന്ന് അന്വേഷിക്കാൻ നമുക്ക് പല സംവിധാനങ്ങളുമുണ്ട് അത്തരത്തിൽ നല്ല രീതിയിലുള്ള പരിശോധനകൾ ഓരോ വാർത്തകളെക്കുറിച്ച് നമുക്ക് ഉണ്ടാകേണ്ടതുണ്ട്. യഥാർത്ഥ വസ്തുതകളെ മറച്ചുപിടിച്ചു കൊണ്ട് മുന്നോട്ടുപോകുമ്പോൾ തന്നെ മാധ്യമപ്രവർത്തനം എന്നതിന് കളങ്കം ഏൽക്കുകയാണ്. എന്നാൽ എല്ലാത്തിനും അപ്പുറം യഥാർത്ഥ വസ്തുതകളെ ഉൾക്കൊള്ളാനും നല്ലതിനെ തിരഞ്ഞെടുക്കാനും നന്മകൾ ഉയർത്തിപ്പിടിക്കാനും സാധിക്കുന്ന ഒരു യുവ വിദ്യാർത്ഥി സമൂഹം വളർന്നു വരേണ്ടത് അത്യന്താപേക്ഷിതമാണ്. അതിനാണ് കൃത്യമായ മാധ്യമ വസ്തുതകൾ തുറന്നുകാട്ടാൻ നമ്മൾ സമൂഹത്തിനു മുന്നിൽ യാതൊരു മടിയും കാണിക്കേണ്ടതില്ല.

എങ്ങനെയാണ് മാധ്യമ വാർത്തകൾ അവതരിപ്പിക്കുന്ന രീതി എന്ന് നോക്കണം ആനപ്പുറത്ത് കയറി എന്നതിന് പകരം ആന പുറത്ത് കയറി എന്നാണ് എങ്കിൽ അതിന്റെ മൊത്തത്തിലുള്ള അർത്ഥം തന്നെ മാറുകയാണ് അത്തരത്തിലാണ് ചില മാധ്യമ വാർത്തകൾ അവതരിക്കപ്പെടുന്നത്. ഒരു വാർത്ത കിട്ടിയാൽ അതിൽ ചിലപ്പോൾ തൊങ്ങലുകളും ചേർത്ത് അവതരിക്കപ്പെടുന്നു തികച്ചും അന്ധമായ കാര്യങ്ങൾ മാത്രമായിരിക്കും.

# Fall in Love with...

SREELEKSHMI S RAJEEV
S2 MSC MATHEMATICS



When the world was shivering in the pandemic
Government offers lockdown.
Everything ceased in it.
When I woke up in the morning
I feel the magical essence of the world
That I never seen before.
I heard the voice of the birds
Who were singing from the valley of the sky.
Their chirping was was much sweet as ladoos.
The sun shines it's best, it's soft hotness
Came to my bed and hugged me,
Thus I got a warmness.
There would be no sounds of vehicles
No sounds of machines
No sounds of fish monger
No sounds of any disturbance
Only the silence of Nature
Only the silence of Nature.

Feel the silence……………
He picked me and rooted me in my thoughts.
It was full of sadness, very bitter.
But the ultimate hero "Silence"
Of the morning nature have the power
To heal all the wounds in my mind.
I just enjoyed it.
He touched each and every cell of mine.
That is, I'm fall in love with the silence of nature.
It has a soothening effect….
To make our mind relaxed
To make our lips smiled.
So I'm fall in love with nature…..




# ചങ്ങലക്കിടുന്ന മാധ്യമകരങ്ങൾ

EDITORIYAL BOARD

ജനാധിപത്യത്തിന്റെ പ്രക്രിയകളിൽ മുഖ്യ പങ്കുവഹിക്കുന്ന മാധ്യമങ്ങൾക്കും അതിലെ മാധ്യമപ്രവർത്തകർക്കും നേരെ ആക്രമങ്ങൾ എന്ന് പറയുന്നത് ജനാധിപത്യത്തോടുള്ള വെല്ലുവിളിയാണ് ഇന്ത്യയിലെ ഓരോ പൗരന്മാർ എന്ന നിലയിലും നമുക്ക് ഇത്തരം കാര്യങ്ങൾ കൃത്യമായി അവബോധം ഉണ്ടാകേണ്ടതാണ്.

ഇന്ത്യയിൽ ഏതൊരു പൗരനും അവന്റെ അവകാശങ്ങൾ നേടിയെടുക്കാൻ അല്ലെങ്കിൽ അവകാശങ്ങൾ നിഷേധിക്കപ്പെടുമ്പോൾ അതുമായി ബന്ധപ്പെട്ട അതിന്റെ കൃത്യമായ കാര്യങ്ങൾ നേടിയെടുക്കാൻ നിയമ സംവിധാനങ്ങൾ നമ്മുടെ നാട്ടിലുണ്ട് സമൂഹത്തിൽ പലതരത്തിലുള്ള ആളുകൾ ജീവിക്കുന്നുണ്ട് എന്നതിനാൽ പലർക്കും പലതരത്തിലും ഉള്ള ആവശ്യങ്ങൾ ആയിരിക്കും ഉണ്ടാവുന്നത്. ഇന്ത്യയുടെ നിയമനിർമ്മാണ സഭകളാണ് ലോക്സഭയും രാജ്യസഭയും. അവിടെയെല്ലാം തെരഞ്ഞെടുത്ത ജനപ്രധിനിധിയാണ് നമ്മുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിൽ പ്രധാന പങ്കുവഹിക്കേണ്ടത്

അതുപോലെ തന്നെയാണ് സുപ്രീംകോടതിയും ഒരു അടിസ്ഥാനപരമായ ഏതൊരു അവകാശവും നിഷേധിക്കപ്പെടുമ്പോൾ നമുക്ക് കോടതിയെ സമീപിക്കാവുന്നതാണ് അതിനുപുറമേ ഇതര കോടതികളുടെ സംവിധാനങ്ങളും ഉണ്ട്.

സമൂഹത്തിൽ ഒരു പ്രശ്നം ഉണ്ടാകു

മ്പോൾ അത് എങ്ങനെ ചർച്ച ചെയ്യുന്നു എന്നതിൽ മാധ്യമങ്ങൾക്ക് വലിയ പങ്കുണ്ട്.

ജനാധിപത്യത്തിന്റെ നാലാമത്തെ എന്ന രീതിയിലാണ് മാധ്യമങ്ങൾ വിശേഷിപ്പിക്കപ്പെടുന്നത്. എവിടെയാണ് ഓരോ വിഷയങ്ങളും ചെയ്യപ്പെടേണ്ടത്. അത്തരത്തിൽ ഓരോ വിഷയത്തിനും പ്രാധാന്യങ്ങൾ ഉൾകൊണ്ടുതന്നെ മുന്നോട്ടു പോകാൻ മാധ്യമങ്ങൾക്ക് സാധിക്കാറുണ്ട്. പലതരത്തിലുള്ള വിഷയങ്ങൾ ചർച്ച ചെയ്യപ്പെടുന്നു എന്നതുകൊണ്ട് പലതരത്തിലുള്ള ആളുകളിൽ നിന്നും പലവിധേനയുള്ള അഭിപ്രായങ്ങളും വരുന്നതാണ്. എന്നാൽ ഇത്തരത്തിലുള്ള എല്ലാ അഭിപ്രായങ്ങൾക്കും അപ്പുറം സത്യം എന്ന അവസ്ഥയെ നിലനിർത്തുക എന്നുള്ളത് പ്രാധാന്യമാണ് തെറ്റുകൾക്ക് നേരെ വിരൽചൂണ്ടുന്ന ഒരു വിഭാഗത്തിന്റെ കൃത്യമായ അടയാളപ്പെടുത്തലുകളാണ് പലപ്പോഴും മാധ്യമ പ്രവർത്തനം ഇന്ത്യയിൽ തന്നെ പല സമകാലിക സംഭവങ്ങളും, സാഹചര്യങ്ങളും എടുത്തു നോക്കുക. അക്രമങ്ങളും അനീതികളും ഇന്ത്യയുടെ പല ഭാഗത്തും നടന്നുകൊണ്ടിരിക്കുന്നു. ഏതെങ്കിലും ഒരു വിഭാഗത്തിന് വേണ്ടി കൃത്യമായി ചില കാര്യങ്ങൾ നടപ്പിലാക്കുകയും ഇന്ത്യയിലെ ന്യൂനപക്ഷങ്ങളെ അവസാനിപ്പിക്കുകയും ചെയ്യുന്നു എന്നതിനോടൊപ്പം അവരെ ആക്രമിക്കുകയും അവരുടെ ജീവിതങ്ങളെ തന്നെ ഇല്ലാതാക്കുകയും ചെയ്യുന്നു. അവകാശ നിഷേധത്തിനോടൊപ്പം പലതരത്തിലുമുള്ള കൊടിയ മർദ്ദനങ്ങളും ഇത്തരം വിഭാഗങ്ങൾ നേരിടേണ്ടി വരുന്നു ഇത്തരം അക്രമങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾ അതിന്റെ യഥാർത്ഥ വസ്തുതകളെ തുറന്നുകാട്ടുന്ന തരത്തിലുള്ള മാധ്യമ പ്രവർത്തനം നമുക്കു മുന്നിലുണ്ട്




എന്നാൽ എല്ലാത്തിനെയും അസഹിഷ്ണുതയോടെ മാത്രം നോക്കി കാണുന്ന ഭരണകൂടം ഇവർക്കെതിരെ ശക്തമായ രീതിയിൽ തന്നെ നിയമത്തേ ദുരുപയോഗം ചെയ്തു കൊണ്ടു മുന്നോട്ടു പോകുന്നു. മാധ്യമ പ്രവർത്തനം എന്ന് പറയുമ്പോൾ ഒരിക്കലും ഭരണകൂടത്തിന് വേണ്ടി അല്ലെങ്കിൽ ഏതെങ്കിലും ഒരു വിഭാഗത്തിന് വേണ്ടിയോ മാത്രം പ്രവർത്തിക്കുന്നവരല്ല. അതിന് അത്തരത്തിലുള്ള കാര്യങ്ങളിൽ പ്രത്യേക ജാഗ്രതയും വേണം കൃത്യമായ രീതിയിൽ ഭരണകൂടം വരുത്തുന്ന വീഴ്ചകൾ തുറന്നു കാട്ടപ്പെടുകയും അതുപോലെ തന്നെ ഭരണ നേട്ടങ്ങളും തുറന്നു കാട്ടപ്പെടുകയും ചെയ്യുന്നതാണ് യഥാർത്ഥ മാധ്യമങ്ങൾ. എന്നാൽ മാധ്യമങ്ങൾക്ക് നേരെ പലതരത്തിലുമുള്ള അക്രമ കാര്യങ്ങളും വരുന്നുണ്ട്. തെറ്റായ നടപടികളെ ചോദ്യം ചെയ്യുന്ന മാധ്യമങ്ങളെ ചങ്ങലക്കിടുന്ന രീതികളാണ് ഭരണകൂട പ്രവർത്തനങ്ങളിൽ കണ്ടുവരുന്നത്.

മറ്റൊരുവശത്ത് മാധ്യമപ്രവർത്തകയെ ആക്രമിക്കുകയും അവരെ ഇല്ലായ്മ ചെയ്യുന്ന ഒരു വിഭാഗമുണ്ട് അവർക്ക് ഭരണകൂടത്തിന്റെ ഒത്താശ ലഭിക്കുകയും ചെയ്യുന്നു എന്നുള്ള അപടകരമായ ഒരു വസ്തുതയാണ് മാധ്യമപ്രവർത്തകരെ കയ്യേറ്റം ചെയ്യുകയും കൃത്യമായ ഇടപെടലുകൾ നടത്താൻ അനുവദിക്കാതിരിക്കുകയും ചെയ്യലാണ് ഇത്തരം അക്രമം നടത്തുന്ന അക്രമകാരികളുടെ ലക്ഷ്യം. അഭിപ്രായ സ്വാതന്ത്ര്യത്തിന് ഒരു വിലയും കൽപ്പിക്കാതെ ഭരണകൂടത്തിന്റെ അനാവശ്യമായ നിരോധനം പോലുള്ള കാര്യങ്ങളും മാധ്യമങ്ങൾക്ക് നേരെ ഉയർന്നുവരുന്നു ജനാധിപത്യത്തിന്റെ പ്രക്രിയകളിൽ മുഖ്യ പങ്കുവഹിക്കുന്ന മാധ്യമങ്ങൾക്കും അതിലെ മാധ്യമപ്രവർത്തകർക്കും നേരെ ആക്രമങ്ങൾ എന്ന് പറയുന്നത് ജനാധിപത്തോടുള്ള വെല്ലുവിളിയാണ്. ഇന്ത്യയിലെ ഓരോ പൗരന്മാർ എന്ന നിലയിലും നമുക്ക് ഇത്തരം കാര്യങ്ങൾ കൃത്യമായി അവബോധം ഉണ്ടാകേണ്ടതാണ്. പ്രതികരിക്കേണ്ടത് പ്രതികരിക്കുന്ന മാധ്യമങ്ങളുടെ കരങ്ങൾ ചങ്ങലക്കിടുന്ന പ്രവർത്തനങ്ങൾ ഒരിക്കലും നല്ലതല്ല.




# Maa

Amina Rasheed
*BSc Botany*

**Y**ou are less an image in my mind..
I see you in my gleams..
You are like the moon
Surrounded by the pale stars
But, now u enters in my dream like the broken shadow seen in the river..
There's nothing in this world that can't replace you
And all I need is your presence..

# Flames of the Gulmoharin my Campus

Amina Rasheed
*BSc Botany*

**I** got this from that branch,
The only one which shades the ground with green, blush leaves.
In search of flower, I found the only one that hides behind a leaf and at the tip of that shady branches, I plucked it through a jump…
Her feathery petals..
Beautiful sight and smell
Brings many shades unparallel..
The heat of May adorn with red & orange shades in full bloom




# മൂർച്ചകൂട്ടേണ്ട വിദ്യാർത്ഥി നിലപാടുകൾ

MUHAMMED IRFAN T
S6 BSC CHEMISTRY

സമൂഹത്തിലെ ഏതൊരു പൗരന്മാരും ഒരു സമൂഹത്തിൽ ജീവിക്കുമ്പോൾ കൃത്യമായ കാഴ്ചപ്പാടുകൾ ഓടുകൂടി ജീവിക്കുക എന്നുള്ളത് പ്രാധാന്യമാണ്. ഏതൊരു വിഭാഗത്തിനും ആയാലും കൃത്യമായി നിയമങ്ങളും അതിന്റെ നടപടിക്രമങ്ങളും ഉണ്ടായിരിക്കുക എന്നുള്ളത് അവിടത്തെ നിയമവാഴ്ച കൃത്യമായി നടപ്പാക്കപ്പെടുന്നു എന്നുള്ളതിന് ഉദാഹരണമാണ്. സമൂഹത്തിലെ പ്രധാനപ്പെട്ട വിഭാഗം വിദ്യാർഥികൾ എന്ന് പറയുന്നത് എപ്പോഴും സമൂഹത്തിൽ നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങൾ കൃത്യമായി വിലയിരുത്തുകയും അതിന്റെ നടപടിക്രമങ്ങളുമായി മുന്നോട്ടു പോകുകയും ചെയ്യുക എന്നുള്ളത് വിദ്യാർത്ഥികളിൽ കണ്ടുവരുന്ന ഒരു പ്രവണതയാണ്.

എങ്ങനെയാണ് ഒരു പ്രശ്നത്തെ ചർച്ച ചെയ്യേണ്ടത്? അല്ലെങ്കിൽ എങ്ങനെയാണ് ഒരു പ്രശ്നത്തെ നേരിടേണ്ടത്? എന്തെല്ലാം അതിൽ ചർച്ച ചെയ്യപ്പെടണം? എന്നുള്ളത് പ്രധാനമാണ് ഏതെങ്കിലും ഒരു വിഭാഗത്തിന് അവകാശം നിഷേധിക്കപ്പെടുമ്പോൾ വിദ്യാർഥികൾ നിലപാട് എടുക്കാറുണ്ട്. ആ വിഷയ

ത്തിൽ സമൂഹത്തിൽ എങ്ങനെ സൃഷ്ടിക്കപ്പെടുന്നത് എന്നുള്ളത് ശ്രദ്ധേയമാണ്. നിലപാടുകൾ എടുക്കുമ്പോഴും അത് പ്രാവർത്തികമാക്കാൻ ശ്രമിക്കുമ്പോൾ അതിൽ പരാജയപ്പെട്ടു പോവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അതിനായി ആദ്യം ശ്രദ്ധിക്കേണ്ടത് നിലപാട് എടുക്കുമ്പോൾ അത് എങ്ങനെ മുന്നോട്ടു കൊണ്ടുപോകും എന്നതാണ് വിദ്യാർഥികളുടെ നിലപാടുകൾ എന്ന് പറയുന്നത് വളർന്നുവരുന്ന സമൂഹത്തിലേക്ക് നട്ടെല്ലുള്ള വിഭാഗത്തെ വാർത്തെടുക്കുക എന്നുള്ളതാണ്. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് സംസാരിക്കുമ്പോൾ അവിടെ അവരുടെ ശബ്ദം താഴ്ന്നു പോവാതെ സൂക്ഷിക്കണം എന്നുള്ളതാണ് മൂർച്ച കൂട്ടേണ്ടടത്ത് മൂർച്ചകൂട്ടി ആഴത്തിലേക്ക് ഇറങ്ങി ചെല്ലേണ്ടിടത്ത് ആഴത്തിലേക്ക് ഇറങ്ങി ചെല്ലുകയും ചെയ്യുക എന്നുള്ളത് ഈ കാലഘട്ടത്തിന്റെ കൂടിയും ആവശ്യമാണ്. നിലപാടുകളിൽ മൂർച്ച കൂട്ടിയാൽ മാത്രമേ അതിന്റേതായ ഉദ്ദേശിച്ച ഫലം കിട്ടുകയുള്ളൂ എങ്കിൽ ആവശ്യത്തിൽ ഒരിക്കലും തിരിഞ്ഞുനോക്കേണ്ടിവരില്ല എന്ന് പറഞ്ഞാൽ ശക്തമായി മുന്നോട്ടുപോകുക എന്ന അർത്ഥം കൂടിയാണ് ഉള്ളത്.

ഒരിക്കൽ എടുക്കുന്ന നിലപാട് എപ്പോഴും മുന്നോട്ടുപോകുന്നത് അതിൽ നാം എത്രത്തോളം ആത്മാർത്ഥത കാണിക്കും എന്നതിനനുസരിച്ചാവും. എന്തിനാണ് ഒരു നിലപാടിന് മൂർച്ച വരുത്തേണ്ടത്? അല്ലെങ്കിൽ ഒരു നിലപാടിന് മൂർച്ച വരുന്നത് എന്തുകൊണ്ടാണ്? എന്താണ് ഗുണം ? എന്നുള്ളതൊക്കെ നാം പ്രത്യേകം എടുത്തു പരിശോധിക്കേണ്ട ഒന്നാണ്. ഒന്ന് നിരീക്ഷിച്ചു നോക്കുക, വിദ്യാർത്ഥി സമൂഹത്തിന് ചുറ്റും അതിനു അനുബന്ധമായ പല കാര്യങ്ങളും ഉണ്ടായിരിക്കും. കലാലയങ്ങളിൽ ജീവിക്കുമ്പോൾ അവർക്ക് ചുറ്റും ഒരുപാട് തരത്തിലുള്ള കാര്യങ്ങളിൽ പല വിധത്തിലുള്ള പ്രവർത്തനങ്ങളും ഉണ്ടായിരിക്കും. എല്ലാവരുടെയും അവകാശങ്ങളിൽ കൃത്യമായി ജാഗ്രത പുലർത്തുന്ന ഒരു വിഭാഗമാണ് വിദ്യാർഥികൾ. വിദ്യാർഥികൾക്കിടയിൽ ഉണ്ടാവുന്ന ചില പ്രശ്നങ്ങളുണ്ട്, പലതിന്റെയും പേരുള്ള പരസ്പരമുള്ള അക്രമങ്ങൾ പഠനകാര്യങ്ങളിൽ മറ്റും വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ, അങ്ങനെ പലപ്പോഴും അനീതിയുടെ കരങ്ങൾ വിദ്യാർഥികൾക്ക് നേരെ തിരിയാറുണ്ട്. ഇവിടെയെല്ലാം ഒറ്റപ്പെട്ടു പോകുന്നു എന്ന ചില സംഭവവികാസങ്ങൾ ഉണ്ടാകാറുണ്ട്.

എന്നാൽ ഒറ്റപ്പെട്ട സംഭവം എന്ന് കണക്കാക്കാതെ തിന്മകൾക്ക് എതിരെയും അനീതകൾക്കെതിരെയും പ്രതികരിക്കുന്ന ഒരു വിദ്യാർത്ഥി കൂട്ടങ്ങൾ നമുക്കിടയിൽ നിന്ന് ഉയർന്നു വന്നിട്ടുണ്ട്. അവരെ കൃത്യമായി നിലനിർത്തുക എന്നുള്ളത് സമൂഹത്തിന്റെ ആവശ്യമാണ്. മറ്റുള്ളവരുടെ സങ്കടങ്ങളും ദുരിതങ്ങളും നമ്മുടെ പ്രശ്നങ്ങളും ആയിട്ട് കൂടി പരിഗണിക്കുമ്പോഴാണ് നമുക്ക് ഇത്തരം പ്രശ്നങ്ങളിൽ പ്രതികരിക്കാൻ സാധിക്കുകയുള്ളൂ. പ്രതികരിച്ചുനിന്നുകൊണ്ട് ഇടപെടേണ്ടിടത്ത് കൃത്യമായി ഇടപെട്ടുകൊണ്ട് തന്നെയാണ് വിദ്യാർഥി നിലപാടുകളിൽ മൂർച്ച വരുകയുള്ളൂ . ഒരിക്കലെങ്കിലും നിവർന്നു നിന്ന് പ്രതികരിക്കാൻ സാധിക്കാത്ത വിധം നാമില്ലാതായി പോകുന്നത് വളരെയേറെ പരിതാപകരമായിട്ടുള്ള ഒരു കാര്യമാണ്. വളരെ ശക്തമായി വിദ്യാർഥികൾ എന്ത് നിലപാട് എടുക്കുന്നു എന്ന് നോക്കിക്കാണുന്ന ഒരു സമൂഹമാണ് നമുക്കുള്ളത് എന്ന് ഓർമ്മ വരേണ്ടതുണ്ട്.

ഒറ്റപ്പെട്ട സംഭവം എന്ന് കണക്കാക്കാതെ തിന്മകൾക്ക് എതിരെയും അനീതകൾക്കെതിരെയും പ്രതികരിക്കുന്ന ഒരു വിദ്യാർത്ഥി കൂട്ടങ്ങൾ നമുക്കിടയിൽ നിന്ന് ഉയർന്നു വന്നിട്ടുണ്ട്. അവരെ കൃത്യമായി നിലനിർത്തുക എന്നുള്ളത് സമൂഹത്തിന്റെ ആവശ്യമാണ്.

# Heaven on Earth

SREELEKSHMI S RAJEEV
S2 MSC MATHEMATICS

She can hear the voice of her child from her
womb.
He is playing in the protective cavity
And is ready to see the entire world.
'MOM' THE HEAVEN ON EARTH
Is waiting for her seed.
When he came, she makes a cradle and sings
lullaby.
She will definitelygive the life
Through her breast.
When he will be a schoolboy.
She will make him a genius.
When he will be in teens, she will teach him
How to taste the society
And behave towards well-wishers.
In his adulthood, she dreams his marriage
With a beautiful lady ever in the world.
When he will be a family man,
She prays to get him
A responsible mind and leads
A happy life with family.
But the real fact...
She can meet her baby
After fighting with the labour pain.
Without MOM any child
In the world can't survive.
Because she tied us
In a token of pure love.
We are the luckiest in the world
Having our MOM.



Soo... Try to keep a smile in her lips.
I also have MOM, not only ONE...
But also, TWO...
One with womb and other without womb,
Who is a busy creature....
The head of my family....
'My DAD '...

# ലൈംഗിക വിദ്യാഭ്യാസവും
# പൊതുസമൂഹവും

EDITORIYAL BOARD

തലക്കെട്ട് കാണുമ്പോൾ തന്നെ നെക്സ്റ്റ് പേജ് മറിക്കാൻ ഒരുങ്ങുന്ന ചിലരോട് ലൈംഗിക വിദ്യാഭ്യാസം ചർച്ച ചെയ്യാത്തിടത്തോളം കാലം, പൊതുസമൂഹത്തിന്റെ കാഴ്ചപ്പാടുകൾ മാറാത്തിടത്തോളം കാലം സമൂഹത്തിലെ അധപതനത്തിന്റെ അഴുക്കു കൂമ്പാരം കുമിഞ്ഞു കൂടുകയാണ്. ലൈംഗികത എന്ന് കേൾക്കുമ്പോൾ തന്നെ കണ്ണുകൾ അടച്ചു പിടിക്കേണ്ടി വരുന്നവർ കാതുകൾ തനിയെ അടഞ്ഞു പോകുന്നവർ ഒരു നിമിഷമെങ്കിലും ജ്ഞാനേന്ദ്രിയങ്ങളെ നിയന്ത്രിച്ചു കണ്ണ് തുറന്നു കാണുക. നിങ്ങൾക്ക് മുന്നിൽ വിശാലമായ ഒരു ലോകമാണ് സ്വന്തം ലോകത്തെ ചുരുക്കാതിരിക്കുക. ചിന്തിക്കുന്നത് പോലും പാവമാണ് എന്ന് കരുതി ചിന്തിക്കാതിരിക്കുന്ന പലതിനെയും സ്വാതന്ത്ര്യമായ മനസ്സോടെ വിശാലമായ കാഴ്ചപ്പാടോടെ വീക്ഷിക്കാൻ കഴിഞ്ഞാൽ ഓരോ മനുഷ്യനും വിജയിച്ചു

എന്താണ് ലൈംഗികത? എന്താണ് ലൈംഗിക വിദ്യാഭ്യാസം തീർച്ചയായും അതൊരു ചെറിയ കാര്യമല്ല എന്ന് കരുതി വളരെ സങ്കീർണ്ണം ആയതുമല്ല. എല്ലാ ജീവജാലങ്ങളുടെയും ജീവിതം ലൈംഗികതയുമായി തന്നെ ബന്ധപ്പെട്ടിരിക്കുന്നു അതിനെപ്പറ്റി തുറന്നു തന്നെ സംസാരിക്കേണ്ടതുണ്ട് തെറ്റിദ്ധാരണകൾ പലതാണ് ചില സ്ത്രീകളെയും ലൈംഗികതയെയും കൂട്ടിയിണക്കുന്നത് കാണാം. സ്ത്രീകളെ മാത്രം കേന്ദ്രീകരിച്ച് സംസാരിക്കേണ്ട വിഷയമാണോ അത്?

ഒരിക്കലുമല്ല സ്ത്രീകൾ പുരുഷന്മാരെ പോലെ തന്നെ തുല്യ പ്രാധാന്യവും പ്രാഥമികഴിവുമുള്ളവരാണ്. എന്നിട്ടും അവളോട് മാറിയാൽ ഒരിടത്ത് ഒറ്റപ്പെട്ടാൽ കാമകണ്ണുകളോടെ വീക്ഷിക്കുന്നവരാണ് പലരും. ഇത്ര നിസ്സാരമായ ഒന്നാണോ ലൈംഗികത , ആരാണ് ഇതിനെ ഇത്രയും വൃത്തികെട്ട ഒരു പദമാക്കി മാറ്റിയത് ആരാണ് ഇതിനെ ഒളിച്ചു മാത്രം സംസാരിക്കേണ്ട ഒരു വിഷയമാക്കി തീർത്തത്

ശരിയായ അറിവ് ലഭിക്കാത്തത് കൊണ്ട് മാത്രം തെറ്റിദ്ധാരണകളുടെ ജീവിച്ചു പോകേണ്ടി വരുന്ന ഒരു യുവതലമുറ. എത്ര ദയനീയമാണ് അല്ലേ നമ്മുടെ സ്ഥിതി. പലതും അറിയാത്തിടത്തോളം അവർക്കുള്ളിൽ വളരുന്ന ദുരൂഹത അവരെ എത്ര തെറ്റുകളിലേക്കാണ് നയിക്കുന്നത്



കപട സദാചാരവാദികൾക്ക് പൊതു സദസ്സിൽ വച്ച് സംസാരിക്കുമ്പോൾ മാത്രമേ വെറുപ്പുള്ളൂ, ഒളിഞ്ഞും മറിഞ്ഞും ഇതേപ്പറ്റി സംസാരിക്കാൻ സ്ത്രീകളുടെ ഉടലുകളെ പറ്റി കമന്റ് പറയാം.

ലൈംഗികതയെ പറ്റി പറയുമ്പോൾ അതിനോട് ചേർത്ത് സ്ത്രീകളുടെ ആർത്തവത്തെ കൂട്ടി വായിക്കുന്ന ചിലരുണ്ട്. ആർത്തവവും ലൈംഗികതയും ഒന്നാണോ സമൂഹത്തെയും ചുരുങ്ങിയ ചിന്ത കാരണം ആർത്തവം മറച്ചു പിടിക്കേണ്ട ഒന്നാണെന്നും അതേപ്പറ്റി ആരോടും ഒന്നും പറയരുതെന്നും അവൾ തെറ്റിദ്ധരിച്ചു പോകുന്നു ആണുങ്ങൾ ആർത്തവത്തെ ചർച്ച ചെയ്യുന്നത് തന്നെ മറ്റൊരു രീതിയിലാണ്. ചർച്ചയാണ് അത് പലപ്പോഴും അതേപ്പറ്റി അറിയാനുള്ള പലതരത്തിലുള്ള തെറ്റിദ്ധാരണകളും ഉണ്ടാക്കുന്നു

ശരിയായ അറിവ് ലഭിക്കാത്തത് കൊണ്ട് മാത്രം തെറ്റിദ്ധാരണകളോടെ ജീവിച്ചു പോകേണ്ടി വരുന്ന ഒരു യുവതലമുറ. എത്ര ദയനീയമാണ് അല്ലേ നമ്മുടെ സ്ഥിതി. പലതും അറിയാത്തിടത്തോളം അവർക്കുള്ളിൽ വളരുന്ന ദുരൂഹത അവരെ എത്ര തെറ്റുകളിലേക്കാണ് നയിക്കുന്നത് എത്ര പീഡന വാർത്തകളാണ് ദിനംപ്രതിമാധ്യമ കോളങ്ങളിൽ നിറയുന്നത് പീഡനം ഏറ്റവും കൂടുതൽ നടക്കുന്നത്, അതിനെ പറ്റി ഒരക്ഷരം എങ്കിലും മിണ്ടുന്നത് പാപമായി കരുതുന്നവർക്കിടയിലാണ്. അതേപ്പറ്റി സംസാരിക്കുന്നത് തന്നെ പാപമാണ് എന്ന് പറയുന്നവർക്കിടയിൽ ഇത്തരം തെറ്റുകൾ സംഭവിക്കുമ്പോൾ നാം മനസ്സിലാക്കേണ്ടത് ലൈംഗികതയെ കുറിച്ച് അവർക്ക് കൃത്യമായ അവബോധം ഇല്ല എന്നുള്ളത് തന്നെയാണ്. ഇവിടെയാണ് ലൈംഗിക വിദ്യാഭ്യാസത്തിന് എത്രത്തോളം പ്രാധാന്യമുള്ളത് എന്ന് നാം ചിന്തിക്കേണ്ടത്.

ചിന്തിക്കുന്നത് പോലും പാവമാണെന്നല്ല നമുക്ക് വിശാലമായി ചിന്തിക്കാൻ കഴിയണം സംഗീതമായ ആശയങ്ങളെ ആഴത്തിൽ പഠിക്കണം എങ്കിൽ മാത്രമേ അതിൽ ശരി തെറ്റുകളെ നമുക്ക് കണ്ടെത്താൻ കഴിയൂ. ചർച്ച ചെയ്യപ്പെടണം ലൈംഗികത ഓരോ സ്ത്രീക്കും ഓരോ പുരുഷനും ശക്തമായി ഉറച്ച സ്വരത്തോടെ സംസാരിക്കാൻ കഴിയുന്ന ഒരു കാര്യം ആവണം ലൈംഗികത അത്തരത്തിൽ ലൈംഗിക വിദ്യാഭ്യാസം പൊതുസമൂഹത്തിനിടയിൽ ചർച്ചയാകുമ്പോൾ അതിന്റെ കൃത്യമായ വശങ്ങൾ അവർക്ക് മനസ്സിലാക്കി കൊടുക്കാൻ ശ്രമിക്കണം.





# Gratitude

Fathima Baisin
*BA English*

He tried hard to smile hard
but his eyes deceived him,
tears rolled down his charred cheeks
while his lips struggled to curve down,
all against his will.
His trembling hand endeavoured to reach his mouth
while its companion was kept busy
rubbing the precious bits of rice
off his muddy rags.

For They sleep hungry,
Not knowing the feeling of a full stomach
not knowing that people do reject food
when their tummies are full
not knowing there are choices.

And yet,
all they know is but gratitude
for whatever keeps them alive...
thankful for the sun, the wind, the rain, the moon
and the people who put their leftovers in the trash
instead of the ditch.




# തൊഴിലിടങ്ങളിലെ വിവേചനങ്ങൾ

EDITORIYAL BOARD

തൊഴിലിടങ്ങൾ സമൂഹത്തിന്റെ അനിവാര്യതയാണ്. അതിന് അടിസ്ഥാനമാക്കി ലോകത്തെ രണ്ടു തരത്തിൽ വീക്ഷിക്കാം. സമ്പാദ്യം കൊണ്ട് മനസ്സും വീടും വയറും നിറക്കുന്ന അന്തരീക്ഷം രണ്ടാമതായി പണം സമ്പാദിക്കാൻ ആയി ദിനംപ്രതി തന്റെ അറിവ് കൊണ്ടോ അഭ്യാസം കൊണ്ടോ ദിവസത്തിന്റെ പാതി തീർക്കുന്ന മനുഷ്യരാൽ തീർത്ത ഒരു മറ്റൊരു സമൂഹം. സമ്പാദ്യം ഇല്ലെങ്കിൽ ജീവിതം ദുഷ്കരമാകും എന്നതിൽ നിന്നുതന്നെ തൊഴിലിടങ്ങളുടെ പ്രാധാന്യം നമുക്ക് മനസ്സിലാക്കാം.

അന്നത്തെ അന്നത്തിനായി നെട്ടോട്ടം ഓടുന്ന ചിലർ അവരുടെ ജീവിതം വളരെ സമാധാനപരമായ ഒന്നാണ്. അവർ ചൂഷണങ്ങൾ നേരിടുന്നില്ല. ചൂഷണത്തെപ്പറ്റിയോ അസമത്വത്തെ പറ്റിയോ സംസാരിക്കുമ്പോൾ അവയിൽ ഏറ്റവും പ്രധാനപ്പെട്ടത് സ്ത്രീകൾ നേരിടുന്ന ചൂഷണങ്ങൾ തന്നെ. പക്ഷേ

ഇന്ന് അതൊന്നു ഉറപ്പിച്ചു പറയാൻ നമുക്ക് കഴിയില്ല നമുക്കിടയിൽ ഒരുപാട് ചൂഷണം നമ്മുടെ സഹോദരങ്ങളായ ഭിന്നലിംഗക്കാർ നേരിടുന്നുണ്ട്. സ്ത്രീകളും ഭിന്നലിംഗക്കാരും മാത്രമല്ല വിവേചനങ്ങൾ നേരിടുന്നത്. നിറത്തിന്റെ പേരിൽ ജാതിയുടെ പേരിൽ വിദ്യാഭ്യാസത്തിന്റെയും പണത്തിന്റെയും പേരിൽ, ഒരുപാട് പുരുഷന്മാരും ഈ വിവേചനം നേരിടുന്നുണ്ട്.

സ്ത്രീകൾ നേരിടുന്ന ചൂഷണങ്ങളിൽ നിന്ന് തന്നെ തുടങ്ങാം. അവളുടെ കാര്യത്തിൽ ആദ്യം തുടങ്ങേണ്ടത് അവൾക്ക് ലഭിക്കുന്ന വരുമാനത്തിൽ നിന്നാണ്. എന്തുകൊണ്ട് അവൾക്ക് തൊഴിലിടങ്ങളിൽ ലഭിക്കുന്ന തുക പുരുഷന്മാരെക്കാൾ കുറവാണ് എന്നുള്ളതാണ്. എത്ര അധ്വാനിച്ചാലും ആരെക്കാളും പണിയെടുത്താലും അവൾ എന്നും പുരുഷന്റെ കീഴെയാണ്. ജോലിക്ക് ന്യായമായ കൂലി ഇല്ല എന്നത് മാത്രമല്ല ജോലിസ്ഥലത്ത് അവൾ നേരിടുന്ന ചൂഷണങ്ങൾ വേറെയും സ്ത്രീകളായി പിറന്നത് കൊണ്ട് മാത്രം രാത്രി ഡ്യൂട്ടി ചെയ്യാത്തവർ ജോലിസ്ഥലത്ത് നേരിടേണ്ടി വരുന്ന ചൂഷണങ്ങളുടെയും അസമത്വത്തിന്റെയും കഥകൾ ഓർത്ത് പുറംലോകം അപരിചിതമായി നാല് ചുവരുകൾക്കുള്ളിൽ ഒതുങ്ങിക്കൂടേണ്ടവർ. സമൂഹത്തിൽ ഒരു മാറ്റവും ഇല്ലാതെ അവർക് അതിൽ നിന്ന് മോചനമില്ല

ഇനി ഭിന്നലിംഗക്കാരുടെ കാര്യമെടുത്താൽ അവർ ലൈംഗിക തൊഴിലിലേർപ്പെടുന്നതാണ് സമൂഹത്തിന്റെ പ്രശ്നം എന്തുകൊണ്ടാണ് അവർ അത്തരം ഒരു മേഖലയിലേക്ക് തിരിയുന്നത് എല്ലായിടത്തും അവർക്ക് വിവേചനമാണ് ചൂഷണമാണ്. ജോലി ചെയ്താൽ കൂലി കൊടുത്തില്ലെങ്കിലും ചോദ്യം ചെയ്യപ്പെടുകയില്ല. ഇനി ചോദ്യം ചെയ്താലും അവരുടെ മേൽ കുറ്റം ചാർത്തിയാൽ സമൂഹം അത് വിശ്വസിക്കുകയും ചെയ്യും. അവർക്ക് തൊഴിലിടങ്ങളിൽ സമത്വം ഉണ്ടോ ആ ചോദ്യത്തിന് തന്നെ പ്രസക്തിയില്ല. എന്തുകൊണ്ടാണ് അവർക്ക് മാന്യമായ ഒരു തൊഴിലും ചെയ്യാൻ കഴിയാത്തത്? അവർക്ക് വിദ്യാഭ്യാസം നേടാൻ കഴിയാത്തത് തീർച്ചയായും ഈ സമൂഹം തന്നെയാണ് കാരണക്കാർ. സമൂഹം കുറ്റക്കാരാണെന്ന് വിധിക്കുന്നവർ പലരും സമൂഹത്തിന്റെ ഇഷ്ടത്തിനനുസരിച്ച് ജീവിക്കാത്തവരാണ് സത്യത്തിൽ തെറ്റുകൾ സമൂഹമാണ് ഉണ്ടാക്കുന്നത്.

തൊഴിലിടങ്ങളിൽ നേരിടുന്ന വിവേചനത്തെ പറ്റി സംസാരിച്ചാൽ ഒരിക്കലും തീരാത്ത വിഷയമാണത്. ചുരുങ്ങിയ ഒരു ഭാഗം മാത്രമേ പറഞ്ഞു തീർക്കാൻ കഴിയൂ. ഇപ്പോൾ പറഞ്ഞത് മാത്രമാണോ, നിറത്തിന്റെ പേരിൽ മാറ്റിനിർത്തപ്പെടുന്നവരില്ലേ. ഏറ്റവും പ്രധാനപ്പെട്ട ഒരു തൊഴിൽ മേഖലയായ സിനിമകളിൽ നായികമാരായ് ഇവരെ നമുക്ക് സങ്കൽപ്പിക്കാൻ കഴിയുമോ? വാർത്ത ചാനലിൽ വാർത്ത വായിക്കാൻ സൗന്ദര്യം ഒരു അളവുകോലാണ് . തുണി കടകളിൽ ആളുകളെ സ്വാഗതം ചെയ്യാൻ സൗന്ദര്യം ഒരു മാനദണ്ഡമാണ്. സമൂഹം ധരിച്ചു വച്ചിരിക്കുന്ന ചിലതുണ്ട്. ആവർത്തിച്ച് ആവർത്തിച്ച് ഇതാണ് ശരിയെന്ന് വിശ്വസിക്കപ്പെടുന്ന ചില കാര്യങ്ങൾ. തീർച്ചയായും മാറേണ്ടതുണ്ട്. തൊഴിലിടങ്ങളിൽ ഇനിയെങ്കിലും കഴിവും അനുഭവവും മാനദണ്ഡങ്ങളാവട്ടെ. അവിടെ നിറമോ പണമോ ലിംഗമോ ബാധിക്കാത്ത മനോഹരമായ തൊഴിലിടങ്ങൾ പിറവികൊള്ളട്ടെ.

സമൂഹം ധരിച്ചു വച്ചിരിക്കുന്ന ചിലതുണ്ട്. ആവർത്തിച്ച് ആവർത്തിച്ച് ഇതാണ് ശരിയെന്ന് വിശ്വസിക്കപ്പെടുന്ന ചില കാര്യങ്ങൾ. തീർച്ചയായും മാറേണ്ടതുണ്ട്. തൊഴിലിടങ്ങളിൽ ഇനിയെങ്കിലും കഴിവും അനുഭവവും മാനദണ്ഡങ്ങളാവട്ടെ. അവിടെ നിറമോ പണമോ ലിംഗമോ ബാധിക്കാത്ത മനോഹരമായ തൊഴിലിടങ്ങൾ പിറവി കൊള്ളട്ടെ.

# Step Out of The Box

SHAZIZ SALAHUDEEN
S4 BSC BIO CHEMISTRY

Look past the walls
Open the drapes and dare to peer out
Plan your escape
from the box that you're standing so still in
Dare to reach out and have a sneak peek
of what first might be of what you still dream
That excites and delights you.
That gives you your scream
They may have gone quiet
Those big plans and dreams
As they aren't in this box.
So, they're scary, it seems
Your beliefs, pears and doubts
All act as a wall
But this little box, has gotten too small
So bend, break on lower those limiting walls
Seek, grow and prosper and learn
from your falls
What would you do.!! And where could you
win. If these pesky walls werent holding you
in..
So, chase your big goals. Beyond this safe
zone.
Step out of the box The one you've outgrown

# Beloved

FAIZ MUHAMMEFD SHAJI
S4 BSC CHEMISTRY

One who fills colours in my life
Darling, come on, paint it
The flaming colours of passion.
Paint my dreams in the flaming
Colours of passion.
Love is destiny's toy
What's written in the stars is unknown
There's no one who could interpret it
In fact, you're able to read
Or interpret it
Only in your seventh life

# In Search of Me

JAMIMA G V
S2 PHYSICS

When pigs fly we can be together.
Everysecond I want to call it a day
Just to search for you. We can go back
to the drawing room.
None of the cloud will have a
Lining without you.
Everyone said searching for you was
like finding a needle in a haystack
But, I am ready to take the extra mile
Only for you.
Stay in there, we can live the
Life in fast line.
In the nick of time.
I realise being with you is possible
When my pig fly

# Them

CISEL SAM
S6 BCOM FINANCE

They stole each other from themselves
Nothing but love, the unending greed of life!
Why me?, Why her?;
It's the nature's rule of togetherness,

They call it an escape from loneliness to craziness
She with his smell of compassion and touch
He with her taste of love and care
Both marked their tattoos with teeth and nail.
It's their beginning!,
With never-ending loop of madness...

Keep playing the rhythm of love
For which, I call her: mine!
Keep showing the best of you to her
Keep her close to your heart
Make her feel you

Because it's her.. It's her,
The bright side of your dark ages.

# സൈബർ ഇടങ്ങളിലെ ചതിക്കുഴികൾ

AASHIQ
S4 BCOM CA

**പു**ത്തൻ വിവരസാങ്കേതികവിദ്യയുടെ ഉപയോഗങ്ങൾ നമ്മുടെ ഇടയിൽ വർദ്ധിച്ചു വരുന്ന ഒരു കാലഘട്ടത്തിലാണ് ഇന്ന് നമ്മൾ ജീവിച്ചു കൊണ്ടിരിക്കുന്നത് വിദ്യാഭ്യാസ മേഖലയിലായാലും മറ്റു പഠന മേഖലകളിലും ഇത്തരം സാങ്കേതികവിദ്യകളുടെ പുത്തൻ സാധ്യതകൾ തേടിക്കൊണ്ടിരിക്കുകയാണ്. അത്തരത്തിൽ ആശയപരമായ ചർച്ചകൾക്കും മറ്റും ഈ സാങ്കേതിക വിദ്യ ഉപയോഗിക്കാറുണ്ട് വലിയ വലിയ കാര്യങ്ങളെ ലഘൂകരിച്ച് സൂക്ഷിക്കാൻ ഇത്തരം സംവിധാനങ്ങളിലൂടെ സാധിക്കും

എല്ലാത്തിലുമുള്ളതുപോലെ സൈബർ ഇടങ്ങിലും ദുരുപയോഗ സാധ്യതകളുടെ മറ്റൊരു വശം ഉണ്ട് നമ്മുടെ ജീവിതത്തിൽ നാം ഉപയോഗിക്കുന്ന സ്മാർട്ട് ഫോണുകൾ തുടങ്ങി മറ്റു പല ആവശ്യങ്ങളിലും ഇത്തരം സൈബർ ഇടങ്ങളുടെ പ്രാധാന്യമുണ്ട്. നാം എല്ലാവ





രും സാമ്പത്തികപരമായ കാര്യങ്ങളാണ് ഇവിടെ തുറന്നു വയ്ക്കുന്നത് ആദ്യമതിലൂടെ ലാഭമുണ്ടാകുന്നുണ്ടെങ്കിലും പിന്നീട് അതിനേക്കാൾ വലിയ നഷ്ടം സംഭവിക്കും ജീവിതം തന്നെ നഷ്ടപ്പെടുകയും ചെയ്യുന്നു.

തീർച്ചയായും ഒരുപാട് നേട്ടങ്ങൾ ഉണ്ടാക്കിയെടുക്കാൻ സാധിക്കുന്ന മികച്ച ഒരു ഇടമാണ് സൈബർ ലോകം . കൃത്യമായി ഇടപെടലുകൾ നടത്തുകയാണെങ്കിൽ കൃത്യമായി തന്നെ ഉപയോഗിക്കാൻ നമുക്ക് സാധിക്കുന്ന ഒന്നാണ് സൈബർ ഇടങ്ങൾ. സൈബർ ഇടങ്ങളിൽ അല്ലെങ്കിൽ സോഷ്യൽ മീഡിയകളിൽ നമ്മുടെ ഇടയിൽ തന്നെ വ്യാപകമായി കണ്ടുവരുന്ന ഒന്നാണ് മറ്റൊരു ഐഡിയും ഡാറ്റയും ഉപയോഗിച്ചുകൊണ്ട് ചതിക്കുഴി ഉണ്ടാക്കുന്ന രീതി സോഷ്യൽ മീഡിയയിൽ മറ്റൊരു രീതിയിൽ പ്രത്യക്ഷപ്പെടുകയും മറ്റുള്ളവരുടെ സ്വകാര്യ ജീവിതത്തെ കളങ്കപ്പെടുത്തുകയും ചെയ്യുന്ന പ്രവണത ധാരാളമായി നമുക്കിടയിൽ കണ്ടുവരുന്നുണ്ട് ഇത്തരം ചതിക്കുഴികളിലൂടെ പെൺകുട്ടികൾക്കെതിരെയും മറ്റും അവർ ജീവിതത്തിന് നേരെ ആക്രമങ്ങൾ നടത്തുകയും ചെയ്യുന്നു. നമ്മുടെ നിയമ സംവിധാനത്തിൽ അക്രമങ്ങളെ തടയാൻ സാധിക്കും എന്നത് പോലെ ഇത്തരം സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ നടപടിയെടുക്കാനും കൃത്യമായ രീതിയിൽ ഇതിനെ തടയാനും സാധിക്കുന്ന നിയമ സംവിധാനങ്ങൾ ഉണ്ട്.

ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം അവർക്ക് അഭിമാനമാണ് വലുത്. ഇത്തരം സൈബർ ആക്രമങ്ങൾക്കെതിരെ നിയമത്തിന്റെ കൃത്യമായ നടപടികൾ ഉണ്ട്. അതിനെക്കുറിച്ച് അവർക്കിടയിൽ ബോധവൽക്കരണം അത്യാവശ്യമാണ് പലർക്കും എന്തോ ഒന്ന് നഷ്ടപ്പെടും എന്നുള്ള ഭയമാണ് ഇത്തരം തുടർന്ന് പറച്ചിലുകൾ ഇല്ലാതാവുമ്പോഴാണ് ഇത്തരം കുറ്റങ്ങളിൽ ഏർപ്പെടുന്നവർ പിന്നെയും പിന്നെയും ആ കുറ്റകൃത്യങ്ങൾ ആവർത്തിച്ചു കൊണ്ടിരിക്കുന്നത് എല്ലാത്തരത്തിലുള്ള കാര്യങ്ങളെയും തിരിച്ചറിഞ്ഞുകൊണ്ട് മുന്നോട്ടു പോകാൻ നമുക്കിടയിൽ തന്നെ പലതരത്തിലുള്ള സംവിധാനങ്ങളിലാകട്ടെ ഇത്തരം കാര്യങ്ങളെ തടയാം. ആ സംവിധാനങ്ങളെ കൃത്യമായി ഉപയോഗിക്കുക എന്നുള്ളത് ശരിയായ നടപടിക്രമമാണ്. ഏതൊരു മികച്ച സംവിധാനത്തെയും ദുരുപയോഗം ചെയ്യാൻ ശ്രമിക്കുന്ന ഒരു വിഭാഗം നമുക്കിടയിൽ എപ്പോഴും ഉണ്ടാകാറുണ്ട് ഇത്തരം ആളുകൾ നമ്മൾ സൈബർ സംവിധാനങ്ങൾ ഉപയോഗിക്കുമ്പോൾ തിരിച്ചറിയാൻ ശ്രമിക്കണം.

ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിൽ സൈബർ പോലുള്ള സംവിധാനങ്ങളെ അറിയിക്കുവാനും ശ്രമിക്കണം.

# PUZHU

ASWININANDA A S
S4 BA ENGLISH




India is known for its rich heritage all over the world. But the problem of casteism – discrimination based on the caste of a person – is still rife in the country. It is a great social evil that needs to the done away with. Or else it can hamper the progress of the country.

Recently we witnessed a series of movies which has caste discrimination as its theme. Blockbusters like Jana GanaMana, KamattiPaadam, Jai Bhim, Comrades, Article 15 etc had touched upon the theme of caste discrimination. In 2022, the Malayalam psychological drama film called PUZHU directed by Ratheena, showed this cruel casteism prevailing in Kerala. The film stars Mammootty in the lead role while Parvathi, AppuniSasi,VasudevSajeesh play prominent supporting roles Mammooty played a negative shaded role in this film.

It is the story of a retired widower and former police officer (Mammooty) who also suffers from obsessive compulsive disorder, prone to fit of rage and outburst, and plagued by a turbulent past. He regularly takes out his life's frustrations by disciplining his young son Kichu. The movie begins with a stage play and the struggle that the performer Kutteppan ( AppuniSasi) and his wife Bharathi ( Parvathy ) have to face, Kuttappan, whose complexion is considerably darker than that of his wife belongs to the DalitCaste. And the one who has the biggest problem with their bond is our protagonist Kuttan. Mammooty'scharacter belongs to the higher Brahmin Caste. He belongs to the superior and dominating part of the society. The relationship of his sister with Kuttappan,who is a Dalit, cannot be accepted by Kuttan. The Movie shows many conflicts between the characters, which makes Kuttancommit the murder of his sister and her husband.

This movie shows reality in its horror state. Everyone has different opinions on this film. This shows how casteism fill a person's heart with hatred and cruelty. Even though we are living in a modern society, we still have a place for gender,caste,religion, colour discrimination etc. People are nor ready to accept others for who they actually are. This scenario isclearly captured in this psychological movie.

Puzhu is a 2022 Indian Malayalam language psychological drama film directed by debutant Ratheena and jointly written by Harshad, Sharafu and Suhar. The cinematography of this film score and songs are composed by Jakes Bejoy. The film was scheduled to release in theatre in the first half of 2022. Later it was announced that the film would be skipping the theatrical release and was slated for a direct streaming of the same in Sony LIV on 12thMay 2022.

# സ്ത്രീ സുരക്ഷയും
# പൊതുസമൂഹം

THANZEELA
S4 BA ISLAMIC HISTORY



**എ**വിടെയാണ് നമ്മുടെ ജീവിതത്തിൽ നാം കൈവരിക്കുന്ന നേട്ടങ്ങൾ കൃത്യമായ രീതിയിൽ ഉപയോഗിക്കപ്പെടുന്നത് എന്നുള്ളത് പരിശോധിച്ചു നോക്കുക. നമ്മുടെ ചുറ്റിലും ഒരു സമൂഹം ഇപ്പോഴും കൃത്യമായ രീതിയിൽ തന്നെ എല്ലാ കാര്യങ്ങളും അതിന്റെ എല്ലാ വശങ്ങളും ഇറങ്ങിച്ചെന്ന് ചർച്ച ചെയ്യുന്നുണ്ട്. ഇവിടെ നമ്മുടെ സമൂഹത്തിനിടയിൽ ഒരു പ്രധാനപ്പെട്ട വിഷയമാണ് സ്ത്രീ സുരക്ഷയെന്നുള്ളത്. ഒരു സമൂഹം എന്ന് പറയുമ്പോൾ പലതരത്തിലുള്ള ആളുകൾ ഉണ്ടായിരിക്കും. പലതരത്തിലുള്ള കാഴ്ചപ്പാടോട് കൂടിയുള്ളവർ ആയിരിക്കും അവരിൽ പലരും സ്ത്രീ എന്ന് പറയുമ്പോൾ നാം എല്ലാവരും കരുതും പോലെ സമൂഹത്തിൽ ഒപ്പം നിർത്തപ്പെടേണ്ടവർ തന്നെയാണ് എന്നാൽ ഇതിനെ വിപരീതമായിട്ടാണ് പലപ്പോഴും നമ്മുടെ ഇടയിൽ പല സംഭവങ്ങളും കടന്നു പോകുന്നത്. ഉദാഹരണമായി ഏതെങ്കിലും ഒരു അവസരത്തിൽ നമ്മൾ തനിച്ചായാൽ അവർക്ക് പിറകെ കൂടി അവളുടെ അഭിമാനത്തിന് ക്ഷതം വരുത്തുന്ന രീതിയിലുള്ള പ്രവർത്തികൾ നമ്മുടെ സമൂഹത്തിനിടയിൽ നിന്ന് തന്നെ ഉണ്ടാകാറുണ്ട്. പൊതു ഇടങ്ങൾ എന്ന് പറയുമ്പോൾ ഏതെങ്കിലും ഒരു വിഭാഗത്തിന് വ്യക്തികൾക്ക് വേണ്ടി മാത്രം സഞ്ചരിക്കാനോ പ്രവർത്തിക്കാനോ ഉള്ളതല്ല മറിച്ച് എല്ലാവരും ഒരുപോലെ പ്രവർത്തിക്കേണ്ട ഒരു ഇടമാണ് സ്ത്രീകൾക്ക് അവരുടെ സുരക്ഷയ്ക്ക് ഭീഷണിയാവുന്ന തരത്തിൽ പല മേഖലകളിൽ നിന്നും പല ബുദ്ധിമുട്ടുകളും നേരിടേണ്ടി വരുന്നുണ്ട്. തൊഴിലിടങ്ങൾ യാത്ര ചെയ്യുന്ന ഇടങ്ങൾ വിദ്യാഭ്യാസ



തൊഴിലിടങ്ങളിൽ എത്രത്തോളം സ്ത്രീകൾ സുരക്ഷിതരാണെന്ന് അവർക്ക് അവിടങ്ങളിൽ കൃത്യമായ എത്രത്തോളം ഇടപെടാൻ സാധിക്കുന്നുണ്ട് എന്ന് നാം പരിശോധിച്ചു നോക്കേണ്ടതാണ് എല്ലാവർക്കും അവരുടേതായ കാര്യങ്ങൾ എന്നത് പോലെ സ്ത്രീകൾക്കും അവരുടെ അവകാശങ്ങളുണ്ട്. എന്നാൽ തൊഴിൽ മേഖലയിലെ സ്ത്രീകൾക്ക് അവിടെ പ്രവർത്തിക്കുമ്പോൾ മറ്റു വല്ലവരിൽ നിന്നും പലതരത്തിലുള്ള ഭീഷണികൾ നേരിടേണ്ടി വരുന്നുണ്ട്

മേഖലകൾ തുടങ്ങി അനവധി മേഖലകൾ ഉണ്ട്.

തൊഴിലിടങ്ങളിൽ എത്രത്തോളം സ്ത്രീകൾ സുരക്ഷിതരാണെന്ന് അവർക്ക് അവിടങ്ങളിൽ കൃത്യമായ് എത്രത്തോളം ഇടപെടാൻ സാധിക്കുന്നുണ്ട് എന്ന് നാം പരിശോധിച്ചു നോക്കേണ്ടതാണ് എല്ലാവർക്കും അവരുടേതായ കാര്യങ്ങൾ എന്നത് പോലെ സ്ത്രീകൾക്കും അവരുടെ അവകാശങ്ങളുണ്ട് എന്നാൽ തൊഴിൽ മേഖലയിലെ സ്ത്രീകൾക്ക് അവിടെ പ്രവർത്തിക്കുമ്പോൾ മറ്റു വല്ലവരിൽ നിന്നും പലതരത്തിലുള്ള ഭീഷണികൾ നേരിടേണ്ടി വരുന്നുണ്ട് ഇത്തരത്തിലുള്ള മാനസികാവസ്ഥയിലൂടെ കടന്നു പോകുമ്പോൾ സ്ത്രീകൾക്ക് കൃത്യമായ രീതിയിൽ ഇടപെടാനോ അവരുടെ കാര്യങ്ങൾ തുറന്നു പറയാനോ സാധിക്കുന്നില്ല കൃത്യമായി അവരുടെ ഉള്ളിൽ ഒരു ഭയം ഉണ്ടാക്കിയെടുക്കുക എന്ന രീതിയാണ് ഇവിടെ ഉകാണപ്പെടുന്നത് കൃത്യമായി ശമ്പളം ലഭിക്കുക എന്നുള്ളത് എല്ലാവരെയും പോലെ സ്ത്രീകളുടെയും അവകാശങ്ങളാണ്. എന്നാൽ ചില സമയങ്ങളിൽ അവർക്ക് ഇത് കിട്ടാതെ വരികയും ഇതിനെതിരെ ശബ്ദമുയർത്തിയാൽ അവരെ ഭീഷണിപ്പെടുത്തി ഇല്ലാതാക്കാൻ ശ്രമിക്കുകയും ചെയ്യുന്ന രീതിയാണ് കണ്ടുവരുന്നത് ഏതെങ്കിലും ഒരു തരത്തിൽ പലപ്പോഴും അവർക്കിടയിൽ തന്നെ തങ്ങൾ സുരക്ഷിതരായിരിക്കേണ്ടവരാണ്. അത് പൊതുസമൂഹത്തിന്റെ കൂടി ഉത്തരവാദിത്തമാണ് എന്ന് ബോധ്യമുണ്ടാവണം.

ഏതൊരു അവസരത്തിലും സുരക്ഷിതമെന്ന് പറയുന്നത് പ്രധാനപ്പെട്ട ഒരു ഘടകം തന്നെയാണ്

പൊതുസമൂഹത്തിന്റെ കാഴ്ചപ്പാടിലൂടെ ഏതൊരു വിഷയത്തിനും അതിന്റേതായ അർത്ഥമുണ്ടാകുന്നത് പലപ്പോഴും സ്ത്രീ സുരക്ഷ എന്ന അർത്ഥമുണ്ടാകണം അത് കൃത്യമായ രീതിയിൽ നടന്നു പോകുമ്പോഴാണ്.

സ്ത്രീ സുരക്ഷ എന്ന് പറയുന്നത് പൊതുസമൂഹത്തിന്റെ കൂടെ ഉത്തരവാദിത്തമായിട്ടാണ് പറയുന്നത് പൊതുസമൂഹത്തിന്റെ കൂടി സഹകരണത്തോടുകൂടിയത് കൃത്യമായ രീതിയിൽ നടപ്പാക്കാൻ സാധിക്കുകയുള്ളൂ എങ്ങനെയാണ് സമൂഹത്തിൽ പെട്ട ഓരോരുത്തർക്കും ഈ ഉത്തരവാദിത്വം വരുന്നത് നമ്മുടെ ഇടയിൽ നിന്നും തന്നെയാണ് സ്ത്രീകളുടെ സുരക്ഷയ്ക്ക് അനുകൂലം ആകുന്ന തരത്തിൽ പ്രവർത്തികൾ ഉണ്ടാകേണ്ടത്. അതുകൊണ്ട് ഇത്തരം പ്രവർത്തികൾക്കെതിരെ നിൽക്കുന്നവരെ തിരിച്ചറിഞ്ഞ് അവരെ സമൂഹത്തിനിടയിൽ ബോധവൽക്കരിക്കുക. അവരെ കൃത്യമായ രീതിയിൽ മാറ്റി നിർത്താൻ സാധിക്കുകയും ചെയ്യണം. ഏതെങ്കിലും ഒരു സംവിധാനത്തിന് മാത്രം അല്ലെങ്കിൽ ഏതെങ്കിലും ഒരു വിഭാഗം മാത്രം ഇത്തരം കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തുകയല്ല വേണ്ടത് സമൂഹത്തിലെ എല്ലാവരും ഇത്തരം പ്രശ്നങ്ങളിൽ ഇടപെടുകയും പരിഹാരം കാണേണ്ടിടത്ത് പരിഹാരം കാണാൻ ശ്രമിക്കുകയും വേണം ഇത് സമൂഹത്തിൽ ജീവിക്കുമ്പോൾ നമ്മുടെ കടമയായി എടുക്കുകയും ഉത്തരവാദിത്വബോധത്തോടെ പ്രവർത്തിക്കുകയും ചെയ്താൽ സുന്ദരമായ ഒരു സമൂഹം കെട്ടിപ്പടുവാൻ സാധിക്കും എന്നുള്ളത് തീർച്ചയാണ്.

# Hopeful

NEENA SAJITH
S4 MA ENGLISH

Yet I was the light, I was the power
and I was suddenly the ball of fire
and now I had wings like Phoenix.
storm and all the walls soon melted
away...
and soared I did through the walls and
out to the world I refused to believe in.
Where there's love and care and joy
And out through the light I flew basking
in the new sun that sprang before
me, promising a better day
And flew to all things that make me
happy.

# Penchant

ALBIN SURESH
S6 BA ENGLISH

How long have I been waiting
Time weaved so many nights
Your soft touch made a
Wave in my heart.
It rained on me
It was like the tip of the iceberg.
In the dream, I
Created a paradise,
Glanced at the blooming flower
Tenderly
Well just seeking for only these eyes.

# The Victim!

VEENASAJITH
II MA ENGLISH

Drowned in darkness,
Where silence creeps in...
colours of life fades.
Pearls of broken anklet,
Still hang with few more,
brimming to fall.
Burning scars inside screams
Disrupting the silence
Why me...why me...
Born a girl,
Cared as a daughter,
sister for my brother,
But now....
Called a victim
Holding hands tight
whispered...
'Be in darkness, hide yourself
Eyes of eagles are urging for a prey'...
Fading away in darkness
Lips murmured
"Crucifiying prey, victimizing prey
And world enjoys it....
Crucifying prey, victimizing prey
And world enjoys it... "

# നഷ്ടപ്പെട്ടു പോകുന്ന
# രാഷ്ട്രീയ ബോധം

EDITORIYAL BOARD



നമ്മുടെ സമൂഹത്തിനിടയിൽ ഇപ്പോഴും ചർച്ചയാക്കപ്പെടുന്ന ഒരു വിഷയമാണ് രാഷ്ട്രീയം എന്നുള്ളത്. പലപ്പോഴും പല വിഷയങ്ങളും സമൂഹത്തിനിടയിലേക്ക് ഇറങ്ങിച്ചെന്ന് ചർച്ച ചെയ്യാൻ രാഷ്ട്രീയത്തിലൂടെ സാധിക്കും എന്നുള്ളതാണ് അതുപോലെ തന്നെ സമൂഹത്തിൽ ചർച്ച ചെയ്യേണ്ട എന്നാൽ ചർച്ച ചെയ്യപ്പെടാതെ പോകുന്ന പല വിഷയങ്ങളും ചർച്ച ചെയ്ത് മുന്നോട്ട് കൊണ്ടുവരുന്നത് ഇത്തരം രാഷ്ട്രീയ പ്രവർത്തനങ്ങളിലൂടെയാണ്.

രാഷ്ട്രീയം എന്നാൽ എന്ത്? എന്തിന്? എന്ന് കൃത്യമായി മനസ്സിലാക്കിയാൽ മാത്രമേ കൃത്യമായ രാഷ്ട്രീയ ബോധം ഉണ്ടാവുകയുള്ളൂ. ഏതെങ്കിലും ഒരു കാര്യലാഭത്തിനു വേണ്ടി മാത്രമുള്ളതല്ല രാഷ്ട്രീയം എന്ന് നാം ആദ്യം തന്നെ മനസ്സിലാക്കണം. പലരും പലപ്പോഴും ചിന്തിക്കുന്നത് ആ കാര്യത്തിനിറങ്ങിയാൽ എന്ത് നേട്ടം നമുക്കുണ്ടാകുമെന്ന് നോക്കിയിട്ടാണ് എന്നാൽ ഒരിക്കലും ഇത്തരം ലക്ഷ്യം വെച്ചുള്ള പ്രവർത്തനങ്ങൾ രാഷ്ട്രീയ പ്രവർത്തനം എന്നു പറയുവാൻ സാധിക്കുന്നതല്ല. പൊതു സമൂഹത്തിനിടയിൽ കഷ്ടപ്പാടുകൾ അനുഭവിക്കുന്ന ഒരുപാട് പേരുണ്ട് അവരുടെ കഷ്ടപ്പാടുകൾക്ക് വിലയുണ്ടെന്ന് നാം കൃത്യമായി മനസ്സിലാക്കേണ്ടതാണ്. ഇവരും നല്ല സമൂഹത്തിലെ ഒരു വിഭാഗം തന്നെയാണ്. സാമ്പത്തികപരമായും മറ്റും പിന്നോക്കം നിൽക്കുന്നവർ എന്നാൽ നാം പലപ്പോഴും ഇവരെ മറന്നുപോകുന്നുണ്ട്. രാഷ്ട്രീയക്കാരെ എടുത്തുനോക്കിയാൽ ഏതെങ്കിലും ഒരു പ്രത്യേക കാര്യത്തിനുവേണ്ടി മാത്രം ഇത്തരം വിഭാഗക്കാരെ ശ്രദ്ധിക്കുന്നു തെരഞ്ഞെടുപ്പിൽ വോട്ടിനു മാത്രമേ അവരെ ഉപയോഗിക്കുള്ളൂ. എന്നാൽ അതിനെല്ലാം അപ്പുറം ഇവർക്ക് അവകാശങ്ങളുണ്ടെന്ന് കൃത്യമായ രീതിയിൽ അവർക്ക് മനസ്സിലാക്കി കൊടുക്കാൻ സാധിക്കുന്നിടത്താണ് കൃത്യമായ രാഷ്ട്രീയ ബോധത്തിന്റെ വിജയം.

എവിടെ തുടങ്ങുന്നു എവിടെ അവസാനിക്കുന്നു എന്ന ബോധത്തിന്റെ അടിസ്ഥാനത്തിലും കൃത്യമായ രാഷ്ട്രീയ ബോധം സൃഷ്ടിക്കുക എന്നുള്ളത് പ്രധാനമാണ്. ഒരു കാര്യത്തെ കൃത്യമായി പഠിക്കാൻ തയ്യാറാവുക എന്ന കൃത്യമായി ഒരു പാത നമ്മുടെ മുന്നിലേക്ക് തുറന്നു കാട്ടപ്പെടുന്നുണ്ട് ഒരു രാഷ്ട്രത്തിന്റെ കൃത്യമായ കെട്ടുപാടുകൾ നമ്മുടെ ഇടയിൽ ഉണ്ടാകുന്ന രാഷ്ട്രീയത്തിന് വളരെ പ്രാധാന്യമുണ്ട്. എവിടെ എത്തി നിൽക്കുമ്പോഴും ഒരു പ്രശ്നത്തിൽ ഇടപെടുക എന്നുള്ളത് സ്വാർത്ഥതങ്ങൾക്ക് അനുസരിച്ച് ആവരുത്. സമൂഹത്തിലെ ചില പ്രശ്നങ്ങൾ എടുത്തുനോക്കുക അതിനിടയിൽ ഉണ്ടാകുന്ന പ്രശ്നപരിഹാരങ്ങളും എടുത്തുനോക്കുക, ചില വിദ്യാർത്ഥികൾക്കിടയിൽ ഇപ്പോഴും നിലനിൽ



**രാഷ്ട്രീയ കാര്യങ്ങളിൽ ഇടപെടുക എന്നുള്ളത് അല്ലെങ്കിൽ രാഷ്ട്രീയകാലങ്ങളിൽ ഇടപെട്ടാൽ വിദ്യാഭ്യാസത്തെ ബാധിക്കുമോ എന്നുള്ളതൊക്കെ എന്നാൽ ഇത്തരത്തിലുള്ള വിദ്യാഭ്യാസ നേട്ടങ്ങൾക്ക് കൂടി വേണ്ടിയാണ് വിദ്യാർത്ഥി സമര പോരാട്ടങ്ങൾ കലാലയങ്ങളിൽ അരങ്ങേറുന്നത്. എന്നാൽ എല്ലാത്തിനും അപ്പുറം ചില വിദ്യാർത്ഥികൾക്കിടയിലെങ്കിലും കണ്ടുവരുന്ന മനോഭാവം എന്നുള്ളത് ഒന്നിനും ഇടപെടാതെ ഇരുന്നാൽ പ്രത്യേകിച്ച് കുഴപ്പമൊന്നുമില്ല എന്നും അതിൽ ഇടപെടേണ്ട എന്നും ഒക്കെയാണ്**

ക്കുന്ന ആശങ്കയാണ് എങ്ങനെ ഇത്തരം രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടുക എന്നുള്ളത് അല്ലെങ്കിൽ രാഷ്ട്രീയകാര്യങ്ങളിൽ ഇടപെട്ടാൽ വിദ്യാഭ്യാസത്തെ ബാധിക്കുമോ എന്നുള്ളതൊക്കെ എന്നാൽ ഇത്തരത്തിലുള്ള വിദ്യാഭ്യാസ നേട്ടങ്ങൾക്ക്കൂടി വേണ്ടിയാണ് വിദ്യാർത്ഥി സമര പോരാട്ടങ്ങൾ കലാലയങ്ങളിൽ അരങ്ങേറുന്നത്. എന്നാൽ എല്ലാത്തിനും അപ്പുറം ചില വിദ്യാർത്ഥികൾക്കിടയിലെങ്കിലും കണ്ടുവരുന്ന മനോഭാവം എന്നുള്ളത് ഒന്നിനും ഇടപെടാതെ ഇരുന്നാൽ പ്രത്യേകിച്ച് കുഴപ്പമൊന്നുമില്ല എന്നും അതിൽ ഇടപെടേണ്ട എന്നും ഒക്കെയാണ് എന്നാൽ വിദ്യാർത്ഥി സമര പോരാട്ടങ്ങൾക്കിടയിൽ പല വിദ്യാർഥികളും സഹിച്ചത്യാഗം കൂടിയാണ് എല്ലാവരും അനുഭവിക്കുന്നത് എന്തിനാണ് ഇത്തരത്തിൽ വിദ്യാർത്ഥികൾക്ക് രാഷ്ട്രീയം ആവശ്യമുള്ളത്? അല്ലെങ്കിൽ രാഷ്ട്രീയത്തിന്റെ ആവശ്യം എന്നുള്ളത് വ്യക്തമായ രീതിയിൽ മനസ്സിലാക്കാൻ സാധിക്കണമെങ്കിൽ വിദ്യാഭ്യാസ നേട്ടങ്ങളുടെയും ചരിത്രത്താളുകളിലേക്ക് എത്തിനോക്കേണ്ടതാണ്. അതിനായി അതിന്റെ കൃത്യമായ കാര്യങ്ങൾ എങ്ങനെ വിദ്യാർഥികൾ മനസ്സിലാക്കാൻ ശ്രമിക്കുന്നു എന്നുള്ളതും പ്രാധാന്യമാണ് നമ്മുടെ ചുറ്റും ഒരു സമൂഹം ജീവിക്കുന്നു എന്നുള്ളത് വളരെയേറെ പ്രാധാന്യമുള്ള ഒരു കാര്യമാണ്. മനുഷ്യരുടെ നന്മക്ക് വേണ്ടി പ്രയത്നിക്കുന്ന വിഭാഗമാണ് രാഷ്ട്രീയക്കാർ, എന്നാൽ പലപ്പോഴും സമൂഹം അവരെ കാണുന്നത് മറ്റൊരു രീതിയിലാണ് അവർ വെറും സ്വാർത്ഥ താല്പര്യങ്ങൾക്ക് വേണ്ടി അല്ലാ പ്രവർത്തിക്കുന്നത്, ലക്ഷ്യബോധമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കാൻ കൂടിയാണ് എന്നുള്ളത് സമൂഹം തിരിച്ചറിയേണ്ടതാണ്.

# സൈബർ ലോകവും
## പുത്തൻ സാധ്യതകളും

EDITORIYAL BOARD



**ഒ**രു വ്യക്തിയുടെ ജീവിതത്തിൽ പല പ്രധാനപ്പെട്ട കാര്യങ്ങളും ഉണ്ടാവും. എവിടെയാണ് ഒരു വ്യക്തിക്കും ഓരോ കാര്യങ്ങളിലും പ്രാധാന്യം വരുന്നത് അല്ലെങ്കിൽ ഓരോ വ്യക്തിയും അത് എങ്ങനെ ചെയ്യുന്നു എന്നുള്ളത് സമൂഹത്തിനിടയിൽ ചർച്ചയാക്കപ്പെടുന്ന ഒരു പ്രധാനപ്പെട്ട വിഷയം തന്നെയാണ്. നാം സമൂഹത്തിനിടയിൽ പലതരത്തിലുമുള്ള ആശയങ്ങൾ പങ്കുവെക്കുകയും അതുപോലെതന്നെ അത് ചർച്ചക്ക് കൊണ്ടുവരുകയും ചെയ്യുന്നവരാണ്.

എന്നാൽ ഒരു വിഷയം അല്ലെങ്കിൽ ഒരു ആശയം മറ്റുള്ളവരിലേക്ക് അല്ലെങ്കിൽ കൂടുതൽ പേരിലേക്ക് എത്തിക്കാൻ നമുക്ക് എത്തരത്തിൽ സാധിക്കും എന്നുള്ളത് നാം പരിശോധിച്ചു നോക്കുക. കുറച്ചുപേർ ഒരു വിഷയത്തെപ്പറ്റി അറിയുന്നതിനേക്കാൾ നല്ലത് കൂടുതൽ പേർ അത് അറിയുകയും അവർ അതിനെപ്പറ്റി അഭിപ്രായം പറയുക അത്തരത്തിൽ ചർച്ച മുന്നോട്ട് പോകുക എന്നുള്ളത് വളരെ പ്രാധാന്യമുള്ളതാണ്.

അങ്ങനെ ഏതെല്ലാം സംവിധാനങ്ങൾ ഇത്തരത്തിൽ എളുപ്പത്തിൽ മറ്റുള്ളവരിലേക്ക് കാര്യങ്ങൾ എത്തിച്ചുകൊടുക്കാൻ നമുക്ക് സാധിക്കും എന്നിടത്ത് സൈബർ ലോകം എന്നതിന് വളരെയേറെ പ്രാധാന്യമുണ്ട്.

സൈബർ ലോകത്തിന്റെ പുത്തൻ സാധ്യതകൾ നാം എടുത്തു പരിശോധിച്ചു നോക്കുക.



സ്മാർട്ട് ഫോണുകൾ ആയാലും ഇന്റർനെറ്റ് സൗകര്യങ്ങ
ളായാലും വ്യക്തിജീവിതത്തിനിടയിൽ അവർക്ക്
സൈബർലോകവുമായി ഇടപഴമ്പോൾ അത് എങ്ങനെ
നല്ല രീതിയിൽ ഉപയോഗിക്കാം എന്നുള്ളത് അവർ
അനുഭവിക്കേണ്ട ഒരു പ്രധാനപ്പെട്ട കാര്യം തന്നെയാണ്.
സൈബർ ലോകത്തിന്റെ പുത്തൻ സാധ്യതകൾ ചർച്ച
ചെയ്യപ്പെടുന്നത് ഇത്തരത്തിലും നല്ലതാണ്.

സാധാരണ രീതിയിൽ നാം അയക്കുന്ന മെസ്സേജുകൾ അല്ലെങ്കിൽ മറ്റു കാര്യനിർവഹണങ്ങൾ മറ്റുള്ളവരിലേക്ക് എത്രയും പെട്ടെന്ന് എത്തുകയും അതിന് പെട്ടെന്ന് തന്നെ മറുപടി ലഭിക്കുകയും ചെയ്യുക എന്നുള്ളത് വളരെയേറെ ഉപകാരപ്രദമായിട്ടുള്ള ഒന്നാണ്. പെട്ടെന്ന് തന്നെ വിഷയങ്ങൾ അപഗ്രഥിക്കുവാനും അതിനു മറുപടി നൽകുകയും ചെയ്യുന്നതിലൂടെ കാര്യങ്ങൾ എളുപ്പമാക്കുകയും മികച്ച രീതിയിൽ ഉള്ള മാറ്റങ്ങൾ സമൂഹത്തിനിടയിൽ ഉണ്ടാവുകയും ചെയ്യുന്നു.

ഒരിക്കൽ നാം ഒരു വിഷയത്തെപ്പറ്റി പഠിക്കാൻ ശ്രമിക്കുമ്പോൾ അത് പതുക്കെയാണ് എങ്കിൽ നമുക്ക് കൂടുതൽ സമയം നഷ്ടമാവുകയാണ് ചെയ്യുന്നത്. എന്നാൽ സൈബർ ലോകത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുമ്പോൾ ഞൊടിയിടയിൽ തന്നെ നമുക്ക് സമൂഹത്തിന്റെ പല ദിക്കിലും ഉള്ള വിഷയങ്ങൾ പഠിക്കുവാനും അത് ചർച്ച ചെയ്യുവാനും സാധിക്കുന്നു. ലോകത്തിന്റെ നാനാ ദിക്കിലേക്കും സൈബർ എന്നൊരു ലോകത്തിന് വളരെയേറെ പ്രാധാന്യമുണ്ട്. കാരണം വികസിത രാജ്യങ്ങളിലായാലും മറ്റും സൈബർ ലോകങ്ങളുടെ പലതരത്തിലുമുള്ള നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. അവരുടെ പ്രോഡക്ടുകൾ ആയാലും മറ്റും വിപണിയിൽ പരിചയപ്പെടുത്തുന്നതിനും അതും വഴി സാമ്പത്തിക നേട്ടം ഉണ്ടാക്കാനും സൈബർ ലോകം ഉപകരിക്കുന്നുണ്ട്. അപ്പോൾ സൈബർ ലോകത്തിന്റെ പുത്തൻ സാധ്യതകൾ എങ്ങനെ ഉപയോഗപ്പെടുത്തുക എന്നുള്ളതാണ്.

ഓരോ വിദ്യാർത്ഥികൾക്കിടയിലും അല്ലെങ്കിൽ ഓരോ വിഭാഗത്തിനിടയിലും ഇത്തരത്തിലുള്ള സൈബർ സംവിധാനങ്ങളുടെ ഉപകരണങ്ങൾ എത്തപ്പെടുകയാണെങ്കിൽ അതുവഴി അവരുടെ വിദ്യാഭ്യാസ നേട്ടങ്ങൾ ഇരട്ടിക്കുകയും സമൂഹത്തിന് അത് മാറ്റങ്ങൾ സൃഷ്ടിക്കാൻ ഉതകുന്ന രീതിയിൽ പ്രവർത്തനങ്ങൾ മുന്നോട്ടുപോവുകയും ചെയ്യുന്നു. സ്മാർട്ട് ഫോണുകൾ ആയാലും ഇന്റർനെറ്റ് സൗകര്യങ്ങളായാലും വ്യക്തിജീവിതത്തിനിടയിൽ അവർക്ക് സൈബർലോകവുമായി ഇടപഴകുമ്പോൾ അത് എങ്ങനെ നല്ല രീതിയിൽ ഉപയോഗിക്കാം എന്നുള്ളത് അവർ അനുഭവിക്കേണ്ട ഒരു പ്രധാനപ്പെട്ട കാര്യം തന്നെയാണ്. സൈബർ ലോകത്തിന്റെ പുത്തൻ സാധ്യതകൾ ചർച്ച ചെയ്യപ്പെടുന്നത് ഇത്തരത്തിലും നല്ലതാണ്.

പഠിക്കാൻ ഒരുപാട് വിഷയം ഉണ്ടാകുമ്പോൾ അത് പരമാവധി ചുരുങ്ങിയ രൂപത്തിൽ ശേഖരിച്ചു വെക്കാനും മറ്റുള്ളവരിലേക്ക് കൃത്യമായി എത്തിക്കുവാനും സൈബർ ലോകത്തിന്റെ പുത്തൻ സാധ്യതകൾ വളരെയേറെ നല്ല രീതിയിൽ എന്നും ഉപയോഗിക്കപ്പെടുന്നുണ്ട്.

അത്തരത്തിൽ ഇനിയും പുതിയ പുതിയ സംവിധാനങ്ങൾ സമൂഹത്തിനിടയിൽ വളർന്നുവരുന്നത് നമുക്ക് കാണാവുന്നതാണ്.

വിവരവിനിമയ സാങ്കേതികവിദ്യയുടെ പുതിയ നേട്ടങ്ങൾ ഇനിയും ഉണ്ടാവട്ടെ, അത് വിദ്യാർത്ഥികൾക്കു ഉപകാരപ്പെടട്ടെ.

# ക്യാംപസ് മഴയത്ത്

MUSTHAFA MANNAARKKAD

**വ**ർഷം 2020, മാർച്ച് മാസം. കൊറോണ മഹാവ്യാധിയെ തുടർന്ന് സംസ്ഥാനം അടച്ചുപൂട്ടാൻ തീരുമാനിച്ചതിന്റെ പിറ്റേ ദിവസം അതിരാവിലെ കുടുംബത്തെയും കൂട്ടി അയാൾ നാട്ടിലേക്ക് തിരിച്ചു. തൊട്ടടുത്ത ദിവസം പ്രധാനമന്ത്രിയുടെ അറിയിപ്പുണ്ടായി, രോഗവ്യാപനം തടയാൻ സാമൂഹിക അകലം പാലിക്കണം. ജനങ്ങളെല്ലാം 21 ദിവസം വീടിനകത്തു തന്നെ കഴിഞ്ഞു കൂടണം, ദൂര യാത്ര കഴിഞ്ഞ് വന്നവർ ക്വാരന്റെയ് നിൽ കഴിയണം, പുറത്തിറങ്ങരുത്. അതോടെ നാട് മുഴുവൻ വീട്ടുതടങ്കലിലായി. ആരും പുറത്തിറങ്ങാൻ ധൈര്യം കാണിച്ചില്ല. വീട്ടിൽ അടച്ചിട്ടിരുന്ന അയാൾ നേരമ്പോക്കിനുള്ള മാർഗ്ഗങ്ങൾ അന്വേഷിച്ചുകൊണ്ടിരുന്നു. വളരെ വൈകി മാത്രം എഴുന്നേറ്റു, ഉറക്കത്തി ന്റെ ദൈർഘ്യം കൂട്ടിയും പുസ്തകങ്ങളും മാഗസിനും പത്രങ്ങളും വായിച്ചും, കുട്ടികളുടെ കൂടെ കളിച്ചും സമയം തള്ളിനീക്കാൻ ശ്രമിച്ചു. ആദ്യദിനങ്ങളിൽ വാട്സ്ആപ്പ്, ഫെയ്സ്ബുക്ക്, യൂട്യൂബ് എല്ലാം പരതികൊണ്ടിരുന്നു. പിന്നെ പിന്നെ അതും വിരസമായി. അങ്ങനെയിരിക്കെയാണ് അടുക്കള ഭാഗത്ത് നിന്നും ഒരു അശരീരി കേൾക്കുന്നത്: 'ആ പുസ്തകങ്ങൾ ഒക്കെ എടുത്ത് ഒന്ന് അടുക്കി ഒതുക്കി വച്ചു കൂടെ.... വെറുതെ സമയം കളയാതെ....'.

ആശയം കൊള്ളാം എന്ന് അയാൾക്ക് തോന്നി. കുറെ നാളായി ഹോം ലൈബ്രറി ശ്രദ്ധിക്കാറേയില്ല. ദൂരെ സ്ഥലത്ത് ജോലി കിട്ടി താമസം മാറിയതിൽ പിന്നെ വല്ലപ്പോഴുമേ നാട്ടിൽ വരാറുള്ളൂ. അതുതന്നെ ഒന്നോ രണ്ടോ ദിവസത്തേക്ക് മാത്രം. ആ സമയങ്ങളിൽ ലൈബ്രറിയിലേക്ക് ഒന്നും ശ്രദ്ധിക്കാൻ മെനക്കെടാറില്ല. പുസ്തകങ്ങളെല്ലാം പൊടി പിടിക്കാൻ തുടങ്ങിയിരിക്കുന്നു. ചിലന്തിയും വണ്ടും പാറ്റയും കൂടു വെച്ചിരിക്കുന്നു. സ്ഥിര താമസം ഉറപ്പിച്ച പല്ലികളുടെ മുത്തു പോലുള്ള മുട്ടകൾ കൂടി കിടക്കുന്നു. ചിലതെല്ലാം തോട് പൊട്ടി പൊളിഞ്ഞു കിടപ്പുണ്ട്. മുട്ടവിരിഞ്ഞ് കുഞ്ഞുങ്ങൾ പുറത്ത് പോയതായിരിക്കാം.

പുസ്തകങ്ങളെല്ലാം സ്ഥാനം മാറി കിടക്കുന്നതാണ് അയാളെ കൂടുതൽ അസ്വസ്ഥനാക്കിയത്. മതവും സാഹിത്യവും രാഷ്ട്രീയവും എല്ലാം കൂടിക്കുഴഞ്ഞു കിടക്കുന്നു. 'ഇന്ദുലേഖ'യും 'ശിങ്കിടിമുങ്ക'നും അപ്രത്യക്ഷമായിരിക്കുന്നു. 'ഓഷോ'യും 'ബൈബിളും' ഒരിടത്ത് ചേർന്നിരിക്കുന്നു. 'ഖുർആൻ ലളിതസാര'ത്തിനു മുകളിൽ 'ഡ്രാക്കുള'....! പുസ്തകങ്ങൾ ഓരോന്നോരോന്നായി എടുത്ത് പൊടിതട്ടി വൃത്തിയാക്കി മറിച്ചുനോക്കി ശ്രദ്ധയോടെ തരം തിരിക്കുകയായിരുന്നു. അതിനിടയിൽ കുറെ പഴയ ഡയറികൾ കയ്യിൽ കിട്ടി. കുത്തും കോമയും ഇല്ലാത്ത കുറെ ദിനസരിക്കുറിപ്പുകൾ ആണ്. പലതിനും പതിറ്റാണ്ടുകൾ പഴക്കമുണ്ട്. മറിച്ചു നോക്കിയപ്പോൾ വായിക്കാൻ രസം തോന്നി. ലിവിങ് റൂമിൽ ചെന്ന് സോഫയിൽ ചാരിയിരുന്ന് ഡയറികൾ ഓരോന്നായി മറിച്ചു നോക്കാൻ തുടങ്ങി. ഏഷ്യൻ പെയിന്റിന്റെ മനോ

ഹരമായ പുറം ചട്ടയുള്ള ഡയറി കയ്യിൽ തടഞ്ഞു, വർഷം 1999.

പേജുകൾ എല്ലാം വൃത്തിയായി തന്നെ ഇരിക്കുന്നു. താളുകൾ നിറയെ വിലാസങ്ങൾ ആണ്. പത്താംക്ലാസ്, പ്രീഡിഗ്രി, കോളേജ് മേറ്റ്സ്, യൂണിവേഴ്സിറ്റി ക്യാമ്പസ്, എൻ എസ് എസ് ക്യാമ്പ്, വിവിധ നേതൃ പരിശീലന ക്യാമ്പുകൾ അങ്ങനെ കൂടെ പഠിച്ചവരും പരിചയപ്പെട്ടവരുമായ കുറെ ആളുകളുടെ വിലാസങ്ങൾ. യൂണിവേഴ്സിറ്റി ക്യാമ്പസ് പേജിന്റെ അവസാനത്തിൽ എത്തിയപ്പോൾ ആണ് ആ പേരും അഡ്രസ്സും കണ്ണിൽ കുരുങ്ങിയത് .

.................

ഹൗസ് നമ്പർ 3/17,
വലിയപറമ്പ് പി. ഓ.
കൊടുവള്ളി,
കോഴിക്കോട് പിൻ - 6 7 3 5 7 2

എത്ര ഓർത്തെടുക്കാൻ ശ്രമിച്ചിട്ടും ആ മുഖം മാത്രം മനസ്സിലേക്ക് വരുന്നില്ല. അയാൾ ക്യാമ്പസിലേക്ക് തിരിച്ചുപോയി. രാമനാട്ടുകരയിൽ നിന്നും തൃശൂർ ബസ്സിൽ കയറി തേഞ്ഞിപ്പലം സ്റ്റോപ്പിൽ ഇറങ്ങി. റോഡിന്റെ ഓരം ചേർന്ന് ക്യാമ്പസിലേക്ക് നടന്നു. യൂണിവേഴ്സിറ്റിയുടെ പ്രധാനകവാടം കടന്നപ്പോൾ അയാൾ ചെറുപ്പമായി. കൃത്യമായി പറഞ്ഞാൽ 20 വയസ്സ് കുറവ്. റോഡിന്റെ വലതുവശം ചേർന്ന് നടന്നു. റോഡിനപ്പുറം കാടാണ്, കൊടും കാട്. അതിനിടയിലാണ് യൂണിവേഴ്സിറ്റി ഹെൽത്ത് സെന്റർ. മുന്നോട്ടുവെക്കുന്ന ഓരോ കാലടി കൾക്കും ഓരോ യുഗത്തിന്റെ ദൈർഘ്യമുണ്ട് എന്ന് അവനു തോന്നി.

വിരസമായ തിയറി ക്ലാസ്സുകളിൽ നിന്നും മുക്തി നേടാനാണ് ജനസേവനത്തിന് ഇറങ്ങിയ




ത്. വിവിധ ആവശ്യങ്ങൾക്കായി നൂറുകണക്കിന് വിദ്യാർഥികളും രക്ഷിതാക്കളും ആണ് ഓരോ ദിവസവും യൂണിവേഴ്സിറ്റിയിൽ എത്തുന്നത്. പരീക്ഷ, റീവാലുവേഷൻ, മാർക്ക് ലിസ്റ്റ്, രജിസ്ട്രേഷൻ, മൈഗ്രേഷൻ, ഈക്വലൻസി അങ്ങനെ പോകുന്നു വിവിധങ്ങളായ ആവശ്യങ്ങൾ. ആദ്യമായി ക്യാമ്പസിൽ എത്തുന്നവർക്ക് ഇതേക്കുറിച്ച് കാര്യമായ അറിവുണ്ടാകില്ല. അത്തരക്കാർക്ക് വേണ്ട സഹായ സൗകര്യങ്ങൾ ചെയ്തു കൊടുക്കുക എന്നതാണ് അവർ ചെയ്യുന്ന മഹത്തായ സേവനം. പരീക്ഷാഭവന് അടുത്തുള്ള എൻക്വയറി കൗണ്ടറിനു മുന്നിൽ ചുറ്റിക്കറങ്ങുകയാണ് പതിവ്. അവിടെയാകുമ്പോൾ വേഗത്തിൽ ഇരപിടിക്കാം.

കൗണ്ടറിൽ നിന്നും സെക്ഷൻ നമ്പർ കുറിച്ചുകൊടുത്ത ഒരു തുണ്ട് പേപ്പർ കയ്യിൽ പിടിച്ച് പുറത്തുവന്ന അവൾ ചുറ്റും നോക്കി. അന്വേഷണങ്ങൾക്കായി ക്യൂ നിൽക്കുന്നവരെയും വിവിധങ്ങളായ കടലാസുകൾ കയ്യിൽ പിടിച്ച് തിരക്കിട്ടു ഓടിനടക്കുന്ന അപരിചിതരായ കുറേ ആളുകളെയും മാത്രമേ അവൾ അവിടെ കണ്ടുള്ളു. എന്തുചെയ്യണമെന്നോ ആരോട് ചോദിക്കണം

എന്നോ അറിയാതെ കയ്യിൽ കിട്ടിയ കടലാസിലേക്ക് നോക്കി അവൾ നെടുവീർപ്പിട്ടു. നിസ്സഹായതയുടെ വേലിയേറ്റങ്ങൾ മുഖത്ത് അലയടിക്കുന്നതും അത് കണ്ണറ്റം വരെ എത്തി നിൽക്കുന്നതും ശ്രദ്ധയിൽപ്പെട്ട അവൻ അവളെ സമീപിച്ചു. ചിരപരിചിതമെന്ന പോലെ വശ്യവും സുന്ദരവുമായ ഒരു ചിരിയോടെ, ആമുഖങ്ങൾ ഒന്നും ഇല്ലാതെയാണ് അവൻ സംസാരം തുടങ്ങിയത്.

'ഏതാ സെക്ഷൻ? എന്താണ് പ്രശ്നം?' എന്ന ചോദ്യത്തോടെ അവളുടെ കൈവിരലുകൾക്കിടയിൽ

ഞെങ്ങിഞെരുങ്ങി കൊണ്ടിരുന്ന കടലാസ് തുണ്ട് അവൻ വാങ്ങി. ആശ്ചര്യത്തോടെ അവളുടെ കണ്ണുകൾ വിടർന്നു. അവളിൽ നിന്നും ആശ്വാസത്തിന്റെ നെടുവീർപ്പുകൾ ഉയർന്നു. ഫോമുകൾ വിൽക്കുന്ന കൗണ്ടറിൽ പോയി ആവശ്യമായ ഫോമുകൾ വാങ്ങിക്കൊണ്ടു വരാൻ അവൻ പറഞ്ഞു. തൊട്ടപ്പുറത്തുള്ള വാഗമര തറയിലിരുന്ന് അവർ അപേക്ഷകൾ പൂരിപ്പിക്കാൻ തുടങ്ങി. ആവശ്യമായ വിവരങ്ങൾ ചോദിച്ചറിഞ്ഞും സ്പെല്ലിങ് ഉറപ്പുവരുത്തും അവൻ തന്നെയാണ് അവൾക്കുവേണ്ടി ഫോറം പൂരിപ്പിച്ചത്. അവളുടെ മനസിലെ പിരിമുറുക്കം കുറഞ്ഞുവന്നു. സ്വതസിദ്ധമായ പെൺ മൊഴികളാൽ അവന്റെ കാതുകൾ നിറഞ്ഞൊഴുകി. പൂരിപ്പിച്ച അപേക്ഷാഫോറങ്ങളുമായി അവർ പരീക്ഷാഭവനിലേക്ക് നടന്നു. വാതിലിനരികെ കാക്കി യൂണിഫോം ഇട്ട സെക്യൂരിറ്റികൾ നിൽക്കുന്നു. തൊപ്പി വെച്ച തടിമാടന്മാരെ കണ്ടപ്പോൾ അവൾ അവനോട് ചേർന്ന് നിന്നു. പോക്കറ്റിൽ നിന്നും സ്റ്റുഡന്റ്സ് ഐഡി കാർഡ് എടുത്ത് കാണിച്ച് സെക്യൂരിറ്റി ഉദ്യോഗസ്ഥന് ഒരു ചിരിയും സമ്മാനിച്ച് അവളെയും കൂട്ടി അവൻ പരീക്ഷ ഭവനിലെ മൂന്നാം നിലയിലേക്ക് പടികൾ കയറാൻ തുടങ്ങി.

വരാന്തകളിലും വഴികളിലും ചുമരിനോട് ചേർന്ന് ഫയലുകൾ കൂട്ടിയിട്ടിരിക്കുന്നു. അകത്തു ഓരോ വിംഗിലും നൂറുകണക്കിന് ജീവനക്കാർ മേശപ്പുറത്തെ പേപ്പർ കൂമ്പാരങ്ങളിൽ തലപൂഴ്ത്തി ഇരിക്കുന്നു. ടൈപ്പ് റൈറ്ററുകൾ നിലക്കാതെ ചിലച്ചുകൊണ്ടിരിക്കുന്നു. ഉറക്കച്ചടവോടെ മുക്കിയും മൂളിയും കറങ്ങിക്കൊണ്ടിരിക്കുന്ന ഫാനുകൾക്ക് യൂണിവേഴ്സിറ്റി യോളം തന്നെ പഴക്കം തോന്നിക്കുന്നു. പിരിയൻ കോണികൾ കയറി കയറി അവർ മൂന്നാം നിലയിൽ എത്തി. അന്വേഷണ കൗണ്ടറിൽ നിന്ന് കുറിച്ചു കൊടുത്ത സെക്ഷൻ കണ്ടെത്തി. പൂരിപ്പിച്ച ഫോമുകൾ ഓഫീസറെ കാണിച്ചു.

'കുറച്ചു സമയമെടുക്കും പുറത്ത് വെയിറ്റ് ചെയ്തോളൂ' എന്ന് മാത്രം പറഞ്ഞു അയാൾ.

'എത്ര മണിക്ക് വരണം, സാർ' എന്ന് ചോദിച്ചത് അവനായിരുന്നു. ഒന്ന് ആലോചിച്ചതിനു ശേഷം ഓഫീസർ പറഞ്ഞു: 'മൂന്ന് മണിക്ക് ശേഷം...., നാല് നാലുമണിക്ക് വന്നോളൂ'.

പരീക്ഷാ ഭവനിൽ നിന്നും ഇറങ്ങുമ്പോൾ അവൾ എന്തൊക്കെയോ നിർത്താതെ പറയുകയും ചിരിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. സമയം ഉച്ചയോടു അടുക്കുന്നതേയുള്ളൂ. മൂന്ന് നാല് മണിക്കൂർ സമയം ഉണ്ട് . ഇനി എന്ത് ചെയ്യും.

'നീ ക്യാമ്പസ് കണ്ടിട്ടുണ്ടോ?' അവൻ ചോദിച്ചു.

'ഇല്ല കാണിക്കാമോ?'

'വരൂ, നമുക്ക് നടക്കാം'.

ആ നടത്തം അവൾക്ക് വലിയ ആശ്വാസമായി തോന്നി. പരീക്ഷാ ഭവനിൽ നിന്നും ഇറങ്ങി അവർ വലത്തോട്ടു നടന്നു. ക്യാമ്പസിലെ പ്രധാന വീഥിയുടെ അരിക് ചേർന്ന് നടപ്പാതയിലൂടെ മുന്നോട്ട് നടന്നു. അവർ യൂണിവേഴ്സിറ്റി പാർക്കിന് അടുത്തെത്തി. ഒരു നിമിഷം നടത്തം നിർത്തി അവൻ കൈ ചൂണ്ടി കാണിച്ചു കൊണ്ട് തെല്ല് അഭിമാനത്തോടെ പറഞ്ഞു 'ഇത് ഞങ്ങളുടെ പാർക്ക് . ഈ വർഷം ഉദ്ഘാടനം കഴിഞ്ഞതേയുള്ളൂ. വൈസ് ചാൻസലർ കുറുപ്പ് സാർ പ്രത്യേകം താൽപര്യമെടുത്ത് പണിയിച്ചതാണ്. ചെടികളും പൂക്കളും ഒക്കെ മനോഹരമായി നട്ടുപിടിപ്പിച്ചിട്ടുണ്ട്. ഘട്ടം ഘട്ടമായിട്ടാണ് പാർക്ക് വികസിപ്പിക്കുന്നത്. ഞങ്ങൾ ക്യാമ്പസ് ജീവികൾക്ക് വലിയൊരു ആശ്വാസം ആണിത് '. അവൾ ആശ്ചര്യത്തോടെ പാർക്കിലേക്ക് തന്നെ നോക്കിക്കൊണ്ട് നടന്നു. യൂണിവേഴ്സിറ്റി സർക്കിളും അതിനപ്പുറത്തെ കൂറ്റൻ സെന്റർ ലൈബ്രറിയും കാണിച്ചുകൊടുത്തു. 'ഇത്രയും വലിയ ലൈബ്രറിയോ' അവൾ അത്ഭുതംകൂറി. സർക്കിളിന്റെ സിമന്റ് തറയിൽ പുല്ലാണി തണലിൽ അവർ ഇത്തിരി നേരം ഇരുന്നു. ഒരുപാട് കാലത്തെ പരിചയം ഉള്ളതുപോലെ ആയിരുന്നു അവരുടെ സംസാരവും അടക്കം പറച്ചിലും .

അടുത്തുള്ള ക്യാന്റീനിൽ കയറി 15 രൂപ വിലയുള്ള രണ്ട് സ്റ്റുഡന്റ് കൂപ്പൺ വാങ്ങി. ഊണിന് ഉള്ളതാണ്. മാർബിൾ ടോപ്പ് ഉള്ള ടേബിളിന് അപ്പുറവും ഇപ്പുറവും ഇരുന്ന് ഊണ് കഴിക്കാൻ തുടങ്ങി. സാധാരണത്തേതിൽ നിന്നും വ്യത്യസ്തമായി ഒരു പ്രത്യേക സ്വാദ് സാമ്പാറിനും മീൻകറിക്കും. പതിവില്ലാത്തവിധം അവൻ വീണ്ടും ചോറ് ചോദിച്ചു വാങ്ങി കഴിച്ചു. പുറത്തിറങ്ങി നടക്കാൻ തുടങ്ങി. കെമിസ്ട്രി, ഫിസിക്സ് ഡിപ്പാർട്ട്മെന്റ്കൾ



കടന്ന് ബൊട്ടാണിക്കൽ ഗാർഡൻ
വരെ പോയി തിരികെ നടന്നു.
താൻ പഠിച്ച സ്കൂളും ജനിച്ച
നാടും നാട്ടുരസങ്ങളും കോളേജി
ലെ കൂട്ടുകാരും ഒക്കെ അവളുടെ
സംസാരത്തിൽ കുത്തിയൊലിച്ചു
വരുന്നുണ്ടായിരുന്നു. കുടയില്ലാ
തെ പുറത്തിറങ്ങിയവന്റെ തല
യിൽ വേനൽമഴ പെയ്തിറങ്ങി
യത് പോലെയാണ് അവന് ആ
സംസാരം അനുഭവപ്പെട്ടത്.

'രണ്ടുമണിക്ക് എനിക്കൊരു
പ്രാക്ടിക്കൽ ക്ലാസ് ഉണ്ട്' അവൻ
പറഞ്ഞു. 'എച്ച് ഓ. ഡി യുടെ
ക്ലാസ്സാ. ആള് ഭയങ്കര സ്ടിക് ടാ,
ക്ലാസിൽ കയറാതിരുന്നാൽ പ്രശ്
നമാവും. ഒരു മണിക്കൂർ കഴിഞ്ഞ്
ഞാൻ വരും. അതുവരെ നീ ലൈ
ബ്രറിയിൽ ഇരുന്ന് പത്രം വായി
ക്ക്.'

അവൻ പ്രതീക്ഷിച്ച ഞെട്ടലോ
നിരാശയോ അവളിൽ ഉണ്ടാ
യില്ല. 'ശരി, ഒ.ക്കെ' എന്ന് മാത്രം
പറഞ്ഞ് അവൻ കാണിച്ചു കൊ
ടുത്ത വഴിയിലൂടെ അവൾ ലൈ
ബ്രറിയിലേക്ക് നടന്നു. ചറപറ
പെയ്തുകൊണ്ടിരുന്ന ആ മഴ
തോർന്നു.

പരീക്ഷാ ഭവനിൽ നിന്നും സർ
ട്ടിഫിക്കറ്റ് കൈപ്പറ്റി അവർ ബസ്
സ്റ്റോപ്പിലേക്ക് നടന്നു. ആദ്യം
വന്ന ബസ്സിൽ തിരക്കായതിനാ
ലും രണ്ടാമത്തേത് കെഎസ്ആർ
ടിസി ആയതിനാലും അവൾ
കയറിയില്ല. ഇടതടവില്ലാതെ ഒഴു
കുന്ന അവളുടെ സംസാരം ഒരു
കൗതുകത്തോടെ അവൻ കേട്ടു
കൊണ്ടിരുന്നു.

ആഴ്ചകൾക്കുശേഷം ഓഫീസി
ലെ അറ്റൻഡർ ഒരു കത്തുമായി
അവനെ തേടി വന്നു. ഫ്രം അഡ്ര
സ്സിന്റെ ഭാഗത്ത് ഒരു കയ്യൊപ്പ് മാ
ത്രമേയുള്ളൂ. പേരോ വിലാസമോ
ഇല്ല. ആകാംക്ഷയോടെ കത്തു
തുറന്നു വായിച്ചു.
'അടുത്തയാഴ്ച ഞാനും എന്റെ
കൂട്ടുകാരിയും യൂണിവേഴ്സി
റ്റിയിൽ വരുന്നുണ്ട്, കാണണം.
ഞാൻ നിങ്ങളുടെ ഡിപ്പാർട്ട്
മെന്റിൽ വരാം'.

പടിഞ്ഞാറ് നിന്നും ഒഴുകിയെ
ത്തിയ ഒരു കാർമേഘം പുതു
മഴയായി പെയ്തിറങ്ങി അവന്റെ
ഉള്ള നനച്ച് കുളിരണിയിച്ചു. മൂർ
ദ്ധാവിൽ പെയ്ത ഒരു മഴത്തുള്ളി
ഒലിച്ചിറങ്ങി മൂക്കിൻ തുമ്പിൽ നി

ന്ന് വിറച്ചു. ആ പളുങ്കു തുള്ളിയിൽ ഒരു പുഞ്ചിരി മിന്നിത്തിളങ്ങുന്നത് അവൻ കണ്ടു.

പിന്നീട് ഒരിക്കൽ കൂടി അവൾ ക്യാമ്പസിൽ വന്നു. അത് അവനെ കാണാൻ വേണ്ടി മാത്രം ആയിരുന്നു. അവന്റെ ക്ലാസുകൾ തീരാറായ സമയമായിരുന്നു അത്. കുറെ സംസാരിച്ചു, ഭക്ഷണം കഴിച്ചു. യൂണിവേഴ്സിറ്റി പാർക്കിലെ മഹാഗണി മരത്തണലിലും ലൈബ്രറി വരാന്തയിലും സമയം ചെലവഴിച്ചു. വൈകുന്നേരം ആവുകയും സൂര്യവെയിൽ ക്ഷീണിക്കാൻ തുടങ്ങുകയും ചെയ്തപ്പോൾ അവർ നടക്കാനിറങ്ങി. ലാംഗ്വേജ് ബ്ലോക്കും പ്ലാനറ്റോറിയം കടന്ന് ലേഡീസ് ഹോസ്റ്റലിന്റെ മുന്നിലൂടെ റോഡ് മുറിച്ചു കടന്ന് അവർ ബ്യൂട്ടി സ്പോട്ടിൽ എത്തി. തലമുറകളായി ക്യാമ്പസിൽ എത്തുന്ന ഓരോ വിദ്യാർത്ഥിയും നെഞ്ചോടു ചേർത്തു വയ്ക്കുന്ന ഒരിടം . രാഷ്ട്രീയവും തത്വശാസ്ത്രവും സാഹിത്യവും കലയും ഒക്കെ ഗൗരവത്തോടെ ചർച്ചയ്ക്ക് വെയ്ക്കുന്ന ഓപ്പൺ സ്പേസ് . വൈകുന്നേരങ്ങളിൽ ഏറ്റവും മനോഹരമായി പ്രണയവും സൗഹൃദവും സ്നേഹവും പൂത്തുനിൽക്കുന്ന ക്യാമ്പസ് താഴ്‌വര. ബ്യൂട്ടി സ്പോട്ട്ലെ പ്രണയ താഴ്‌വരയിൽ അവർ കുളിർകാറ്റു കൊണ്ടിരുന്നു. പടിഞ്ഞാറെ മാനത്ത് കുങ്കുമം വിതറുകയും രാകുയിലുകൾ പാടാൻ തുടങ്ങുകയും ചെയ്തപ്പോൾ അവർ തിരികെ നടന്നു.

ക്യാമ്പസിലെ പഠനവും നല്ല നാളുകളും കഴിഞ്ഞുപോയി. ജോലി അന്വേഷിച്ച് പലസ്ഥലങ്ങളിലും സ്ഥാപനങ്ങളിലും ഇന്റർവ്യൂ അറ്റൻഡ് ചെയ്തു. അലച്ചിലുകൾക്ക് ഒടുവിൽ വീട്ടിൽനിന്നും കുറെ ദൂരെ ഒരിടത്ത് ജോലികിട്ടി. ചെറുതെങ്കിലും അതൊരു ആശ്വാസമായിരുന്നു. വൈകാതെ ഉപരിപഠനത്തിന് പോകണം എന്ന് ആഗ്രഹിച്ചതാണെങ്കിലും ജോലിയിൽ കുറേക്കാലം തുടരേണ്ടി വന്നു. അങ്ങനെയിരിക്കെ ഒരിക്കൽ വീട്ടിലെത്തിയപ്പോൾ ഒരു ഇളം നീല ഇൻലാന്റ് ലെറ്റർ അവനെ കാത്ത് മേശപ്പുറത്ത് ഇരിക്കുന്നു.

'131 ആച ബിഎസ്എഫ്,<br>സീമാ നഗർ പി ഒ.,<br>നായ്ഡ ജില്ല,<br>വെസ്റ്റ് ബംഗാൾ, പിൻ: 7 4 1 16 6' എന്ന വിലാസത്തിൽ നിന്നാണ് കത്ത് വന്നിരിക്കുന്നത്. ഒരുപാട് കാലത്തിനു ശേഷം, മറവിയുടെ മാറാലകൾ ഓർമകളെ മറക്കാൻ തുടങ്ങിയപ്പോഴാണ് വീണ്ടും അവളുടെ കത്ത് വന്നിരിക്കുന്നത്. ബിഎസ്എഫിൽ വോളിബോൾ താരമായിരുന്നു അവളുടെ ഭർത്താവ്. രാജ്യത്തിന്റെ പലഭാഗങ്ങളിലും താമസിച്ച് ഇപ്പോൾ ബംഗാളിൽ എത്തിയിരിക്കുന്നു. ആ കത്ത് ഒരുപാട് തവണ ആവർത്തിച്ചു വായിച്ചിട്ടുണ്ട്. അറ്റുപോയ ആ സൗഹൃദം വീണ്ടും കൂടുതൽ ഊഷ്മളമായി. മാസത്തിലൊരിക്കലെങ്കിലും അവളുടെ കത്തുകൾ വന്നുകൊണ്ടിരുന്നു. ജോലിത്തിരക്കിനിടയിലും എല്ലാറ്റിനും കൃത്യമായി അവൻ മറുപടി കൊടുത്തു കൊണ്ടിരുന്നു. പിന്നീട് എപ്പോഴോ . ആ മഴ മുറിഞ്ഞു. അഡ്രസ്സ് ഡയറി മടക്കി അയാൾ പുസ്തക ഷെൽഫിൽ തിരികെ കൊണ്ടുവച്ചു. എത്ര ശ്രമിച്ചിട്ടും ഓർത്തെടുക്കാൻ കഴിയാത്ത ആ മുഖത്തിന് വേണ്ടിയുള്ള ആലോചന അയാളെ അസ്വസ്ഥനാക്കി. അമൂല്യമായ എന്തോ നഷ്ടപ്പെട്ട ദുഃഖത്തിൽ ഗാഢമായ ചിന്തയിൽ ഉഴറി നടക്കവേ, ഒരു വിളിയാളം അയാളുടെ കാതുകളിൽ വന്ന് പതിച്ചു.

'ഊൺ എടുത്തു വെച്ചിരിക്കുന്നു കഴിക്കാൻ വരൂ'.

രാഷ്ട്രീയവും തത്വശാസ്ത്രവും സാഹിത്യവും കലയും ഒക്കെ ഗൗരവത്തോടെ ചർച്ചയ്ക്ക് വെയ്ക്കുന്ന ഓപ്പൺ സ്പേസ്. വൈകുന്നേരങ്ങളിൽ ഏറ്റവും മനോഹരമായി പ്രണയവും സൗഹൃദവും സ്നേഹവും പൂത്തുനിൽക്കുന്ന ക്യാമ്പസ് താഴ്‌വര. ബ്യൂട്ടി സ്പോട്ട്ലെ പ്രണയ താഴ്‌വരയിൽ അവർ കുളിർകാറ്റു കൊണ്ടിരുന്നു. പടിഞ്ഞാറെ മാനത്ത് കുങ്കുമം വിതറുകയും രാകുയിലുകൾ പാടാൻ തുടങ്ങുകയും ചെയ്തപ്പോൾ അവർ തിരികെ നടന്നു.

# വിദ്യാർത്ഥികളും വികസന കാഴ്ച്ചപാടും

IBRAHIM BADHUSHA
S4 BCOM CA



**ഒ**രു നാട് എന്ന് പറയുമ്പോൾ നാം എല്ലാവരും ഒരുപോലെ ആഗ്രഹിക്കുന്ന ഒന്നാണ് നാടിന്റെ പുരോഗതി എന്നുള്ളത്. ഓരോ നാടിനും അതിന്റേതായ പ്രത്യേകതകളുമുണ്ട്. ഒരു നാടിനെ പരിഗണിക്കുമ്പോൾ അവിടത്തെ വികസനം എന്ന് പറയുമ്പോൾ ഏറ്റവും താഴെ തട്ടിൽ നിൽക്കുന്ന ജനങ്ങളെയും കൂടി പരിഗണിച്ച് ആയിരിക്കണം അവിടുത്തെ വികസനം.

അതുപോലെതന്നെ സമൂഹത്തിൽ ഏറ്റവും പ്രസക്തമായ ഒരു വിഭാഗമാണ് വിദ്യാർത്ഥികൾ. വളരെ ആഴത്തിൽ ചിന്തിക്കുകയും സമൂഹത്തെ നല്ല രീതിയിൽ മുന്നോട്ടു കൊണ്ടുപോകുവാൻ ശ്രമിക്കുകയും ചെയ്യുന്ന ഒരു വിഭാഗമാണ് വിദ്യാർത്ഥികൾ. പഠിച്ചു വളർന്നു വരുന്ന യുവതലമുറ എന്ന നിലയ്ക്ക് പല വിഷയങ്ങളിലും അവരുടെ നിലപാടുകളും കാഴ്ചപ്പാടുകളും വളരെയധികം നിർണായകമാണ്. മികച്ച സൗകര്യങ്ങളോട് കൂടെ പഠിക്കുക വളരുക എന്നുള്ളത് ഏതൊരു വിദ്യാർഥിയുടെയും ആഗ്രഹം തന്നെയാണ്. തീർച്ചയായും നാട്ടിലെ കാര്യങ്ങളിൽ കൃത്യമായി ഇടപെടുക എന്നുള്ളത് ഓരോ പൗരന്റേയും ധർമ്മമാണ് . അതുപോലെതന്നെ മികച്ച സൗകര്യങ്ങളോടെ പഠിക്കുക വളരുക എന്നുള്ളത് ഏതൊരു വിദ്യാർഥിയുടെയും നല്ലോ

രു സ്വപ്നം തന്നെയാണ്. ഒരു നാട്ടിൽ വികസനം വരുമ്പോൾ അവിടുത്തെ എല്ലാ വിധ ജനങ്ങളെയും പരിഗണിക്കുന്നു എന്ന നിലക്ക് എടുക്കുമ്പോൾ വിദ്യാർത്ഥികളും അതിന്റെ തായ് മാറ്റങ്ങൾ ആഗ്രഹിക്കുന്നുണ്ട്. പണ്ടത്തെ സൗകര്യങ്ങളിൽ നിന്നും ഇന്ന് ഒരുപാട് സൗകര്യങ്ങൾ വിദ്യാർത്ഥികൾക്ക് ലഭിക്കുക എന്നുള്ളതും വളരെ നല്ലൊരു കാര്യം തന്നെയാണ്. അത്തരത്തിൽ വികസത്തിന്റെ കാഴ്ചപ്പാടുകൾ മുന്നോട്ടു വെക്കുമ്പോൾ വിദ്യാർഥികളും അതിന്റേതായ നിലക്ക് മുന്നോട്ടു പോകുന്നുണ്ട്. ഒരു വികസനം എന്നു പറയുമ്പോൾ മെച്ചപ്പെട്ട സൗകര്യങ്ങൾ സമൂഹത്തിനിടയിൽ കൊണ്ടുവരികയും അത് അതിന്റേതായ രീതിയിൽ ഉപയോഗിക്കാൻ സാധിക്കുകയും ചെയ്യുക എന്നുള്ളതാണ് മികച്ച രീതി.

വിദ്യാഭ്യാസം എന്നുള്ളത് എങ്ങനെ ഒരു സമൂഹത്തെ മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടുപോകുവാൻ സാധിക്കും എന്നുള്ളതിന് മികച്ച ഒരു പ്രക്രിയയാണ്. അതുകൊണ്ടുതന്നെ വിദ്യാർഥികൾ അതിൽ ഒരു പ്രധാന ഘടകമാണ്.
അതുകൊണ്ടുതന്നെയാണ് വിദ്യാർഥികളും വികസന കാഴ്ചപ്പാടും എന്ന വിഷയത്തിന് ഇത്രയേറെ പ്രസക്തിയേറുന്നത്.
വികസന പ്രക്രിയയിലൂടെ മികച്ച വിദ്യാഭ്യാസരീതികൾ വിദ്യാർഥികൾക്കിടയിലേക്ക് എത്തുന്നത് വിദ്യാർഥികൾക്കിടയിൽ നല്ല രീതിയിൽ മാറ്റങ്ങൾ ഉണ്ടാകും. അതിന് ഏറ്റവും നല്ല ഉദാഹരണമാണ് ഡിജിറ്റൽ വിദ്യാഭ്യാസം. തീർച്ചയായും ഇത്തരം വിദ്യാഭ്യാസ രീതികളിലൂടെ വിദ്യാർഥികൾക്കിടയിൽ ഒരുപാട് തരത്തിലുള്ള ആശങ്കകൾ പരിഹരിക്കാൻ സാധിക്കുന്നതാണ്. പ

വിദ്യാർത്ഥികൾ അവരുടെ വികസന കാഴ്ചപ്പാടുകളും
ആശയങ്ങളും മുന്നോട്ടു വയ്ക്കേണ്ടത് മികച്ച ഒരു
സമൂഹത്തെ മുന്നോട്ടു കൊണ്ടുവരാൻ വേണ്ടിയാണ്.
വിദ്യാർഥികൾ മുഖ്യഘടകം ആയതുകൊണ്ടുതന്നെ
വികസനത്തിനും അതിന്റെ മറ്റ് കാഴ്ചപ്പാടുകളിലും
വിദ്യാർത്ഥികൾക്ക് വളരെയധികം പ്രാധാന്യമുണ്ട്.

റന രീതിയിലുള്ള മാറ്റങ്ങൾ സംഭവിക്കുകയും അതിലൂടെ വിദ്യാർത്ഥികൾക്കിടയിൽ നല്ലൊരു മാറ്റം കൊണ്ടുവരാൻ സാധിക്കുകയും ചെയ്യും. എപ്പോഴും വേണ്ടത് വികസനത്തിലൂടെ അനിവാര്യമായ മാറ്റം തന്നെയാണ്.

വിദ്യാർത്ഥികൾ അവരുടെ വികസന കാഴ്ചപ്പാടുകളും ആശയങ്ങളും മുന്നോട്ടു വയ്ക്കേണ്ടത് മികച്ച ഒരു സമൂഹത്തെ മുന്നോട്ടു കൊണ്ടുവരാൻ വേണ്ടിയാണ്. വിദ്യാർഥികൾ മുഖ്യഘടകം ആയതുകൊണ്ടുതന്നെ വികസനത്തിനും അതിന്റെ മറ്റ് കാഴ്ചപ്പാടുകളിലും വിദ്യാർത്ഥികൾക്ക് വളരെയധികം പ്രാധാന്യമുണ്ട്. വികസനപ്രക്രിയയിൽ വിദ്യാർത്ഥികളുടെ കാഴ്ചപ്പാട് പ്രാധാന്യത്തോടെ മുന്നോട്ടു കൊണ്ടുപോവുക എന്നുള്ളത് അവരെ പരിഗണിക്കുന്നതിന് ഉദാഹരണം തന്നെയാണ്. മൊത്തത്തിൽ വികസനം എന്നു പറയുന്നത് മനുഷ്യപുരോഗതിക്ക് വേണ്ടിയുള്ളത് തന്നെയാണ്.

പ്രസക്തമായ മറ്റൊരു കാര്യം വിദ്യാർഥികൾ എന്നുപറയുമ്പോൾ എപ്പോഴും ഗവേഷണ ബുദ്ധിയോടെ യും പുതിയ ആശയങ്ങൾ തേടിയുള്ള യാത്രയിൽ ആയിരിക്കും. തികച്ചും വ്യത്യസ്തമായ അനുഭവങ്ങൾ വിദ്യാർത്ഥികളിൽ കിടയിൽ ഉണ്ടാവും. അതുകൊണ്ടാണ് സമൂഹത്തിലെ വികസനമെന്ന പ്രക്രിയയിൽ വിദ്യാർഥികൾക്കിടയിൽ ഇത്രയേറെ പ്രാധാന്യം വരുന്നത്. തീർച്ചയായും മൊത്തത്തിൽ എല്ലാ വിഭാഗത്തെയും പരിഗണിക്കുന്നതോടൊപ്പം മനുഷ്യന്റെ അടിസ്ഥാനപരമായ ആവശ്യങ്ങൾ നിറവേറ്റുവാൻ ഉം ഒരു വികസന പ്രക്രിയയ്ക്ക് സാധിക്കണം. അടിസ്ഥാനപരമായ കാര്യങ്ങൾ ഇല്ലായ്മ ചെയ്തുകൊണ്ട് മുന്നോട്ടുപോകുന്ന പ്രക്രിയ വികസനമെന്ന പേരിൽ വിളിക്കാൻ കഴിയുകയുമില്ല.

വിദ്യാർത്ഥികളും വികസന കാഴ്ച്ചപാടും എന്ന വിഷയം നല്ല രീതിയിൽ ചർച്ച ചെയ്യപെടട്ടെ.



# ജന-ഗണ-മന അഥവാ "സർവ്വ ജന മനസ്സിന്റെ...

MIRIL MAADHAV
S2 BSC CHEMISTRY

ദേശീയഗാനത്തിന്റെ ആദ്യവരിയുടെ അർത്ഥം തേടിപ്പോയാൽ നമ്മൾ എത്തിച്ചേരുക ഇന്ത്യയിലെ സർവ്വജന മനസ്സുകൾ എന്ന അതിവിശാലമായ, മഹത്തായ ഇന്ത്യൻ ദേശീയതയുടെ കാഴ്ച്ചപ്പാടിലേക്കാണ്.അതേ പേരിൽ മലയാളത്തിൽ 2022- ൽ പുറത്തിറങ്ങിയ ചിത്രത്തിന്റെ പ്രമേയവും പേരിന്റെ അർത്ഥം ഊട്ടിയുറപ്പിക്കുന്നുണ്ട്,പക്ഷേ അതിൽ ടാഗോർ വിഭാവനം ചെയ്ത അർത്ഥതലമല്ല,മറിച്ച് ആധുനിക രാഷ്ട്രീയ ചുതാട്ടങ്ങളിൽപ്പെട്ട് സത്യവും മിഥ്യയും വേർതിരിച്ച് കാണാൻ സാധിക്കാത്ത ഇന്ത്യയിലെ സർവ്വജനമനസ്സുകളുടെ നിസ്സഹായാവസ്ഥയെയാണ് വരച്ചു കാട്ടുന്നത്.

കർണാടകയിലെ രാമനഗര സെൻട്രൽ യൂണിവേഴ്സിറ്റിയിലെ പ്രൊഫസറായ സബ മറിയത്തിന്റെ ദുരൂഹമരണവും, സബയുടെ രാഷ്ട്രീയ അഭിപ്രായങ്ങളിൽ ഭിന്നത പ്രകടിപ്പിച്ചിരുന്ന കോളജ് അധികൃതരുടെ ഈ സംഭവത്തിൽ ഉള്ള അനാസ്ഥയും അതിനെ തുടർന്ന് ക്യാമ്പസിൽ സൃഷ്ടിക്കുന്ന പ്രക്ഷോഭങ്ങൾക്കും പോലീസ് ഇടപെടലുകളും പ്രേക്ഷകരിലേക്ക് തീവ്രമായി എത്തിക്കുന്നതിൽ തിരക്കഥയും സംവിധാനവും വിജയിച്ചു എന്നു തന്നെ പറയാം.അതോടൊപ്പം ഈ കാഴ്ചകൾ രാജ്യത്തെ പല യൂണിവേഴ്സിറ്റികളിലും പലപ്പോഴായി നടന്ന സംഭവങ്ങളുടെ നേർക്ക് പിടിച്ച കണ്ണാടി തന്നെയാണ്.

ആ പോലീസ് അതിക്രമങ്ങൾ ഒരു പുതിയ അന്വേഷണ സംഘത്തെ നിയമിക്കാൻ ഗവൺമെന്റിനെ നിർബന്ധിതരാക്കുന്നു.അതിനു നേതൃത്വം നൽകാൻ ചുമതലയേൽക്കുന്നത് അ ഇ ജ സജൻ കുമാർ എന്ന സുരാജ് അവതരിപ്പിക്കുന്ന കഥാപാത്രം എത്തിച്ചേരുന്നതോടെ മെല്ലെ കഥാഗതിയെയും വൈകാരിക രംഗങ്ങളെയും കേന്ദ്രീകരിച്ച് പോകുകയായിരുന്ന സിനിമ അല്പം ചടുലത കൈവരിക്കുന്നു.ഒരു ത്രില്ലർ സ്വഭാവം ആദ്യ പകുതിയുടെ പകുതി മുതൽ ഇത് സമ്മാനിക്കുന്നുമുണ്ട്. എന്നാൽ അധികം വൈകാതെ തന്നെ സബയെ പീഡിപ്പിച്ച് ചുട്ടെരിച്ച പ്രതികളെ പിടികൂടുകയും അവരെ പഴുതടച്ച് തടവിലാക്കാനുള്ള സജൻ കുമാറിന്റെ ശ്രമങ്ങളെ തടയാൻ മേലുദ്യോഗസ്ഥരിൽ നിന്നും ഭരണ കേന്ദ്രങ്ങളിൽ നിന്നുമുള്ള ഇടപെടലുകൾ സജൻ കുമാറിനെ അവരെ ഒരു കെട്ടിച്ചമച്ച ഷൂട്ടൗട്ടിൽ കൊല്ലാൻ നിർബന്ധിതരാക്കുന്നു. ഇതിനു സമാനമായി അടുത്തിടെ ഹൈദരാബാദിൽ നടന്ന സംഭവം പോലെ ആദ്യം സൂചിപ്പിച്ച 'സർവ്വജനമനസ്സിൽ' സജൻ കുമാറിന് വീരനായക പരിവേഷം ലഭിക്കുന്നു. ആ സർവ്വജന ഗണത്തിലെ പ്രേക്ഷകർ അവരുടെ വീരനായകന് കൈയ്യടിക്കുന്നു. എന്നാൽ അതിന്റെ നിയമനടപടികൾ നേരിടാൻ സജൻ കുമാർ കോടതി വിചാരണ നേരിടാനായി പോകുന്നിടത്ത് ചിത്രത്തിന്റെ ആദ്യപകുതി അവസാനിക്കുന്നു.ഇതിനിടയിൽ തന്റെ മകനു പറ്റിയ അപകടവും അതിന് കാരണക്കാർ ആരെന്നുമുള്ള വ്യാകുലതകളും അതിന്റെ ഏറ്റവും മികച്ച തലത്തിൽ പ്രേക്ഷകരോട് സംവദിക്കാൻ സുരാജ് എന്ന നടന്റെ പ്രകടനത്തിന് സാധിക്കുന്നു. സിനിമയുടെ ടൈറ്റിൽ സമയത്ത് കാണിക്കുന്ന നീതി നിഷേധിക്കപ്പെട്ട് ജയിലിൽ പോകുന്ന അരവിന്ദ് എന്ന പൃഥിരാജ് കഥാപാത്രത്തിന്റെ അഭിഭാഷകൻ ആയുള്ള സെക്കന്റ് ഇൻട്രോയിലൂടെ രണ്ടാം പകുതിയിലേക്കുള്ള ആകാംക്ഷ വർധിപ്പിക്കാൻ സംവിധായകന് സാധിക്കുന്നുണ്ട്.



രണ്ടാം പകുതി ഒരു കോർട്ട് റൂം ഡ്രാമ ആയി മാറുമ്പോൾ തീ പാറുന്ന സംഭാഷണങ്ങളും ആയി തിരക്കഥ മറ്റൊരു രൂപം പ്രാപിക്കുന്നു.സജൻ കുമാറിന് വേണ്ടി വാദിക്കുന്നത് ഷമ്മി തിലകൻ അവതരിപ്പിക്കുന്ന അഡ്വ.രഘുറാം അയ്യർ എന്ന സീനിയർ അഭിഭാഷകൻ ആണ്. എതിർഭാഗമായ അരവിന്ദും അയ്യരും തമ്മിലുള്ള വാശിയേറിയ വാദപ്രതിവാദങ്ങളിൽ പ്രേക്ഷകന് കുറയേറെ മാസ്മരിക നിമിഷങ്ങൾ സമ്മാനിക്കുന്നു.കോടതി പോലും അപരവൽകരിച്ച് കാണുന്ന അവരെ കണ്ടാൽ അറിയില്ലേ അവർ കുറ്റവാളികളാണെന്ന് എന്നുള്ള ഇന്ന് ഭൂരിപക്ഷത്തിന്റെ ഉള്ളിലും ഉള്ള ഭീകരമായ പൊതുബോധത്തെ തുറന്ന് കാണിക്കുന്നുണ്ട്.ഇത്തരത്തിൽ ഉള്ള നിരവധി സംഭാഷണങ്ങളിൽ പലതും പ്രേക്ഷകന് കൈയ്യടിച്ച് കാണാൻ ഉള്ളതും ഇതൊക്കെ നമ്മളും ചോദിക്കേണ്ട ചോദ്യങ്ങൾ അല്ലേ എന്നുമുള്ള ബോധ്യം പ്രേക്ഷകരിൽ സൃഷ്ടിക്കുന്നതും പടത്തിന്റെ ആസ്വാദ്യത കൂട്ടിയിട്ടുണ്ട് എന്ന് വേണം പറയാൻ.എന്നാലും കോടതിയിലെ സീനുകൾ സിനിമയെ ഗൗരവമായി നിരീക്ഷിക്കുന്നവർക്ക് തമാശയാ



യും ബാലിശമായും തോന്നിയാൽ കുറ്റം പറയാനാകില്ല. ജഡ്ജിയോട് അച്ചടക്കമര്യാദ ഇല്ലാതെ പെരുമാറുന്ന അഭിഭാഷകൻ എന്നത് തീർത്തും ആദ്യപകുതിയുടെ റിയലിസ്റ്റിക് ആയുള്ള അവതരണത്തിന് കോട്ടം വരുത്തുന്നു എന്ന് തന്നെ വേണം പറയാൻ.അവയൊക്കെ പ്രേക്ഷകന് കൈയ്യടിക്കാൻ തക്ക രീതിയിൽ അവതരിപ്പിക്കുന്ന സംവിധായകന്റെ മുൻ ചിത്രമായ ക്യൂനിലെ പോലുള്ള ചില രംഗങ്ങളുടെ ആവർത്തനങ്ങളും ചൂണ്ടിക്കാണിക്കേണ്ടതുണ്ട്.എന്നിരുന്നാലും സിനിമാറ്റിക് ലിബർട്ടി,ആസ്വാദ്യത എന്ന കാരണങ്ങൾ പരിഗണിക്കുമ്പോൾ സംവിധയകൻ ഇവയിൽ നിന്നും രക്ഷതേടുന്നു.ഒപ്പം തന്നെ ആദ്യ സിനിമയിൽ നിന്നും വളർന്നു ഒരു പാൻ ഇന്ത്യൻ ചിത്രത്തിന്റെ നിലവാരത്തിൽ ഈ ചിത്രത്തെ അവതരിപ്പിച്ചതിന് ഡിജോ ജോസ് ആന്റണി എന്ന യുവസംവിധായകൻ കൈയ്യടി അർഹിക്കുന്നുണ്ട്.

ക്ലൈമാക്സിനോട് അടുക്കുമ്പോൾ നേരത്തെ വീരപരിവേഷം ചൂടിയ സജൻ കുമാർ പ്രതിനായകനായി മാറുന്നു. സബയെ അതെ ക്യാമ്പസിലെ തന്നെ വിദ്യ എന്ന ദളിത് പെൺകുട്ടിയുടെ മരണത്തിന് കാരണക്കാരനായ പ്രൊഫസർ വൈദർശൻ എന്ന റിസർച്ച് ഇൻസ്ട്രക്ടർ ആണ് വാഹനാപകടത്തിൽ ഇല്ലാതാക്കുന്നത്. ജാതീയാധിക്ഷേപം നടത്തുകയും വിദ്യയുടെ ഗവേഷണം പൂർത്തിയാക്കാൻ അനുവദിക്കാതിരിക്കുകയും ചെയ്യുന്നതോടെ മനംനൊന്ത് വിദ്യ ആത്മഹത്യ ചെയ്യുന്നു.ഇതിലെ സത്യാവസ്ഥ പുറത്ത് കൊണ്ട് വരാൻ ശ്രമിക്കുകയാണ് സബ. എന്നാൽ കോളജ് അധികൃതർ പോലും ഈ വിഷയത്തിൽ ഇടപെടുന്നില്ല.ഇന്ന് പല ക്യാമ്പസുകളിലും നടക്കുന്ന സവർണ്ണവത്കരണവും ജാതീയാധിക്ഷേപങ്ങളും

വളരെ തന്മയത്വത്തോടെയും അതിന്റെ ഇരകളുടെ ജീവിതത്തിലെ പ്രശ്നങ്ങളും അതിന്റെ തീവ്രതയിൽ തന്നെ അവതരിപ്പിക്കുന്നു.

കോളജ് അധികൃതർ കൈവെടിയുന്നതോടെ നിയമനടപടിക്ക് ഒരുങ്ങുന്ന സബയെ തടയാൻ ആണ് വൈദർശൻ ഇങ്ങനെ ചെയ്യുന്നത് എങ്കിലും അതിൽ രാഷ്ട്രീയ മുതലെടുപ്പ് നടത്തുകയാണ് ഇലക്ഷനെ നേരിടാൻ ഒരുങ്ങുന്ന അഴിമതി ആരോപണങ്ങൾ
നേരിടുന്ന ആഭ്യന്തരമന്ത്രിയായ നാഗേശ്വര റാവു.രാമനഗരി മണ്ഡലത്തിലെ ജനങ്ങളുടെയും യുവാക്കളുടെയും തനിക്ക് നഷ്ടമായ 'പ്രീതി' വീണ്ടെടുക്കാൻ സബയുടെ കൊലപാതകം ഒരു പീഡനമായി ചിത്രീകരിക്കുന്നു.ഒപ്പം പ്രതികളെ പിടിക്കുന്നത് വരെ കൃത്യമായി എല്ലാം പ്ലാൻ ചെയ്യുന്ന സജൻ എന്ന നാഗേശ്വര റാവുവിന്റെ വിശ്വസ്തനായ അനുയായിയും ചേരുന്നതോടെ രാമനഗരി നല്ല രീതിയിൽ ആവിഷ്കരിക്കപ്പെട്ട ഒരു രാഷ്ട്രീയ നാടകത്തിന് വേദിയാകുന്നു.എന്നാൽ സജനെ പോലും ഞെട്ടിച്ച് ആ ക്രൂരനായ രാഷ്ട്രീയക്കാരൻ തെളിവുകൾ ഒന്നും തന്നെ ശേഷിക്കാതിരിക്കാൻ പ്രതികളായി പിടികൂടിയ ആ നാല് പേരെയും സജനെ കൊണ്ട് തന്നെ കൊല്ലിക്കുന്നു.ഒടുവിൽ സജൻ തനിക്കെതിരെ തിരിയാതിരിക്കാൻ അയാളുടെ മകനെ അപകടത്തിൽ പെടുത്തി ഭീഷണിയിലൂടെ അയാളുടെ വരുതിയിൽ നിർത്തുന്നു. എന്നാൽ സജൻ തന്റെ മകന്റെ അവസ്ഥയ്ക്കും താൻ ആണ് കാരണം എന്ന ചിന്തയിൽ എല്ലാ തെളിവുകളും സഹപ്രവർത്തകനായ മൂർത്തിയെ ഏൽപ്പിക്കുന്നു.മൂർത്തി ഈ തെളിവുകൾ തന്റെ പഴയ മേലുദ്യോഗസ്ഥനായ ഇപ്പോൾ ജയിൽ മോചിതനായി നാഗേശ്വര റാവുവിനോടുള്ള അടങ്ങാത്ത പകയും ആയി കാത്തിരിക്കുന്ന അരവിന്ദിനെ ഏൽപ്പിക്കുന്നു.അരവിന്ദ് അഭിഭാഷക കുപ്പായം അണിയുകയും സത്യം ലോകത്തെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നു.സജൻ ജയിലിലേക്ക് അയക്കപ്പെടുകയും നേരത്തെ അയാളെ പുകഴ്ത്തിയവർ കല്ലെറിയുകയും ചെയ്യുന്നു.നാഗേശ്വര റാവു എല്ലാ കുറ്റങ്ങളും സജന്റെ തലയിൽ വച്ചൊഴിഞ്ഞ് ഇലക്ഷനെ നേരിടാൻ തയാറാകുന്നു.ഇനി അരവിന്ദും നാഗേശ്വര റാവുവും തമ്മിലുള്ള പ്രശ്നങ്ങളുടെ തുടക്കവും ഒടുക്കവും ആകാം രണ്ടാം ഭാഗത്തിൽ ഉണ്ടാകുക എന്ന സൂചനയിൽ ഈ ഭാഗം അവസാനിക്കുന്നു.സാങ്കേതിക ഘടകങ്ങളിലേക്ക് നോക്കിയാൽ ഛായാഗ്രഹണം,സംഗീതം,എഡിറ്റിങ്ങ് എന്നിവയിലെല്ലാം തന്നെ ഈ ചിത്രം മികച്ചു നിൽക്കുന്നു.ചില സീനുകളുടെ ഒക്കെ വൈകാരികത പ്രേക്ഷകരിലേക്ക് കൂടുതൽ മികച്ചതായി എത്തിക്കാൻ പശ്ചാത്തലസംഗീതത്തിന് കഴിയുന്നുണ്ട്. പ്രകടനത്തിലേക്ക് നോക്കിയാൽ എല്ലാവരും അവരുടെ റോളുകൾ ഭംഗിയായി ചെയ്തിട്ടുണ്ട്.ആദ്യ പകുതി സുരാജിന്റെ സൂക്ഷ്മമായ അഭിനയവും രണ്ടാം പകുതിയിലെ പൃഥ്വിയുടെയും ഷമ്മി തിലകന്റെയും ചടുലമായ സംഭാഷണങ്ങളും അവരുടെ ശബ്ദ ക്രമീകരണങ്ങളും ശ്രദ്ധേയമാണ്.മംമ്ത അവതരിച്ച സബ,വിൻസിയുടെ ഗൗരി എന്ന കഥാപാത്രം ഒക്കെ എടുത്ത് പറയേണ്ടത് തന്നെയാണ്.

മാധ്യമങ്ങളെ വിലക്കെടുത്ത് ടാഗ് ലൈനുകളും ഹാഷ് ടാഗുകളും സമൂഹ മാധ്യമങ്ങളിൽ നിരത്തി സജനെ പോലെയുള്ളവരുൾപ്പെട്ട മലീമസമായ സിസ്റ്റത്തിന്റെ ഇരുണ്ട കൈകൾ കൊണ്ട് തങ്ങൾക്ക് വേണ്ട വാർത്തകൾ സൃഷ്ടിച്ച് ഭൂരിപക്ഷത്തിന്റെ കണ്ണിൽപൊടിയിട്ട് അവരെ കളിപ്പാവകളാക്കുന്ന ഭരണകൂടവാഴ്ചയുടെ പ്രതിഫലനം ആണ് ഈ സിനിമ.സിസ്റ്റത്തെ എതിർക്കാൻ ശ്രമിച്ച സജനും ഒടുവിൽ ഇതിന്റെ ബലിയാടാകുന്നു. ആർക്കും ഇതിൽ നിന്നും രക്ഷനേടാനാകില്ല എന്നു പറയുമ്പോഴും സബ കൊളുത്തിവിട്ട തീക്കനൽ അവരുടെ പ്രിയ അധ്യാപികക്ക് വേണ്ടി ആളികത്തിക്കുന്ന വിദ്യാർഥികൾ നാഗേശ്വരറാവുവിനെതിരെ മത്സരിക്കാൻ നോമിനേഷൻ കൊടുക്കുന്നതും ഒരു പ്രത്യാശയാണ്. എന്നാൽ ഒരു സീനിൽ അധ്യാപകനായി എത്തുന്ന സംവിധായകൻ കേരളത്തിലെ വിദ്യാർത്ഥി സംഘടനകളുടെ നട്ടെല്ലിന്റെ ബലത്തെ ചോദ്യം ചെയ്യുന്നത് ഈ പ്രത്യാശ കൂടിയത് കൊണ്ടല്ല,മറിച്ച് അറിവില്ലായ്മ കൊണ്ട് തന്നെയാകണം. തീർച്ചയായും ഇത് ഒരു പൊളിറ്റിക്കൽ സിനിമയാണ്,രാഷ്ട്രീയം സ്വീകരിക്കുന്നതിൽ അല്ല ഏത് പക്ഷം നിൽക്കണം എന്നതിന്റെ അനിവാര്യതയും കാണിക്കുന്നു. ഓംപ്രകാശ് എന്ന തീവ്രവലത്പക്ഷ അനുയായി തന്റെ സഹപ്രവർത്തകരായ ആ നാല് പേരെ തന്റെ നേതാക്കൾ തന്നെ കൊലക്ക് കൊടുക്കുന്നത് ചോദ്യം ചെയ്യുന്നതും ആ ശരിയുടെ പക്ഷം കാണിക്കുന്നു.അത്തരം എതിരൊലികളെ ഫാസിസ്റ്റ് നയങ്ങൾ കൊണ്ട് നേരിടുന്നതും കാണാം.'രാമനഗരം' എന്ന പേരിന് പോലും നൽകുന്ന വ്യാഖ്യാനം ആധുനിക ഇന്ത്യയെ,നമ്മുടെ രാഷ്ട്രീയ സാഹചര്യങ്ങളെ വരച്ചു കാട്ടുന്നു.തൊട്ടാൽ പൊള്ളുന്ന ഒട്ടനവധി വിഷയങ്ങൾ ഉൾക്കൊള്ളിച്ച ഈ ചിത്രം ഒരുപാട് അഭിനന്ദനങ്ങൾ അർഹിക്കുന്നു.
ഇത്തരം ഒട്ടനവധി വിഷയങ്ങൾക്ക് ഇടയിലും പടത്തിന്റെ പ്രധാന പ്രമേയം ഒറ്റവാക്കിൽ പറഞ്ഞാൽ,സിനിമയുടെ തുടക്കത്തിൽ ഉള്ള മമ്മൂട്ടിയുടെ വിവരണത്തിലെ അവസാന വാചകം ആണ് -'ഏത് കോട്ടയിൽ അടച്ചാലും എത്ര ഇരുട്ട് കൊണ്ട് മൂടിയാലും സത്യം, അത് ജയിക്കുക തന്നെ ചെയ്യും'- 'സത്യമേവ ജയതേ'

# The Place of English in India

ASWATHY R
S4 BCOM CA

English is a foreign language; no doubt India has eighteen recognised languages and thousand five hundred mother tongues. So there has been never a common language intelligible to masses all over the country. In very early times, Sanskrit remained a common literary medium but was considered as the language of elite. Under the British rule English evolved into a common language but again was restricted to the learned. Following independence, the ConstituentAssembly arrived at a decision to have Hindi as a national language and English was recognised as the authoritative legislative and judiciary language. Initially, the constitution put forth the idea that English would remainthe official language for a period of fifteen years and not further. On the expiry of this period in 1965, it was accepted that English was to be continued as an additional official language for an indefinite period as Hindi has not practically replaced English.

English is adopted as a language of education, literature and as a medium of communication. As on date we have many world-famous writers and English has a very firm status in India.

# His Back Up!!

ARYA KRISHNAB
S2 B COM FINANCE

Time it teach me to be happy alone
I started enjoying my own melancholy
Discovered a new word of mine
A world where no on matters
He came to me very unexpectedly
I never let the him in my life
But he made his pace with his stands
He made me hope
Even though I did not want it to happens
I failed my glorious word accepted him
Our magic of darkness light up
cracking our bond by making me feel
he is would be in my siole
But something happened between us
Our vibe broke his top communication
Maybe I became the boring one
Removed own letting my eyes
Stuck on search in him
Some and opened message which feels
hopeful is we hard at the end
I became back up

# Memories!

VeenaSajith
*II MA English*

Ambling through the corridors of life
Piled up with books
Of my monsoon memories…
I opened that tome of old
Imbued in happiness
Coloured in amity
Drenched in tears…
The pages that are scarred
By your presence…

You, who, came into my barrenness,
With your twinkled eyes
Hold me tight,
When I broke out.
Laughed with me,
When I cracked out…
Instilled in me
The essence of enjoyment.



You, who, changed me
With grin of your innocence.
Loved me
With a heart of trust
And…
Pushed me to this barrenness again
Vanishing to the world of fatality.
Sensual world of pit
In your absence suffocates me…

This tomb of yours
Filled with blue iris
Drenched in drizzles of monsoon…
Drenched in tears of memories…
Awaiting your smile…
Knowing you are far beyond the reach.

# Empty Hearts



AISWARYA B S
S4 BA ENGLISH

It was an evening. I was waiting for my bus to college for the past 30 minutes. I cursed my decision to be too excited to graduate from a college which is too far from my house. I was so bored of waiting too long. Suddenly my eyes caught a middle-aged man who was struggling to cross to the other side of the road. From his appearance I understood that he was not doing well. None of them in his side cared to help him. I wanted to help him, I really do but the problem, I myself was afraid of road crossing, yes, I lacked the skill of road crossing. To help a man who was facing the same problem would be a joke. I made up my mind to cross the road towards him. As I was crossing, I caught angry glares from two drivers and to be honest, I was so proud of myself thinking "I am improving". I crossed the road and asked him if he want any help from me. He told me, he was so confused to find the correct bus stop and was facing difficulties to cross too. At that moment,I noticed him clearly and I was shocked to know that, he was actually blind.I was too stunned that nobody came forward to help a poor blind man to cross the road.I knew we lived in a cruel society but this is more than worse.I decided to help him by holding his hand and raised my other hand to stop the drivers from their urgent run. We were applauded by the music of horns, as the blind man was not as fast as me. At last we managed to cross the road. As he was beginning to start a conversation, the bus arrived.



The bus was full. I guess the conductor was a good-hearted person for the full ticket people but not for me as I was only willing to pay him my student ticket.He gave me a stare and pushed me to the side to make a way for him to pass and gratefully I landed on my two feet. The blind man was sitting in the seat near me. He asked for my bag as the bus was congested



and I was facing difficulties too.I gave him my bag. The boy sitting next to him may be of my age was busy playing games. After 10 minutes, the seat beside the blind man was free and I decided to sit near him. I asked him for my bag and he hesitated to give it to me.I told him I was the one who gave him the bag and he felt sorry and gave me back my bag.We chatted for sometime but it was an extended conversation. He asked me, my name, place, college, even my address. At that moment, I felt something wrong. I was not supposed to reveal myself to a stranger, right?! But anyway, I answered his every single question.

The bus arrived to its final stop and I was getting ready to leave from the bus. Suddenly the blind man asked me for a favour and I was willing to help him. He told me, he wanted to go to his bus stop which was, far away from my stop and have to purchase something from a shop too. At that instant, I only had one feeling 'fear'. I can't go with a stranger to a shop which I am not familiar of. I don't know what to do, and it was getting dark too. I told him some useless excuse which I don't remember and walked away from him. I don't have the will power to took back to that man,as I knew I was doing wrong. My hear told me to stop, but my brain didn't allow me to retreat my steps. At that moment, I knew I am not good-hearted person,but a selfish,arrogant one who has become the new member of this cruel world.

# നഷ്ടങ്ങൾ നമുക്ക് മാത്രം

SAFA SHERIEF
S2 BSC PHYSICS

ദേവൂ നീ ഒരുങ്ങിയില്ലേ, വീട്ടിന്റെ വാതിൽക്കൽ നിന്നുകൊണ്ട് സൈദു വിളിച്ചു ചോദിച്ചു, വരുവാ അച്ഛാ. അമ്മേ ഞാൻ പോവാണ്. അവൾ യാത്ര പറഞ്ഞിറങ്ങി. രണ്ടുപേരും സൂക്ഷിച്ചു പോയിട്ട് വരണം കേട്ടോ. നീ ഉള്ളതുകൊണ്ട് ഇത്ര ദൂരം ഒക്കെ അവളെ വിട്ടത്, കൊച്ചിനെ ഒന്ന് ശ്രദ്ധിച്ചോണേ,അമ്മ ഓർമിപ്പിച്ചു. ശരി അമ്മേ ഞങ്ങൾ പോയി വരാം. രണ്ടുപേരും ബസ്റ്റോപ്പിലേക്ക് നടന്നു.

ദേവികയും സെയ്ദും ചെറുപ്പം മുതലേ കൂട്ടുകാരാണ്. സയ്യിദിന്റെ കുടുംബം അങ്ങ് വടക്ക് നാട്ടിൽ നിന്നു വന്ന് ഇവിടെ താമസമാക്കിയത് മുതൽ, രണ്ട് കുടുംബങ്ങളും വളരെ സ്നേഹത്തിലാണ് കഴിയുന്നത്. ചെറുപ്പം മുതലേ ഇവർ രണ്ടുപേരും ഒരേ സ്കൂളിൽ ഒരേ ക്ലാസിൽ പഠിക്കുന്നവരാണ്.ഇപ്പോൾ പ്ലസ്ടുവിന് ഫുൾ എ പ്ലസ് ഒക്കെ വാങ്ങി രണ്ടുപേരും കുറച്ച് അകലെയുള്ള ഒരു നല്ല കോളേജിൽ തന്നെ അഡ്മിഷൻ നേടി.കോളേജിൽ ആദ്യ ദിവസമാണ്, അവർക്ക് സമയത്തിന് തന്നെ ബസ് കിട്ടി നേരത്തെ തന്നെ കോളേജിൽ എത്തി. ഇവിടെയല്ലേ നിന്റെ ക്ലാസ്, ഞാൻ പോകുവാണ്. പിന്നെ ഡാ നിന്റെ ക്ലാസ് എവിടെ അവൾ ചോദിച്ചു, ഇവിടെ തന്നെ ആയിരിക്കണം. പിന്നീട് ക്ലാസ് കഴിഞ്ഞ് വൈകിട്ട് ദാ ആ മരച്ചുവട്ടിൽ നിൽക്കണം. ഞാൻ അവിടെ വരാം. ആ ശരി ഞാൻ പോകുവാണ്.രണ്ടുപേരും ക്ലാസ്സുകളിലേക്ക് പോയി, ഇടവേളകളിൽ ഒക്കെ രണ്ടുപേരും ഒരുമിച്ചിരുന്ന് സംസാരിക്കും. ദേവിയുടെ ഏത് പ്രശ്നത്തിനും സൈദുമുണ്ടാകും. അങ്ങനെ ഏറ്റവും നല്ല കൂട്ടുകാരായി സഹോദരങ്ങളെപ്പോലെ അവർ മുന്നോട്ട് നീങ്ങി. അവർ തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടായിരുന്നത് രാഷ്ട്രീയത്തിൽ മാത്രമായിരുന്നു.എങ്കിലും അതൊന്നും അവരുടെ സൗഹൃദത്തെ ബാധിച്ചിട്ടുണ്ടായിരുന്നില്ല. അവർ വ്യത്യസ്ത പാർട്ടികളിൽ സജീവമായി തന്നെ പ്രവർത്തിച്ചു.

അങ്ങനെ കാലം മുന്നോട്ടു നീങ്ങി, പരിപാടികളും പഠനവും പരീക്ഷയും ഒക്കെയായി അവരുടെ കോളേജ് ജീവിതം ഇങ്ങനെ തീർന്നു കൊണ്ടിരിക്കുകയാണ്, ആ ഇടയ്ക്ക് ഒരു സംഭവം, സൈദിന്റെ പാർട്ടിയിലെ ഒരു പ്രവർത്തകൻ ദേവിയുടെ പാർട്ടിയിലെ ഒരു ഹിന്ദു പെൺകുട്ടിയുമായി സ്നേഹമായി അവർ ഒളിച്ചോടിപ്പോയി വിവാഹം കഴിച്ചു. അത്



രണ്ടു പാർട്ടികളും തമ്മിലുള്ള തർക്കത്തിന് കാരണമായി. പാർട്ടിയുടെ പ്രശ്നം പിന്നെ ജാതീയതിലേക്കും ഒക്കെ പോകാൻ തുടങ്ങി. നിങ്ങളുടെ പാർട്ടി ഉള്ളവർ ഞങ്ങളുടെ പെൺകുട്ടികളെ വളച്ചു മതം മാറ്റി നിങ്ങളുടെ പാർട്ടിയിൽ ചേർക്കുന്നു എന്നൊക്കെയായി. ഇത്തരത്തിലുള്ള ലൗവ് ജിഹാദ് അനുവദിക്കുകയില്ല ദേവിയുടെ പാർട്ടിക്കാർ ക്ലാസിലൊക്കെ ഭീഷണി മുഴക്കി. ഈ പ്രശ്നങ്ങളിലൊക്കെ ദേവികക്കും സൈദുവിനും
നല്ല വിഷമം ഉണ്ടായിരുന്നു, പക്ഷേ അവർക്കൊന്നും ചെയ്യാൻ കഴിഞ്ഞിരുന്നില്ല.

അങ്ങനെ ഒരു ദിവസം രണ്ടുപേരും കൂടി ഒരുമിച്ച് കോളേജിലേക്ക് കടന്നു വരികയായിരുന്നു, അപ്പോൾ ദേവിയുടെ പാർട്ടിയിലെ കുറെ പേർ വന്ന് സൈദിനെ വളഞ്ഞു എന്താ നിന്റെ പ്ലാൻ? ഞങ്ങളുടെ കൊച്ചിനെ വശീകരിച്ച് മതം മാറ്റാനോ? അവർ അവനെ ആക്രമിക്കാൻ തുടങ്ങി.

അങ്ങനെ ഒരു ദിവസം രണ്ടുപേരും കൂടി ഒരുമിച്ച് കോളേജിലേക്ക് കടന്നു വരികയായിരുന്നു, അപ്പോൾ ദേവിയുടെ പാർട്ടിയിലെ കുറെ പേർ വന്ന് സൈദിനെ വളഞ്ഞു എന്താ നിന്റെ പ്ലാൻ ഞങ്ങളുടെ കൊച്ചിനെ വശീകരിച്ച് മതം മാറ്റാനോ? അവർ അവനെ ആക്രമിക്കാൻ തുടങ്ങി. ക്യാമ്പസിലെ ഒളിച്ചോട്ടത്തിനു ശേഷം രണ്ട് ജാതിയുള്ള ആളുകളെ എവിടെ ഒരുമിച്ച് കണ്ടാലും ഇത്തരം പ്രശ്നങ്ങൾ അവിടെ ഉണ്ടാവാറുണ്ട് അക്രമം തടയാൻ ദേവി ശ്രമിച്ചെങ്കിലും അവളെ എല്ലാവരും പിടിച്ചുമാറ്റി. ഇതിനിടയിൽ സൈദിന്റെ പാർട്ടിക്കാരും വന്നു അവിടെ രാഷ്ട്രീയ അടിയായി കയ്യാങ്കളിയിലേക്ക് നീങ്ങി. പ്രശ്നത്തിനിടയിൽ സൈദ് കുത്തേറ്റു മരിച്ചു. അവരുടെ കോളേജും നാടും മുഴുവനും ദുഃഖത്തിലായി. മരണത്തിൽ രണ്ട് കുടുംബങ്ങളും വളരെയധികം ദുഃഖത്തിലായി. നാട്ടിലാകെ കുപ്രചാരണങ്ങൾ നടന്നു. രണ്ടു പാർട്ടികളും
ഇതേ ചൊല്ലി വീണ്ടും തർക്കങ്ങൾ ഉണ്ടായി. സെയ്ത് മരിച്ച് രണ്ടുദിവസം കഴിഞ്ഞപ്പോൾ സൈദിന്റെ പാർട്ടിക്കാർ ദേവിയുടെ വീട്ടിന് നേരെ കല്ലെറിഞ്ഞു ആക്രമിച്ചു. തടയാൻ ശ്രമിച്ച ദേവികയുടെ അച്ഛനെ ഇടിച്ചു. ഇടിയുടെ ആഘാതത്തിൽ നിലത്ത് വീണ ദേവിയുടെ അച്ഛൻ മരിച്ചു. ഇതുകൂടി ആയപ്പോൾ നാട്ടിൽ ആകെ ഒരു ഭയം നിഴലിച്ചു നാട്ടുകാർ ഒക്കെ ജാതിയുടെയും മറ്റും പേരിൽ രണ്ടായി തിരിഞ്ഞു. നാട്ടിലെ കുപ്രചാരണങ്ങൾ കാരണം രണ്ടു കുടുംബങ്ങളും തമ്മിൽ വിരോധമായി. കാലങ്ങൾ കടന്നുപോയി ഒന്ന് രണ്ട് മാസം കഴിഞ്ഞ് അവരുടെ വീടും കോളേജും സാധാരണ നിലക്കായി പക്ഷേ അവരുടെ കുടുംബങ്ങൾക്ക് അവിടെ ദുഃഖത്തിൽ നിന്നും മോചിതരാകാൻ കഴിഞ്ഞില്ല. ഒരു ദിവസം രാത്രി സൈദിന്റെ വാപ്പ ഒരു സ്വപ്നം കണ്ടു, സ്വപ്നത്തിൽ സെയ്ദ് പ്രത്യക്ഷപ്പെട്ടു കൊണ്ട് പറഞ്ഞു, വാപ്പ നിങ്ങള് എന്താലോചിരിക്കുകയാണ്! നോക്കൂ നാടും നാട്ടുകാരും ഒക്കെ പഴയ രീതിയിലായി. എനിക്കും ദേവിയുടെ അച്ഛനും ഇനിയൊരിക്കലും തിരിച്ചുവരാൻ കഴിയില്ല. ഞങ്ങളെ ഓർത്ത് ഇനി വിഷമിക്കരുത്. കൺമുന്നിൽ വച്ച് സ്വന്തം സുഹൃത്തും സ്വന്തം അച്ഛനും നഷ്ടപ്പെട്ട ഞെട്ടലിൽ നിന്ന് ദേവു ഇതുവരെ മോചിത ആയിട്ടുണ്ടാവില്ല. അവളെ നിങ്ങൾ തിരിച്ചുകൊണ്ടുവരണം.അവൾക്ക് ഒരുപാട് സ്വപ്നങ്ങൾ ഉണ്ട്, അത് നഷ്ടമാക്കരുത്. ഞങ്ങൾ രണ്ടുപേരെയും കൊന്ന കൊലയാളികൾ ഇപ്പോഴും നാട്ടിൽ വിലസി നടക്കുന്നുണ്ട് അവർക്ക് ശിക്ഷ കിട്ടാൻ വാപ്പ ശ്രമിക്കണം. എങ്കിലേ ഈ നാട്ടിലെ ഇത്തരത്തിലുള്ള കൊലപാതകങ്ങൾ ഒഴിവാകൂ. അന്ന് രാവിലെ തന്നെ സൈദിന്റെ വാപ്പയും ഉമ്മയും ദേവികയുടെ വീട്ടിൽ പോയി ദുഃഖത്തിൽ ആണ്ടിരുന്ന അവരെ ആശ്വസിപ്പിച്ചു. അവർ ദേവികയോട് പറഞ്ഞു മോളെ നീ ഞങ്ങളുടെ മോളാണ്. ഞങ്ങളുടെ മകൻ നഷ്ടപ്പെട്ടു, ഇനി നീ മാത്രമാണുള്ളത്.ദുഃഖിച്ചിരിക്കരുത് ഇനി അവർ എന്തായാലും തിരിച്ചു വരില്ല. നീ പഠിക്കണം വലിയ നിലയിൽ എത്തണം. നമ്മളുടെ കുടുംബത്തിന് സംഭവിച്ചത് മറ്റാർക്കും സംഭവിക്കാതിരിക്കാൻ വേണ്ടി പ്രവർത്തിക്കണം. അങ്ങനെ അവൾ വീണ്ടും നന്നായി പഠിച്ചു ഒരു പോലീസ് ഓഫീസറായി. രാഷ്ട്രീയ കൊലപാതികൾക്കൊക്കെ നല്ല ശിക്ഷ കൊടുക്കാനും, രാഷ്ട്രീയ കൊലപാതകങ്ങൾ കുറച്ചു കൊണ്ടുവരാനും അവൾ പ്രയത്നിക്കുന്നു.

# മുന്നേറാം മുന്നോട്ട്

ATHIRA S
S4 BA ENGLISH



**വ**നിതാ ശാക്തീകരണത്തെക്കുറിച്ചുള്ള ഈ ലേഖനത്തിൽ സ്ത്രീ ശാക്തീകരണത്തിന്റെ ആവശ്യകതയെക്കുറിച്ചും അത് നേടാനാകുന്ന വഴികളെക്കുറിച്ചുമാണ് ചർച്ച ചെയ്യുന്നത്. 21-ാം നൂറ്റാണ്ടിൽ സ്ത്രീകൾ എല്ലാ മേഖലകളിലും മുൻപന്തിയിലാണ്. സ്ത്രീ ശാക്തികരണത്തിന്റെ നേതൃത്വം നൽകിയ ലളിതംബിക അന്തർജനം, കമല സുരയ്യ, മദർ തെരേസ തുടങ്ങിയ നിരവധി സ്ത്രീ സാമൂഹ്യ പരിഷ്കർത്താക്കൾ വരും തലമുറയ്ക്ക് ഒരു മാതൃക ആണ്. ആദ്യകാലങ്ങളിൽ ഒരു വീട്ടിൽ മാത്രം ഒതുങ്ങികൂടുന്ന സ്ത്രീകൾ ആകേണ്ടിവരുന്ന ഒരു സമ്പ്രദായം ഇന്ത്യയിൽ നിലനിൽക്കുകയുണ്ടായി . ഈ 21 -ാം നൂറ്റാണ്ടിൽ പോലും പല സ്ഥാനങ്ങളിൽ സ്ത്രീകൾക്ക് അവരുടേതായ സ്വാതന്ത്ര്യം നിക്ഷേധിക്കപ്പെടുന്നു . നമ്മുടെ സമൂഹത്തിൽ പുരുഷൻമാരും സ്ത്രീകളും ഉൾപ്പെടുന്നു. മുൻ കാലങ്ങളിൽ പുരുഷന്മാർ ഒരു കുടുംബത്തിന്റെ പ്രധാന അംഗങ്ങളായി കണക്കാക്കപ്പെട്ടിരുന്നു. ഉപജീവനമാർഗം സമ്പാദിക്കാനുള്ള ഉത്തരവാദിത്തം അവർക്കായിരിന്നു, ഒപ്പം കുടുംബത്തിന്റെ തീരുമാനമെടുക്കുന്നവരും അവരായിരുന്നു . മറുവശത്ത് വീട്ടുജോലികൾ ചെയ്യുന്നതിനും കുട്ടികളെ വളർത്തുന്നതിനും സ്ത്രീകൾ ഉത്തരവാദികളായിരുന്നു. തിരുമാനങ്ങൾ എടുക്കുന്നതിൽ പോലും സ്ത്രീകളുടെ പങ്കാളിത്തം ഉണ്ടായിരുന്നില്ല. ഭട്ടതിരിപ്പാടിന്റെ 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് 'എന്ന നാടകം സ്ത്രിയുടെ സ്വപ്നത്തെ അടുക്കളയിൽ തളച്ചിടേണ്ടതല്ല എന്ന ആശയത്തെ വിലയിരിത്തുന്നതാണ്.

'ലളിതാംബിക അന്തർജനം', സാമൂഹിക പരിഷ്ണകർത്താവ് എന്ന നിലയിൽ തന്റെ നമ്പൂതിരി സമുദായത്തിൽ നടക്കുന്ന അനാചാരങ്ങളെ 'അഗ്നിസാക്ഷി'എന്ന ഒറ്റ നോവലിലൂടെ അവർ തുറന്നു കാട്ടുന്നു. ആ കാലഘട്ടത്തിൽ നിലനിന്നിരുന്ന പല അനാചാരങ്ങളും, അന്തവിശ്വാസങ്ങളും കാണേണ്ടിയും അനുഭവിക്കേണ്ടിയും വന്ന ഒരു സ്ത്രീയാണ് ലളി

താംബിക അന്തർജനം.
എല്ലാ സമുദായങ്ങളെയും സാക്ഷിയാക്കി മാധവിക്കുട്ടി എന്ന കമല സുരയ്യ തന്റെ നിലപാടുകളെ ലോകത്തിന്റെ മുൻപിൽ തുറന്നു കാട്ടി. ഇങ്ങനെ അനവധി സ്ത്രീകൾ സ്ത്രീശാക്തികരണത്തിനായി പോരാടിയിട്ടുണ്ട്. ആ കാലഘട്ടത്തിൽ സ്ത്രീശാക്തികരണത്തിന് മുന്നിട്ടിറങ്ങുന്ന സ്ത്രീകളെ അടിച്ചമർത്തുകയും ഒറ്റപ്പെടുത്തുകയും ചെയ്തു.
ഇന്ന് കാലവും കാഴ്ചപാടും മാറി. ഏത് വിവേചനവും കണക്കിലെടുക്കാവുന്ന എല്ലാ സ്ത്രീകൾക് തുല്യ അവസരമുണ്ട്. ഒരു കാലത്ത് പുരുഷ ആധിപത്യം ഉള്ള പല സ്ഥാനങ്ങളിലും, ഇന്ന് സ്ത്രീയുടെയും പുരുഷന്റെയും സാന്നിധ്യം ഒരുപോലെ തന്നെയുണ്ട്. നിരവധി ഉദാഹരണങ്ങളിൽ ഒന്നാണ് കേന്ദ്ര കേരള മന്ത്രിസഭയിലെ സ്ത്രീ സാന്നിധ്യം.മാരകമായ രണ്ട് വൈറസ് കേരളത്തിനെ പിടികൂടിയപ്പോൾ, ആളുകളിൽ ഭയം വരാതെ കരുത്ത് നൽകുകയും, അതിനെതിരെ പോരാടാനും ഷൈലജ ടീച്ചറിന്റെയും, വീണ ജോർജ്ജിന്റെയും നേതൃത്വത്തിലുള്ള കൂട്ടായ്മ സഹായിച്ചു. യു. എസ് വൈസ് പ്രസിഡന്റാവുന്ന ആദ്യ വനിതയാണ് കമല ഹാരിസ്. ഇന്ത്യൻ വംശജയായ കമല ഹാരിസ് യു. എസ് വൈസ് പ്രസിഡന്റ് സ്ഥാനത്തെത്തുന്നത് ചരിത്ര നേട്ടങ്ങൾ സ്വന്തമാക്കിയാണ്. വൈസ് പ്രസിഡന്റ് സ്ഥലത്തേക്ക് എത്തുന്ന വംശജനോ, വംശജയോ അല്ലാത്ത ആദ്യം വ്യക്തിയെന്ന നേട്ടത്തിലും കമല ഹാരിസ് ഉടമയായി.
പെൺകുട്ടികൾക്ക് സ്കൂൾ വിദ്യാഭ്യാസം നേടുന്നതിനെതിരെയുള്ള താലിബാന്റെ നിരോധനത്തിനോടുള്ള പ്രതിഷേധത്തിന്റെയും അതുമായി ബന്ധപ്പെട്ട സാമൂഹിക പ്രക്രിയതയുടെയും പേരിലാണ് മലാല അറിയപ്പെടുന്നത്. ഏറ്റവും പ്രായം കുറഞ്ഞ നൊബേൽ സമ്മാന ജേതാവുകൂടിയാണ് മലാല യൂസഫ്സായി. അവർ സ്ത്രീ വിദ്യാഭ്യാസത്തിനായി പ്രവർത്തിക്കുന്ന പാകിസ്ഥാൻ ആക്റ്റീവിസിറ്റും ഫെമിനിസ്റ്റുമാണ്.ഐക്യരാഷ്ട്ര സഭയുടെ ആഹ്വാനാ പ്രകാരം 2012 നവംബർ 10 അന്താരാഷ്ട്ര മാലാല ദിനമായി ആചാരിക്കുന്നു.

പെൺശിശുഹത്യ ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും ഇപ്പോഴും നടന്നു വരുന്നു. ഇന്ത്യയിൽ ഓരോ മിനിറ്റിലും ഒരു പെൺ ഭ്രൂണഹത്യ നടക്കുന്നതായി റിപ്പോർട്ട് ചെയപ്പെട്ടിരിക്കുന്നു. പെൺ ഭ്രൂണഹത്യ ഉൾപ്പെടെ സ്ത്രികൾക്കെതിരെ ഏറ്റവും കൂടുതൽ ആക്രമം നടക്കുന്ന രാജ്യങ്ങളിൽ ഇന്ത്യയ്ക്ക് നാലാം സ്ഥാനമാണ്.
"You Educate a Man; You Educate a Man. You Educate a Women; You Educate a Generation.
(Brigham Young)
ഇപ്പോൾ സ്ത്രീകൾ എല്ലാ മേഖലകളിലും മുൻപന്തിയിലാണ്. സ്ത്രീകൾ ഇപ്പോൾ സാമൂഹ്യ മാധ്യമങ്ങളിൽ പോലും സജീവമായി നിലനിൽക്കുന്നു. ഇന്ത്യയിലെ ആദ്യത്തെ വനിത ഫോട്ടോ ജേണലിസ്റ്റ് ആയിരുന്നു ഹൊമൈ മ്യാരമല്ല. അവരുടെ മിക്ക ഫോട്ടോഗ്രാഫുകളും ഡാൽഡ 13 എന്ന ഓമന പേരിലായിരുന്നു പ്രസിദ്ധീകരിച്ചത്. അക്കാലത്ത് സ്ത്രീകൾ മാധ്യമ രംഗത്ത് അപൂർണ്ണരായി കണക്കാക്കപ്പെട്ടിരുന്നു.എന്നാൽ ഈ കാലഘട്ടത്തിൽ സ്ത്രീകൾ പുരുഷന്മാരോടൊപ്പം മാധ്യമ രംഗത്ത് വിജയം കൈവരിക്കുന്നു.
ഒരു വ്യവസ്ഥ എന്ന നിലയിൽ നമ്മുടെ രാജ്യത്ത് സ്ത്രീ ശക്തീകരണം വളരെ അനിവാര്യമായ വികസനം ആണെന്ന് നമുക്ക്

എല്ലാ സമുദായങ്ങളെയും
സാക്ഷിയാക്കി മാധവിക്കുട്ടി എന്ന
കമല സുരയ്യ തന്റെ
നിലപാടുകളെ ലോകത്തിന്റെ
മുൻപിൽ തുറന്നു കാട്ടി. ഇങ്ങനെ
അനവധി സ്ത്രീകൾ സ്ത്രീശാക്തി
കരണത്തിനായി പോരാടിയിട്ടുണ്ട്.
ആ കാലഘട്ടത്തിൽ സ്ത്രീശാക്തിക
രണത്തിന് മുന്നിട്ടിറങ്ങുന്ന
സ്ത്രീകളെ അടിച്ചമർത്തുകയും
ഒറ്റപ്പെടുത്തുകയും ചെയ്തു.

പറയാൻ കഴിയും. കാരണം നമ്മുടെ സ്വന്തം മാതൃരാജ്യമായ ഇന്ത്യയിലെ സമീപകാല പ്രശ്നങ്ങളെല്ലാം ഉദാഹരണങ്ങളാണ്. സ്ത്രീധന കേസുകൾ വിവാഹ ബന്ധങ്ങൾ തുടങ്ങി നിരവധി പ്രശ്നങ്ങൾ സ്ത്രീകൾ അഭിമുഖീകരിക്കുന്നുണ്ട്. സ്ത്രീകൾക്ക് സ്വന്തം കാലിൽ നിൽക്കാൻ കഴിയണം. കാരണം, വിവാഹം സ്ത്രീകളുടെ ജീവിതത്തിന്റെ അവസാന ലക്ഷ്യമല്ല മറിച്ച് അതും വെറുമൊരു ഭാഗം മാത്രമാണ്. വിദ്യാഭ്യാസമാണ് സ്ത്രീകൾക്ക് ഏറ്റവും ആവശ്യമുള്ളത്. സ്ത്രീശാക്തികരണം എന്നാൽ സ്ത്രീകളുടെ മാത്രം ശാക്തികരണം എന്നല്ല അർത്ഥമാക്കുന്നത്, എന്നാൽ ഇതൊരു രാജ്യത്തിന്റെ മുഴുവൻ വികസനത്തെയും സൂചിപ്പിക്കുന്നു.




# നേട്ടങ്ങളിൽ നിന്നും നേട്ടങ്ങളിലേക്ക് ടികെഎം

NIRANJANA A S
BSC CHEMISTRY

NAAC A++ Accredition കരസ്ഥമാക്കിക്കൊണ്ട് കേരള സർവകലാശാലയിലെ ഏറ്റവും മികച്ച കലാലയമായി മാറി എന്ന നേട്ടത്തിന്റെ കൊടുമുടിയിൽ നില കൊള്ളുകയാണ് മഹാനായ ജനാബ് തങ്ങൾ കുഞ്ഞ് മുസ്ലിയാർ സ്ഥാപിച്ച പരിപാവനമായ ടി കെ എം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ്. 2021- 22 വർഷത്തെ ഓരോ പ്രവർത്തനവും ഈ നേട്ടത്തിലേക്കുള്ള ഓരോ പടവുകളായിരുന്നു.

സാമൂഹിക സേവനരംഗത്ത് ഈ കലാലയം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്. അതിൽ ശ്രദ്ധേയമാണ് പട്ടികജാതി വികസന പദ്ധതിയുടെ ഭാഗമായി കൂട് മത്സ്യകൃഷി ആരംഭിച്ചത്. കോളേജിലെ വിദ്യാർഥികൾ അംഗങ്ങളായ സൂ-അക്വാ എന്ന സ്വയം സഹായ സംഘത്തിന്റെ കീഴിൽ തുടങ്ങിയ പദ്ധതിയുടെ ആദ്യ കൂട് അഷ്ടമുടിക്കായലിലെ വെള്ളിമൺ ഭാഗത്ത് നിക്ഷേപിച്ചു.

കേരള സർവ്വകലാശാല നടപ്പിലാക്കുന്ന സ്റ്റുഡൻസ് പാലിയേറ്റീവ് ക്ലബ് യൂണിറ്റുകളിൽ മികച്ച യൂണിറ്റിനുള്ള പുരസ്കാരവും നമ്മു

ടെ കലാലയത്തെ തേടിയെത്തി. കോളേജിലെ മൃഗസംരക്ഷണ വകുപ്പ് സംഘടിപ്പിച്ച സ്റ്റാർട്ടപ്പ് പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തത് മന്ത്രി ജെ ചിഞ്ചുറാണിയാണ്. കോളേജ് നാഷണൽ സർവീസ് സ്കീമും കൊറ്റംകര കൃഷിഭവനും ചേർന്ന് പേരൂർ ഏലായിൽ നടത്തിയ കൊയ്ത്തുത്സവവും ജനശ്രദ്ധ ആകർഷിച്ചു. കൊല്ലത്ത് വെച്ച് നടന്ന കേരള സർവകലാശാല യുവജനോത്സവത്തിലും മികവ് കാട്ടി ടി കെ എം. നഗരത്തെ ഉത്സവലഹരിയിലാക്കിയ വിളംബര ജാഥയിൽ ഉൾപ്പെടെ ശ്രദ്ധേയമായ പ്രകടനം കാഴ്ചവച്ചു. ഒപ്പന ഉൾപ്പെടെയുള്ള മത്സര ഇനങ്ങൾക്ക് വേദിയായ കോളേജ് സമ്മാനങ്ങൾ വാരിക്കൂട്ടി.

ലോകവയോജന ചൂഷക വിരുദ്ധ ദിനാചരണത്തോടനുബന്ധിച്ച് എൻ എസ് എസ് യൂണിറ്റും സാമൂഹ്യനീതി വകുപ്പുമായി സംയോജിച്ച് വാഹന പ്രചരണ ജാഥ സംഘടിപ്പിച്ചു. വിദ്യാർത്ഥികൾ അവതരിപ്പിച്ച തെരുവുനാടകവും ഫ്ലാഷ് മോബും ശ്രദ്ധ നേടി. യോഗാദിനത്തോടനുബന്ധിച്ച് നടത്തിയ മെഗായോഗാഭ്യാസപ്രദർശനം ഉദ്ഘാടനം ചെയ്തത് കേന്ദ്ര സഹമന്ത്രി വി. മുരളിധരനായിരുന്നു.

ടി കെ എം ട്രസ്റ്റ് ചെയർമാൻ ഷഹാൽ ഹസ്സൻ മുസ്ലിയാരുടെ നവതി ആഘോഷം ഉദ്ഘാടനം ചെയ്തത് കേരളത്തിന്റെ ആദരണീയനായ മുഖ്യമന്ത്രി ശ്രീ പിണറായി വിജയനായിരുന്നു.തുടർന്ന് അദ്ദേഹത്തെ ആദരിക്കുകയും ചെയ്തു.

2022 സെപ്റ്റംബർ 9 നാണ് കേരള സർവകലാശാലയുടെ കീഴിൽ A++ നേടുന്ന ആദ്യത്തെ ആർട്സ് ആൻഡ് സയൻസ് കോളേജ് ആയി ടികെഎം മാറിയത്. മികച്ച അക്കാദമിക നിലവാരം, അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ,സാമൂഹ്യ സേവനം,അധ്യാപക വിദ്യാർത്ഥി അനുപാതം തുടങ്ങിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു അംഗീകാരം. സംസ്ഥാനത്തെ ഏറ്റവും ഉയർന്ന ഗ്രേഡ് നേടുന്ന രണ്ടാമത്തെ അഫിലിയേറ്റഡ് കോളേജ് കൂടിയാണ് ടി കെ എം. പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് പാർപ്പിടം, കോവിഡ് കാലത്ത് ഓൺലൈൻ പഠനോപകരണങ്ങളുടെ വിതരണം, നിർധനർക്ക് സ്വയം തൊഴിലിനാവശ്യമായ തയ്യൽ മിഷനുകളുടെ വിതരണം തുടങ്ങി ഒട്ടനവധി പ്രവർത്തനങ്ങളോടൊപ്പം ഗ്രീൻ ക്യാമ്പസായും നമ്മുടെ കലാലയം മാറിയിട്ടുണ്ട്.

1965ൽ പ്രവർത്തനം ആരംഭിച്ച് 2022 ൽ ഏറ്റവും മികച്ച കലാലയമായി ഈ കലാലയം തിളങ്ങി നിൽക്കുമ്പോൾ അതിനു പിന്നിൽ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കൂട്ടായ പ്രവർത്തനങ്ങളുടെ, അധ്വാനത്തിന്റെ കഥ കൂടിയുണ്ട്. ഓരോ വിജയവും ആ അധ്വാനത്തിന്റെ മാറ്റുകൂട്ടുന്നതാണ്.ഈ മികവ് തുടർന്നും നിലനിർത്തുന്നതിനുള്ള വലിയൊരു ഉത്തരവാദിത്തമാണ് ഈ കലാലയത്തിലെ പ്രഗൽഭരായ വിദ്യാർത്ഥികൾക്കുള്ളത്. തളരാൻ തയ്യാറല്ലാത്തിടത്തോളം കാലം ആർക്കും നമ്മളെ തളർത്താനാവില്ല.



# Shut Up! OR Will Shut It Up.

NiranjanaA.S.
*BSc Chemistry 3rd year*

*"We, THE PEOPLE OF INDIA, having solemnly resolved to constitute India into a SOVEREIGN SOCIALIST SECULAR DEMOCRATIC REPUBLIC and to secure to all its citizens:*
*JUSTICE, Social, Economic and Political;*
*LIBERTY of thought, expression, belief, faith and worship;*
*EQUALITY of status and of opportunity; and to promote among themall;*
*FRATERNITY assuring the dignity of the individual and the unity and integrity of the Nation.*

IN OUR CONSTITUENT ASSEMBLY this twenty-sixth day of November, 1949, do HEREBY ADOPT, ENACT AND GIVE TO OURSELVES THIS CONSTITUTION." The Guarantee given by our Constitution makers to each and every citizen of India. Is this guarantee still assured? Do citizens of India havethe right to liberty now? Do we have any voice in the law-making process? Do we have the freedom to criticise anyone? Questions are Simple – as always endless, but answer to all these is a big "No!

The Preamble of the Indian Constitution entitles the liberty of thought and expression to all its citizens. Preamble is the key to understand the mind of the law makers. When the term libertywas included in the Preamble, our Constitution makers meant the Supremacy of democracy. But now, our democracy is at stake with citizens having no right to express their minds.

Deriving inspiration from the Constitution of USA (i.e.; Bill of Rights) the framers of our Constitution framed Part II of the Constitution which is sightly described as the Magna Carta of India. It contains a very long and comprehensive list of Fundamental Rights, listed from



article 12 to 35. The Fundamental Rights are guaranteed and protected by the Constitution, which is the fundamental law of the land. They are meant for promoting the ideal of political democracy and hence prevent the establishment of an authoritarian and despotic rule in the country, the card that protect the liberties and freedoms of the people againstinvasion by the operatives of the State. In short, they aim at establishing a government of laws and not of men.

Originally, the Constitution provided Fundamental rights:

(1) Right to Equality (articles 14-18)

(2) Right to Freedom (articles 19-22)

(3) Right against Exploitation (articles 23-24)

(4) Right to Freedom of Religion (articles 25-28)

(5) Cultural and Educational rights (articles 29-30)

(6) Right to Property (article 31)

(7) Right to Constitutional Remedies (article 32)

Presently, controversies are freedom, specifically going on about the right to Article 19. Article 19 of the Constitution envisage the protection of six rights. It guarantees to all the same:

(1) Right to freedom of speech and expression

(2) Right to assemble peacefully and without arms.

(3) Right to form associations or unions or cooperative societies.

(4) Right to move freely throughout the territory of India.

(5) Right to reside and settle in any part of the territory of India.

(6)Right to practice any profession or to carry on any occupation, trade or business.

Article 19(1) i.e.; Freedom of Speech and Expression implies that every citizen has the right to express his views, opinions, beliefs and convictions freely by word of mouth, writing, painting, picturing or in anyother manner. The Supreme Court held that the freedom of speech and expression includes the following: -




(a) Right to propagate one's views as well as views of others
(b) Freedom of the press
(c) Right against tapping of telephonic conversation
(d) Freedom of commercial advertisements
(e) Right to telecast, that is, government has no monopoly on electronic media
(f) Right against bundh called by a political party or organisation
(g)Right to know about government activities
(h)Freedom of silence
(i) Right against imposition of pre-censorship on a newspaper
(j)Right to demonstration or picketing but not right to strike.

At the same time, the Constitution provides the State the



*Bureaucracy operating in the country is trying to shut the voices being raised against it with the ultimate weapon named "sedition". There are many recent instances where in the state and the legal system interfered into the citizen's liberty of speech and expression.*

right to impose reasonable restrictions on the exercise of freedom of speech and expression on the grounds of sovereignty, and integrity of India, security of the state, friendly relations with foreign states, public order, decency or morality, contempt of court, defamation of an offence.

When Constitution itself demarcates the freedoms and constraints related to the freedom of speech and expression, then what is the issue about? The State is entrusted with the duty of protecting the integrity of the Nation but it should not be carried out at the cost of the citizens. Bureaucracy operating in the country is trying to shut the voices being raised against it with the ultimate weapon named "sedition". There are many recent instances where in the state and the legal system interfered into the citizen's liberty of speech and expression. There was an instance where an Indian lawyer was charged with contempt of court for criticising a Supreme Court verdict through social media and was given a fine of Rs.1 as punishment. The Indian Government's decision to implement the Citizenship (Amendment) Act, 2019 (CAA) and the National Population Register (NPR) gained countrywide protests. The college students who were widely involved in the protests were arrested for raising their voice against Government. Another instance that attracted countrywide aggression was the Government's decision to implement three farm bills. The farmers protest in Delhi and across India gained worldwide attention. Media reporters and human rights activists who were supporters of the protest tried to showcase the suffering of our food providers to the world. For this great deed, the authorities awarded them with the charge under Unlawful Activities Prevention Act (UAPA). There was another incident in which a Film director was charged with sedition for raising voice for the protection of her home island. All these incidents indicate the bitter truth



*The higherupsare even trying to impose restrictions upon the freedom of expression of filmmakers by saying that their creative work is trying to taintsecularism in the Nation. These kind of actionsfrom the rulers is very disappointing as it is up to the filmmaker's creativity to decide how to present his work.*

to those who try to uphold the truth, those who try to support the disadvantaged, those who try to raise voice.

The bureaucratic minds are afraid of criticism and they try to defend it by misusing the right to impose reasonable restrictions on fundamental rights. Reasonable restrictions don't imply that the State being can completely restrict them. But the State is now trying to put restrictions upon the freedom of expression of citizens through all possible ways. They are imposing care restrictions upon cartoons, caricature and news that try to criticize the authorities, there are even government censorship upon news channels and online news platforms. The higherupsare even trying to impose restrictions upon the freedom of expression of filmmakers by saying that their creative work is trying to taintsecularism in the Nation. These kind of actionsfrom the rulers is very disappointing as it is up to the filmmaker's creativity to decide how to present his work. Religion, politics and power have no role to play here. Through this kind of repressive stands, the ruling authority is actually trying to overrule the fundamental validity of Constitutional articles.

